Reg. No. M. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവർ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 27 | 1129 മിഥുനം 16 ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്—എറണാകുളം 1954 ജൂൺ 30 | ലക്കം 43




ഭാരതശ്ലീഹായായ
മാർ തോമ്മാ

# കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ

(കെ. ററി. സെബാസ്റ്റ്യൻ എം. ഏ.)

(തുടർച്ച)

## പുതിയ പരിഗണനകൾ

നമ്മുടെ നാട്ടിൽ അഭ്യസ്തവിദ്യരുടെ സംഖ്യ അസൂയാർഹമാംവിധം വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്. ആളുകളുടെ സാമ്പത്തികമായ കഴിവും ഇന്നല്ലെങ്കിൽ നാളെ മെച്ചപ്പെടാതെ ഇരിക്കുകയില്ല. വിശപ്പടക്കുവാൻ ആഹാരമെന്നതുപോലെ ബുദ്ധിപരമായ ദാഹം ശമിക്കുവാൻ വേണ്ടിയും മാനസികമായ ഉല്ലാസത്തിനുവേണ്ടിയും പത്രമാസികകൾ അന്വേഷിച്ചുപോകുന്നവരുടെ സംഖ്യയും വർദ്ധിച്ചുതന്നെ വരുന്നതാണു്. ഘനമുള്ള ലേഖനങ്ങളും രസകരങ്ങളായ ചെറുകഥകളുമാണു് ഇന്നു പലരും ആവശ്യപ്പെടുന്നതു്. ശാസ്ത്രത്തിൻെറ പുരോഗതിയെക്കുറിച്ചും കലകൾ സാഹിത്യം എന്നിവയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ആധുനിക പ്രവണതകളെക്കുറിച്ചും അറിയാനുള്ള മനുഷ്യൻെറ താല്പര്യം വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കുന്നു. ഇവയെല്ലാം വേണ്ടത്ര പരിഗണനകൊടുത്തു പ്രസിദ്ധപ്പെടുത്തുന്ന മാസിക, അതു കത്തോലിക്കർ നടത്തുന്നതായാലും അകത്തോലിക്കർ നടത്തുന്നതായാലും ജനസാമാന്യം അതിനെ പ്രോത്സാഹിപ്പിക്കാതെ ഇരിക്കുന്നതല്ല.

ഇന്നു അമേരിക്കയിൽ ഏററവും പ്രചാരത്തിലിരിക്കുന്ന കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾക്കു് ഈ അടുത്തകാലത്തുണ്ടായ അത്ഭുതാവഹമായ പ്രചാരവർദ്ധനവിനു കാരണം പ്രസ്തുത പ്രസിദ്ധീകരണങ്ങൾ ഈ പരിഗണനകൾക്കു് പ്രാധാന്യം നൽകുന്നുവെന്നുള്ളതുതന്നെ. ഉദാ: Catholic Digest-ൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനങ്ങളിൽ ഒരു നല്ല പങ്കു് അകത്തോലിക്കാപ്രസിദ്ധീകരണങ്ങളിൽനിന്നു സ്വീകരിച്ചിട്ടുള്ളവയായിരിക്കും. അവർ ലേഖനത്തിൻെറ ഗുണമാണു് നോക്കുന്നതു്: ലേഖനകർത്താവിൻെറ വ്യക്തിമാഹാത്മ്യം അല്ല. നന്മ എവിടെക്കണ്ടാലും അതു് സ്വീകരിക്കാമെന്നുള്ള വി. പൗലോസിൻെറ പ്രബോധനമത്രേ (St. Paul to Philippians Chapt. IV) അവർ ഈ വിഷയത്തിൽ സ്വീകരിച്ചിരിക്കുന്നതു. വിഷയങ്ങളുടെ വൈവിധ്യംകൊണ്ടും അവയുടെ ആസ്വാദ്യതകൊണ്ടും അത്രേ പലരും പ്രസ്തുത മാസിക വായിക്കുന്നതിൽ താല്പര്യം കാണിക്കുന്നതു്. മതം, ശാസ്ത്രം, ദൈവശാസ്ത്രം, തത്വശാസ്ത്രം, വൈദ്യം, സിനിമ, നാടകം, സർക്കസ്, ടെലിവിഷൻ, ജീവചരിത്രം, യാത്രാവിവരണം, സാഹിത്യം, ഗാർഹികപ്രശ്നങ്ങൾ എല്ലാം ഉണ്ടു് അതിനകത്തു്. എല്ലാം ഒന്നാംതരം ലേഖനങ്ങൾ. അതുപോലെതന്നെ Sign എന്ന മാസികയിൽ പ്രസിദ്ധപ്പെടുത്തുന്ന ചെറുകഥകളിൽ പലതും പേരെടുത്ത കഥാകൃത്തുക്കളാൽ വിരചിതമായിരിക്കും. അതിൽ പ്രസിദ്ധപ്പെടുത്തുന്ന കഥാചിത്രങ്ങൾ മറേറതൊരു അമേരിക്കൻ മാസികയിൽ പ്രസിദ്ധപ്പെടുത്തുന്ന ചിത്രങ്ങളോടും കിടപിടിക്കുവാൻ പോരുന്നവയാണു്.

## അഭിപ്രായ സ്വാതന്ത്ര്യം ഒരു ഉദാഹരണം

ഇനിയും, വിഷയങ്ങൾ കൈകാര്യംചെയ്യുന്ന വിധത്തെക്കുറിച്ചുകൂടി രണ്ടുവാക്കു്. കത്തോലിക്കരുടെ ഇടയിൽ എല്ലാവിഷയങ്ങളെക്കുറിച്ചും അഭിപ്രായൈക്യം ഉണ്ടായിരിക്കുമെന്നു് ഒരു ധാരണ ചിലരുടെ ഇടയിൽ കടന്നുകൂടിയിട്ടുള്ളതുപോലെതോന്നുന്നു. മതത്തെയോ സന്മാർഗ്ഗത്തെയോ സംബന്ധിക്കുന്ന വിഷയങ്ങളിൽ കത്തോലിക്കരുടെ ഇടയിൽ അഭിപ്രായൈക്യം ഉണ്ടായിരിക്കുകയെന്നുള്ളതു് കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം സ്വാഭാവികം മാത്രമാണു്. എന്നാൽ മററുകാര്യങ്ങളിൽ സ്വതന്ത്രമായി ചിന്തിക്കുവാനും സ്വതന്ത്രമായി അഭിപ്രായം പറയുവാനും യാതൊരു കത്തോലിക്കനും വിഷമതകളുണ്ടായിരിക്കരുതു്. സാധാരണ പരിതസ്ഥിതികളിൽ വിഭിന്നങ്ങളായ അഭിപ്രായങ്ങളെ നിരുത്സാഹപ്പെടുത്തുന്നതും അവയെ സംശയദൃഷ്ട്യാ വീക്ഷിക്കുന്നതും നല്ലതല്ല. ആധുനികപരിതസ്ഥിതികളിൽ മതേതരവിഷയങ്ങൾ കൈകാര്യംചെയ്യുമ്പോൾ അവയെ അനാവശ്യമായി മതപരമായ പ്രശ്നങ്ങളുമായി കൂട്ടിക്കുഴയ്ക്കുന്നതു് ആത്മഹത്യാപരമായിരിക്കും. വിഷയത്തിൻെറ ഗൗരവം പരിഗണിച്ച് അമേരിക്കൻ കത്തോലിക്കാപത്രപ്രവർത്തനത്തിൽനിന്നും ഒരു ഉദാഹരണം പറയാം. ഇന്നു് അമേരിക്കയിൽ ഏററവും ഒച്ചപ്പാടുണ്ടാക്കിക്കൊണ്ടിരിക്കുന്നതും അമേരിക്കയുടെ ആഭ്യന്തരഭദ്രതയേയും കീർത്തിയേയും സാരമായി ക്ഷീണിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ ഒരു കീറാമുട്ടിയാണല്ലോ സെനററർ മക്കാർത്തിപ്രശ്നം. രാജ്യഭദ്രതയ്ക്കെതിരായി പ്രവർത്തിക്കുന്നുവെന്നു സംശയമുള്ളവരുടെ ചെയ്തികളെ സംബന്ധിച്ച് അന്വേഷിക്കുവാൻ നിയുക്തമായിട്ടുള്ള കമ്മിററിയുടെ അദ്ധ്യക്ഷനാണല്ലോ സെനററർ മക്കാർത്തി. അദ്ദേഹം ഒരു കത്തോലിക്കനാണു്. എന്നാൽ ആ കാരണംകൊണ്ടു് അമേരിക്കൻ കത്തോലിക്കരെല്ലാം മക്കാർത്തിയുടെ അഭിപ്രായങ്ങളേയും ചെയ്തികളേയും പിൻതാങ്ങണമെന്നു് ഒരുത്തരും വാദിക്കുന്നില്ല. മക്കാർത്തി കമ്മ്യൂണിസ്റ്റു് ശത്രുവാണു്; സഭയും കമ്മ്യൂണിസത്തിനെതിരാണു്. ആ കാരണംകൊണ്ടും എല്ലാവരും മക്കാർത്തിയെ പിൻതാങ്ങണമെന്നു് അവിടെയാരും ആവശ്യപ്പെടുന്നില്ല. നേരെമറിച്ച് മക്കാർത്തിയുടെ ചെയ്തികളെ നിശിതമായി വിമർശിച്ചുകൊണ്ടു് അമേരിക്കയിലെ പ്രമുഖകത്തോലിക്കാപ്രസിദ്ധീകരണങ്ങളായ Commonweal, America എന്നീ പത്രങ്ങൾമുഖപ്രസംഗങ്ങൾ എഴുതിയിരുന്നു. അതേസമയംതന്നെ പല കത്തോലിക്കാപ്രസിദ്ധീകരണങ്ങളും പ്രോട്ടസ്റ്റൻറുപ്രസിദ്ധീകരണങ്ങളും മക്കാർത്തിയുടെ നിലയെ സാധൂകരിച്ചുകൊണ്ടു് ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. വൈദികാദ്ധ്യക്ഷന്മാരാകട്ടെ ഈ പ്രശ്നത്തിൽ ഔദ്യോഗികനിലയിൽ യാതൊരുവിധത്തിലും ഇടപെടുന്നില്ല. മക്കാർത്തിയുടെ അന്വേഷണനടപടികൾ വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്നവയാണു്, അതു് അമേരിക്കൻ ജനതയുടെ മൗലികാവകാശങ്ങളിൽ കൈകടത്തുന്നു, എന്നിങ്ങനെ വളരെയധികം പരാതികൾ ഉണ്ടു്. കത്തോലിക്കാസഭയാകട്ടെ വ്യക്തിയുടെ മൗലികസ്വാതന്ത്ര്യങ്ങളെ ഭഞ്ജിക്കുന്ന യാതൊരു നടപടികൾക്കും കൂട്ടുനില്ക്കുന്നതല്ല.

ഒരു കത്തോലിക്കാ പ്രസിദ്ധീകരണം ആധുനികപരിതസ്ഥിതികളിൽ അഭിമുഖീകരിക്കേണ്ട പ്രശ്നങ്ങൾ നിരവധിയാണു്. അവയെ സസൂക്ഷ്മം കൈകാര്യം ചെയ്തില്ലെങ്കിൽ ഗുണത്തിനുപകരം ഉപദ്രവങ്ങൾ വരുത്തിവയ്ക്കുന്നതാണു്. ഇതിനു ഉദാഹരണംതേടി വെളിയിലെങ്ങും പോകേണ്ട ആവശ്യമില്ല. നമുക്കുതന്നെ പലതും അറിവുള്ളതാണു്.

## നമ്മുടെ പ്രസിദ്ധീകരണങ്ങൾ

നമ്മുടെകേരളത്തിലുള്ളകത്തോലിക്കാപ്രസിദ്ധീകരണങ്ങളിൽ ഭൂരിഭാഗവും വൈദികരാൽ നടത്തപ്പെടുന്നവയാണു്. ഇവയിൽസത്യദീപം, കുടുംബദീപം, കർമ്മലകുസുമം എന്നീ പ്രസിദ്ധീകരണങ്ങൾക്കു് അടുത്തകാലത്തു് കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും പ്രചാരത്തിലും വളരെയധികം പുരോഗതി ഉണ്ടായിട്ടുണ്ടു്. ഇവ മൂന്നും മതപരമായ പ്രസിദ്ധീകരണങ്ങളാണു്. എന്നാൽ ശാസ്ത്രം, സാഹിത്യം, കലകൾ, രാഷ്ട്രവിജ്ഞാനീയം തുടങ്ങിയ വിഷയങ്ങളെ പാണ്ഡിത്യോചിതമായി കൈകാര്യംചെയ്യുന്ന പ്രസിദ്ധീകരണങ്ങൾ നമുക്കു് യാതൊന്നും ഇല്ലാതെയാണു് ഇരിക്കുന്നതു്. ഇങ്ങനെയുള്ള വിഷയങ്ങളിൽ പ്രാവീണ്യം നേടിയിട്ടുള്ള വൈദികാവൈദികരായ ധാരാളംപേർ നമ്മുടെ ഇടയിൽത്തന്നെയുണ്ടു്. പക്ഷേ ഇങ്ങനെയുള്ളവർ പലരും തങ്ങൾക്കു ലഭിച്ചിട്ടുള്ള കഴിവുകളെ ആധുനികപരിതസ്ഥിതികൾക്കു് യോജിച്ചവിധത്തിൽ പൊതുഗുണത്തിനായി കൈകാര്യംചെയ്യുന്നില്ലായെന്നുള്ള വസ്തുത വ്യസനസമേതം സമ്മതിക്കേണ്ടിയിരിക്കുന്നു.

അടുത്തതായി നമ്മുടെ മതപരമായ പ്രസിദ്ധീകരണങ്ങളുടെ ഇന്നത്തെ നിലയെക്കുറിച്ചും അവയുടെ ഭാവിയെക്കുറിച്ചും അല്പമായി ചിന്തിക്കാം.

### സത്യദീപം

പ്രചാരംകൊണ്ടു് മലയാളത്തിലുള്ള വാരികകളുടെ കൂട്ടത്തിൽ ഏററവും മുന്നണിയിൽ നില്ക്കുന്ന ഒരു പ്രസിദ്ധീകരണമാകുന്നു സത്യദീപം. വേണ്ട പരിഷ്കാരങ്ങൾ വരുത്തിയാൽ സത്യദീപം മുമ്പു പറഞ്ഞ രീതിയിലുള്ള ഒരു പ്രസിദ്ധീകരണമാക്കിത്തീർക്കാമല്ലോ എന്നു് ന്യായമായിട്ടൊരു ചോദ്യം ഉണ്ടാകാവുന്നതാണു്. സത്യദീപത്തിൻെറ പത്രാധിപരും ഉടമസ്ഥരും കൂടെ ആലോചിച്ചു തീരുമാനിക്കേണ്ട ഒരു കാര്യമാണു് ഇതു്. ഏതു രീതിയിൽ നോക്കിയാലും ഇതു് ഒരു മതപരമായ പ്രസിദ്ധീകരണമാണു്. Our Sunday Visitor (U. S. A.) Examiner (India) മുതലായ പത്രങ്ങളോടാണു് സത്യദീപത്തിനു സാധർമ്മ്യം. നമുക്കു മതപരമായ ഒരു പ്രസിദ്ധീകരണം ആവശ്യമാണു്. ആ ആവശ്യം സത്യദീപം നിവൃത്തിക്കുന്നു. മതേതരവിഷയങ്ങൾക്കു് പ്രാധാന്യം നൽകുന്ന മാതൃഭൂമി തുടങ്ങിയ പ്രസിദ്ധീകരണങ്ങളുമായി ഇതിനു സാമ്യമില്ല. ആ രീതിയിലുള്ള ഒരു പ്രസിദ്ധീകരണമാക്കി ഇതിനെ മാററുകയാണെങ്കിൽ ആദ്യത്തെ ആവശ്യത്തിനു വേറെ പ്രസിദ്ധീകരണം തേടിപ്പോകേണ്ടിവരും.

പക്ഷേ ഒന്നു തീർച്ചയാണു്, ഇങ്ങനെയുള്ള ഒരു സമൂലപരിവർത്തനം വരുത്താതെതന്നെ സത്യദീപത്തിനു ജീവിച്ചുപോകാമെന്നും വികസിക്കാമെന്നും. തന്നെയല്ല, ഒരു മതപരമായ പ്രസിദ്ധീകരണമെന്നുള്ള രീതിയിൽത്തന്നെ സത്യദീപത്തിനു പല പരിഷ്കാരങ്ങൾ വരുത്താവുന്നതും കുറെക്കൂടെ മെച്ചമായ ഒരു പ്രസിദ്ധീകരണമായിത്തീരാവുന്നതുമാണു്. അതുപോലെതന്നെ ശാസ്ത്രം, സാഹിത്യം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ചും ഗാർഹികപ്രശ്നങ്ങളെക്കുറിച്ചും നല്ല രസകരമായ ലേഖനങ്ങൾ, ഹാസ്യലേഖനങ്ങൾ, ചെറുകഥകൾ തുടങ്ങിയവ ഇതിൽ പ്രസിദ്ധപ്പെടുത്തുകയാണെങ്കിൽ ജനതാമദ്ധ്യത്തിൽ ഇതിനു കൂടുതൽ സ്വാഗതം ലഭിക്കുന്നതാണു്. കത്തോലിക്കാ പ്രസിദ്ധീകരണങ്ങളിൽ എഴുതുകയാണെങ്കിൽ പ്രതിഫലം ലഭിക്കുകയില്ലെന്നുള്ളതാണല്ലോ സാധാരണ പതിവു്. ഇതു് ലേഖനങ്ങളുടെ താഴ്ന്ന സ്റ്റാൻഡേർഡിനു പലപ്പോഴും കാരണമായി ഭവിക്കുന്നു. പത്രത്തിൻെറ പ്രചാരം വർദ്ധിക്കുകയും സ്ഥിരമായി കുറേ പരസ്യങ്ങൾ ലഭിക്കുകയും ചെയ്യുകയാണെങ്കിൽ ഈ നിലയിലും കാര്യമായ വ്യത്യാസം ഉണ്ടാകാവുന്നതാണു്. സത്യദീപം ഈ വിഷയത്തിൽ മുൻകൈ എടുത്തു പ്രവർത്തിക്കുമെന്നു പ്രതീക്ഷിക്കുന്നു. വലിയ ഞെരുക്കം കൂടാതെ തന്നെ സത്യദീപത്തിനു 50,000 പ്രതിയെങ്കിലും വിററഴിക്കാവുന്നതാണു്. പക്ഷേ ഇതിനു ശരിയായ പിന്തുണവേണം. ഇതിനു സ്വീകരിക്കാവുന്ന മാർഗ്ഗങ്ങളെപ്പററി പിന്നീടു പ്രതിപാദിക്കുന്നതാണു്.

### കുടുംബദീപവും അമ്മമാസികയും

കുടുംബകാര്യങ്ങൾക്കു പ്രാധാന്യം നൽകി പ്രസിദ്ധപ്പെടുത്തുന്ന രണ്ടു നല്ല പ്രസിദ്ധീകരണങ്ങളാണു് "കുടുംബദീപ"വും "അമ്മ"മാസികയും. ക്രിസ്തീയ കുടുംബങ്ങളിലെല്ലാം അതിനു പ്രവേശനം നൽകേണ്ടതാണു്.

ഈ അടുത്ത കാലത്തു് വളരെയധികം പുരോഗമിച്ചിട്ടുള്ള മറെറാരു നല്ല പ്രസിദ്ധീകരണമാകുന്നു "കർമ്മലകുസുമം." കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും ഒന്നുപോലെ ഉന്നതമായ മാനദണ്ഡം പുലർത്തുന്ന കുസുമത്തിനു് ഇപ്പോൾതന്നെ ധാരാളം ആരാധകന്മാരുണ്ടു്. കുസുമത്തിനു് വികസിക്കുവാനുള്ള സാദ്ധ്യതകൾ ഇനിയുമുണ്ടു് പലതും.

ഇതു കൂടാതെ കേരളത്തിലുള്ള മിക്ക രൂപതകൾക്കും അതാതിൻെറ വകയായി പ്രത്യേകം പ്രസിദ്ധീകരണങ്ങളുണ്ടു്. ഇവയിൽ ചിലതു വളരെക്കൊല്ലത്തെ പഴക്കമുള്ളവയും നല്ല അന്തസ്സുള്ളവയുമായപ്രസിദ്ധീകരണങ്ങളാണു്, ഉദാ. വേദപ്രചാരമദ്ധ്യസ്ഥൻ, (ചങ്ങനാശേരി). മംഗലപ്പുഴ സെമ്മിനാരിയിൽനിന്നും പ്രതിമാസം വെളിയിൽ വന്നുകൊണ്ടിരിക്കുന്ന പ്രസിദ്ധീകരണങ്ങളും ഇവിടെ സ്മരണീയമാണു്.

സത്യദീപം ആഴ്ചപ്പതിപ്പിനു പുറമെ, മുകളിൽ പേരുപറഞ്ഞിട്ടുള്ള പ്രസിദ്ധീകരണങ്ങളിൽ രണ്ടോ മൂന്നോ എണ്ണംകൂടെ വരുത്തുകയാണെങ്കിൽത്തന്നെയും വരിസംഖ്യയിനത്തിൽ പ്രതിമാസം ഒരു രൂപയിൽ കൂടുതൽ കൊടുക്കേണ്ടതായിവരുകയില്ല. കുട്ടികളുടെ സ്വഭാവരൂപവല്ക്കരണത്തിലും മററും ഈ പ്രസിദ്ധീകരണങ്ങൾ കാര്യമായ ഒരു പങ്കു വഹിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ആ രീതിയിൽ നോക്കുന്നപക്ഷം നിവൃത്തിയുള്ള എല്ലാ കുടുംബങ്ങളുടേയും പ്രതിമാസബഡ്ജററിൽ ഈ ഒരു രൂപാകൂടി നിർബന്ധമായി ഉൾപ്പെടുത്തേണ്ടതാണു്.

### എല്ലാവർക്കും ചെയ്യാവുന്ന പ്രേഷിതവൃത്തി

കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ അഭിവൃദ്ധിക്കായി ചെയ്യുന്ന ഏതു പ്രവർത്തനവും അതിപ്രധാനമായ കത്തോലിക്കാപ്രവർത്തനമാണെന്നു് നാം മനസ്സിലാക്കേണ്ടതാണു്. കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾക്കുവേണ്ടി ഭാഗ്യസ്മരണാർഹനായ 11-ാം പീയൂസു് തിരുമേനി അവിടുത്തെ കുരിശും മാലയുംകൂടെ പണയം വയ്ക്കുവാൻ തയ്യാറാണെന്നു പറയുമായിരുന്നു. "സത്യത്തിൻെറ സ്വരം ബഹുജനങ്ങൾ അറിവാനുള്ള ഏററവും ഫലപ്രദമായ ഉപാധി" പ്രസിദ്ധീകരണങ്ങളാണെന്നു" 12-ാം പീയൂസു് തിരുമേനി പറയുന്നു. ഇതുകൊണ്ടത്രെ ചിലർ ഫലിതരൂപത്തിൽ പറയുന്നതു്, വി. പൗലോസു് ആധുനികകാലത്തു് ജീവിച്ചിരുന്നുവെങ്കിൽ അദ്ദേഹം ഒരു പത്രപ്രവർത്തകനാകുമായിരുന്നെന്നു്!

പ്രസിദ്ധീകരണപരമായ പ്രേഷിതവൃത്തിയിൽ ഏതു തുറയിലുള്ളവർക്കും സഹായിക്കാവുന്നതാണു്. പണ്ഡിതന്മാരായ ലേഖകന്മാർക്കു് അവരുടെ തൂലികാവിലാസംകൊണ്ടും വ്യവസായവാണിജ്യാദികളിൽ ഏർപ്പെട്ടിരിക്കുന്നവർ പരസ്യങ്ങൾ നൽകിയും പണക്കാർ ധനപരമായും കത്തോ



സെൻറ് തോമസ് മൗണ്ട് (ചിന്നമല)

കുന്നിൻെറ മുകളിൽ വി. തോമ്മാശ്ലീഹായെ കുന്തംകൊണ്ടു് കുത്തി മുറിപ്പെടുത്തിയ സ്ഥലത്തുള്ള ദൈവാലയത്തിൽ എത്തുന്നതിനു് കീഴ്ക്കാംതൂക്കായ 134 കല്പടവുകൾ കയറി വളഞ്ഞുതിരിഞ്ഞു പോകണം. കുന്നിൻ മുകളിൽ വൃക്ഷങ്ങളുടെ മദ്ധ്യേ കാണുന്നതാണു് ദൈവാലയം.

# കേരളത്തിലെ പ്രഥമ ദേവാലയങ്ങൾ

## അഥവാ

# മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച സപ്തദേവാലയങ്ങൾ

(റവ. കെ. വർക്കി, ചേർത്തല)

എ. ഡി. 1-ാം ശതകമദ്ധ്യത്തിൽ സുപ്രസിദ്ധനായിരുന്ന ഗുണ്ടഫർ എന്ന ഭാരതീയ ഹൈന്ദവ രാജാവിനു് ഒരിക്കൽ അനുഗൃഹീതമായ ഒരു സ്വപ്നദർശനമുണ്ടായി. 12-ാമത്തെ വ്യാഘ്റസേനൻ എന്നുകൂടി അപരാഭിധാനമുള്ള ഈ രാജാവു് ക്രൈസ്തവം 44 മുതൽ 64 വരെ ജീവിച്ചിരുന്നുവെന്നും ഇദ്ദേഹം ഒരു ക്രിസ്ത്യാനിയായിത്തീർന്നുവെന്നും സർവ്വസമ്മതമാണു്. അദ്ദേഹത്തിനു സ്വപ്നദർശനമുണ്ടായ സ്വർഗ്ഗീയമായ ഒരു മണിമേട—മഹാമന്ദിര—നിർമ്മിതിക്കായി ഒരു നല്ല ശില്പവിദഗ്ദ്ധനെ ഭാരതത്തിലെങ്ങും അദ്ദേഹത്തിനു ലബ്ധമായില്ല. ഹബ്ബാൻ എന്ന വർത്തകപ്രമാണി വിദേശത്തുനിന്നും നല്ലൊരു ശില്പവിദഗ്ദ്ധനെ രാജാവിനു കൊണ്ടുവന്നുകൊടുക്കാമെന്നു സമ്മതിക്കയും രാജദൂതനായ ഹബ്ബാൻ പാലസ്റ്റൈനിൽവച്ചു് മാർത്തോമ്മാശ്ലീഹായുമായി കണ്ടുമുട്ടി, രാജാവിന്റെ കൊട്ടാരനിർമ്മാണഭാരം ശ്ലീഹാ ഏല്ക്കുകയുംചെയ്തു. അങ്ങനെ ശ്രീയേശുക്രിസ്തുവിന്റെ അരുമശിഷ്യൻതോമസ് അപ്പോസ്തലൻ, ഒരു കപ്പൽമാർഗ്ഗം ഭാരതത്തിൽ അക്കാലത്തെ ഒരു പേരുകേട്ട തുറമുഖപട്ടണവും കേരളരാജധാനിയും ആയിരുന്ന കൊടുങ്ങല്ലൂരിൽ എ. ഡി. 52-ൽ ഹബ്ബാനോടൊരുമിച്ചു വന്നുചേരുകയുണ്ടായി.

ഗുണ്ടഫർ രാജാവിനു കൊട്ടാരനിർമ്മാണഭാരവാഹിത്വമേറു ഭാരതത്തിലേക്കു പുറപ്പെട്ട സെൻറ് തോമസിനു് അതേക്കാളും ചുമതലയേറിയ ചില ഭാരവാഹിത്വങ്ങളും ദൗത്യങ്ങളും അതേക്കാളും കാര്യമായി ഈ ഭാരതഭൂമിയിൽത്തന്നെ നിർവ്വഹിക്കുവാനുണ്ടായിരുന്നു. സ്വഗുരുവരന്റെ ദിവ്യസന്ദേശം ഭാരതത്തിലും വിശിഷ്യ നമ്മുടെ മാതൃഭൂമിയായ കേരളത്തിലും പ്രചരിപ്പിക്കുകയായിരുന്നു, ആ പ്രഥമകൃത്യം. ഒരു ഹൈന്ദവ സാമ്രാജ്യമായിരുന്ന ഭാരതത്തിൽ ബുദ്ധമതവും അക്കാലത്തു പ്രചരിച്ചുതുടങ്ങുകയും അശോകചക്രവർത്തിയുടെ കാലശേഷം അദ്ദേഹത്തിന്റെ പുത്രന്മാരും മററു ബുദ്ധമതപ്രചാരകരും ആ സരണിയിൽ തുടർന്നു പരിശ്രമിക്കുകയും കേരളരാജ്യത്തിലും ബുദ്ധമതപ്രകാശം തട്ടിത്തുടങ്ങുകയും ചെയ്തിരുന്ന ഒരു സന്ധിയിലായിരുന്നു, ഏകദൈവസ്ഥാപിതമായ ക്രിസ്തുമതത്തിന്റെ കൈത്തിരിയും കൈയിലേന്തികൊണ്ടു് വിശുദ്ധ തോമസ് കൊടുങ്ങല്ലൂരിലെത്തിയതു്. കിട്ടിയ സമയസന്ദർഭങ്ങൾ ഒട്ടും പാഴിലാക്കാതെ ആ വിശ്വദീപപ്രഭ പരത്തുവാൻ വിശുദ്ധ ശ്ലീഹാ കേരളത്തിലും അശ്രാന്തപരിശ്രമം നടത്തുകയും ബ്രാഹ്മണാധിപത്യകേന്ദ്രങ്ങളായ പല ഗ്രാമസങ്കേതങ്ങളിലും അദ്ദേഹം സഞ്ചരിക്കയും ചെയ്തു.

മുപ്പത്തുമുക്കോടി ദേവന്മാരിലും പല ഈശ്വരീമഹേശ്വരന്മാരിലും വിശ്വസിച്ചു ബിംബാരാധന നടത്തിവന്നിരുന്ന കേരളത്തിലെ ബ്രാഹ്മണമഹാഗ്രാമങ്ങളിലെത്തിക്കൊണ്ടുള്ള ക്രിസ്തുശിഷ്യനായ മാർത്തോമ്മാശ്ലീഹായുടെ ഏകദൈവസത്യമതപ്രസംഗവും, താൻ യഥാർത്ഥദൈവത്തിന്റെ പ്രതിപുരുഷനാണെന്നു പണ്ഡിതാഗ്രേസരരായ ആ ബ്രാഹ്മണസഞ്ചയത്തിനു ബോദ്ധ്യമാകുമാറു് വിശുദ്ധ ശ്ലീഹാചെയ്ത നിരവധി അത്ഭുതപ്രവർത്തനങ്ങളും, മിഥ്യയായ അക്കാലത്തെ ആചാരാനുഷ്ഠാനങ്ങളും അവരുടെ കണ്ണു തുറപ്പിക്കുകതന്നെ ചെയ്തു. ആ മഹാബ്രാഹ്മണരാകട്ടെ, ഗ്രാമമടക്കം തന്നെ പല സ്ഥലത്തും ക്രിസ്തുവിന്റെ അനുയായികളായി അപ്പോസ്തലനിൽനിന്നു നേരിട്ടു ജ്ഞാനസ്നാനം സ്വീകരിക്കുകയും ക്രിസ്ത്യാനികളായിത്തീരുകയുംചെയ്തു. അക്കാലത്തു മദ്ധ്യകേരളത്തിലെ അതിപ്രസിദ്ധ ശിവക്ഷേത്രമായിരുന്ന പാലയൂർ (ചാവക്കാട്ട്) കോട്ടക്കാവു് (വടക്കൻ പറവൂർ) മുതലായ സ്ഥലങ്ങളിലെ മഹാക്ഷേത്രങ്ങൾതന്നെ ക്രൈസ്തവദേവാലയങ്ങളായി അപ്പോസ്തലൻ പരിവർത്തനംചെയ്തു. ഇപ്രകാരം കേരളത്തിൽതന്നെ ഏഴെട്ടുകൊല്ലക്കാലത്തോളം മാർത്തോമ്മാശ്ലീഹാ സഞ്ചരിച്ചു തന്റെ ദിവ്യഗുരുനാഥന്റെ സ്വർഗ്ഗീയസന്ദേശം പ്രചരിപ്പിക്കുകയും ഓരോ മഹാബ്രാഹ്മണഗ്രാമകേന്ദ്രങ്ങളിലും അനേകശതം ബ്രാഹ്മണരെയും അവരുടെ അനുയായികളെയും ക്രിസ്തുവിന്റെ കൊടിക്കീഴിൽ അണിനിരത്തുകയും അങ്ങനെ താൻ പാലസ്റ്റൈനിൽനിന്നു ഭാരതത്തിലേക്കു സംവഹിച്ചുകൊണ്ടുവന്ന ക്രിസ്തുമതമാകുന്ന കൈത്തിരിയുടെ പ്രകാശം ഭാരതത്തിന്റെ പല ഭാഗങ്ങളിലും വിശിഷ്യ കേരളഭൂവിലും ഭാസുരമാനമാക്കിത്തീർക്കുകയുംചെയ്തു. അപ്രകാരം തനിക്കു ധാരാളം അനുയായികളെ സമ്പാദിക്കുവാൻ കഴിഞ്ഞ ഏഴു പ്രമുഖകേന്ദ്രങ്ങളിൽ ഓരോ ദേവാലയസ്ഥാപനത്തിനുവേണ്ട സജ്ജീകരണങ്ങളും ദിവ്യഗുരുവിന്റെ സഭയുടെ നിലനില്പിനുവേണ്ട ഏർപ്പാടുകളും അപ്പസ്തോലൻ അക്കാലത്തു കേരളത്തിൽ ചെയ്യുകയുമുണ്ടായി. അങ്ങനെ ചില ഹൈന്ദവക്ഷേത്രങ്ങൾതന്നെ പള്ളികളായി പരിവർത്തനം ചെയ്യപ്പെടുകയും പുതിയ ദേവാലയസ്ഥാപനാർത്ഥം സ്വന്തകരങ്ങളാൽ നിർമ്മിതമായ സ്ലീവാകൾ സ്ഥാപിച്ചു് പൂജാദികർമ്മങ്ങൾ സ്വകരങ്ങളാൽ അനുഷ്ഠിക്കയും ചെയ്ത ആ പ്രഥമ ദേവാലയങ്ങളെയത്രേ, മാർത്തോമ്മാശ്ലീഹായുടെ കേരളത്തിലെ സപ്തദേവാലയങ്ങളെന്നു നാം ഇന്നു് അഭിമാനാദരപൂർവ്വം അനുസ്മരിച്ചുവരുന്നതു്. പാലയൂർ (ചാവക്കാട്ട്), കൊടുങ്ങല്ലൂർ, കോട്ടക്കാവു് (വടക്കൻ പറവൂർ), കോക്കമംഗലം (ചേർത്തല), കൊല്ലം, നിരണം, ചായൽ (നിലക്കൽ) എന്നിവയത്രെ ആ സപ്തദേവാലയകേന്ദ്രങ്ങൾ. ഈ സപ്തദേവാലയകേന്ദ്രങ്ങളെപ്പററി ഒരു വിവരണം ഈ സംക്ഷിപ്തലേഖനത്തിൽ ഉദ്ദേശിക്കുന്നില്ലെങ്കിലും ഇക്കാലത്തെ കേരളത്തിലെ ക്രിസ്തുമതത്തിനു ബീജാവാപംചെയ്ത ആ മഹൽകേന്ദ്രങ്ങളെപ്പററി രണ്ടുമൂന്നു ചില വിവരങ്ങൾകൂടി ഇവിടെ തല്ക്കാലം പ്രസ്താവിക്കാമെന്നു കരുതുന്നു.

പാലയൂരെ തളിക്ഷേത്രംതന്നെ ഒരു ക്രിസ്തുദേവാലയമായി മാർത്തോമ്മാശ്ലീഹാ പരിവർത്തനം ചെയ്യുകയും ഹിന്ദുക്കളായവശേഷിച്ച അവിടത്തെ അന്നത്തെ ഉൽപതിഷ്ണുക്കളായ ചില ബ്രാഹ്മണർ ആ ദേശത്തെത്തന്നെ ശപിച്ചുകൊണ്ടു് സ്ഥലംവിട്ടുപോകയും അങ്ങനെ "ശാപക്കാട്ട്" ആയിത്തീർന്ന ചാവക്കാട്ട് പൗരാണികമായ പലേ ചരിത്രാവശിഷ്ടങ്ങളോടുകൂടി പാലയൂർ പള്ളി ഇന്നു പരിലസിക്കുകയും ചെയ്യുന്നു.

കൊടുങ്ങല്ലൂർ അക്കാലത്തു് ലോകപ്രസിദ്ധമായ ഒരു വലിയ തുറമുഖപട്ടണവും വാണിജ്യകേന്ദ്രവും കേരളരാജ്യതലസ്ഥാനവും ആയി പരിലസിച്ചിരുന്നതുപോലെ, കേരളത്തിലെമാത്രമല്ല, ഭാരതത്തിലെതന്നെ ക്രിസ്തുമതത്തിന്റെ ഗർഭഗൃഹവും പിള്ളത്തൊട്ടിലുമാകുവാനും ഭാഗധേയമുണ്ടായ സ്ഥലമാണു്. അപ്പോസ്തലന്റെ പാദമുദ്രകൾ ഭാരതത്തിൽ ആദ്യമായി പതിഞ്ഞ ആ സ്ഥലം ഏതാനും ശതകങ്ങളിൽ കേരളക്രൈസ്തവരുടെ ഒരു ശക്തികേന്ദ്രമായിത്തന്നെ പരിലസിച്ചിരുന്നുവെങ്കിലും കൊടുങ്ങല്ലൂരിന്റെ പ്രതാപം പിൽക്കാലത്തു വളരെയേറെ കുറയുകയാണു ചെയ്തതു്. സെൻറ് തോമസ് സ്ഥാപിച്ച പള്ളിയും വിശുദ്ധകുരിശുതന്നെയും അവിടെ നഷ്ടപ്പെടുകയും ചെയ്തു. എങ്കിലും കേരളക്രൈസ്തവീകരണത്തിന്റെ 19-ാം ശതവത്സരജൂബിലിയാഘോഷങ്ങൾക്കു ശേഷം, ഭാരതാപ്പസ്തോലന്റെ സംപൂജ്യഭൗതികാവശിഷ്ടങ്ങൾ ഒർട്ടോണായിൽ നിക്ഷിപ്തമായിരുന്നതിന്റെ ഒരംശം ഭാഗ്യവശാൽ കേരളീയ കത്തോലിക്കർക്കു സംലബ്ധമാകയും അതു കഴിഞ്ഞ കൊല്ലം കൊടുങ്ങല്ലൂരെ സ്മാരകദേവാലയവേദിയിൽ അത്യാഡംബരപൂർവ്വം നിക്ഷേപിക്കപ്പെടുകയും അതോടുകൂടി കൊടുങ്ങല്ലൂരിൽ വിശുദ്ധ ശ്ലീഹായുടെ അത്ഭുതപ്രവർത്തനങ്ങളും അനുഗ്രഹസിദ്ധിയും വർദ്ധിച്ചു് അവിടം വീണ്ടും ഒരു തീർത്ഥയാത്രാകേന്ദ്രമായിത്തീരുകയും ചെയ്തു കഴിഞ്ഞിരിക്കുന്നു.

മാർത്തോമ്മാശ്ലീഹായുടെഅത്ഭുതപ്രവർത്തനങ്ങൾമൂലം ഗ്രാമവാസികളിൽ ഭൂരിപക്ഷവും ക്രിസ്തുമതം സ്വീകരിച്ചതോടുകൂടി അവരുടെ ക്ഷേത്രംതന്നെ ദേവാലയമായി പരിവർത്തനം ചെയ്യപ്പെട്ട കോട്ടക്കാവുപള്ളിക്കും യുദ്ധങ്ങൾകൊണ്ടും മററും പല കോട്ടങ്ങളും പില്ക്കാലത്തു തട്ടിയെങ്കിലും ഇന്നും വടക്കൻപറവൂരെ ആ പുരാതനദേവാലയം അതേസ്ഥാനത്തുതന്നെ ചരിത്രാവശേഷങ്ങൾ തീരെ നഷ്ടപ്പെടാതെ പരിലസിക്കുന്നു.

കോക്കമംഗലം ഗ്രാമവിസ്തൃതിയിൽ ഇന്നും കോക്കമംഗലം എന്ന പേരിൽതന്നെഅറിയപ്പെടുന്ന സ്ഥലത്തായിരുന്നു മാർത്തോമ്മാശ്ലീഹാ ദേവാലയസ്ഥാപനാർത്ഥം സ്ലീവാ സ്ഥാപിച്ചു പൂജാദികർമ്മങ്ങൾ അക്കാലത്തു നടത്തിയതു്. പക്ഷെ ആ സ്ലീവാ മതവിരോധികൾ പിഴുതു ചേർത്തല താലൂക്കിന്റെ കിഴക്കുവശമായി പള്ളിക്കു തൊട്ടുസ്ഥിതിചെയ്യുന്ന വേമ്പനാട്ടു കായലിൽ എറിയുകയും കായലിലെ ഏററമിറക്കത്തിൽ കുരിശു വടക്കോട്ടൊഴുകി അക്കാലത്തുതന്നെ സംഭവിച്ച അത്ഭുതപ്രവർത്തനഫലമായി കോക്കമംഗലം ഗ്രാമവിസ്തൃതിയിൽപെട്ട പള്ളിപ്പുറത്തു് ഒരു ദേവാലയസ്ഥാപനത്തിനിടയാവുകയും ചെയ്തു. അപ്പസ്തോലന്റെ സ്വന്തകരങ്ങളാൽ നിർമ്മിതമെന്നു വിശ്വസിക്കപ്പെടുന്ന വിശുദ്ധകുരിശു് ഇപ്പോഴും അവിടെ നിക്ഷിപ്തമായിരിക്കയും ചെയ്യുന്നു.

കൊല്ലത്തു് ശ്ലീഹാ കുരിശു സ്ഥാപിച്ചു പൂജാദികൾ നടത്തിയതും പില്ക്കാലത്തു കൊല്ലം തരിസാപള്ളിയെന്ന പേരിൽ ചരിത്രപ്രസിദ്ധിയാർജ്ജിച്ചിരുന്നതുമായ ദേവാലയവും ആ പ്രദേശവും പിന്നീടു കടലാക്രമണത്താൽ നഷ്ടപ്പെട്ടുപോകയാണുണ്ടായതു്.

നിരണത്തു ശ്ലീഹാ ആദ്യംസ്ഥാപിച്ച കുരിശു കോക്കമംഗലത്തെപ്പോലെ മതവിരോധികൾ നഷ്ടപ്പെടുത്തിയെങ്കിലും ശ്ലീഹായുടെ തൃക്കരങ്ങൾകൊണ്ടുതന്നെ പുനഃസ്ഥാപനം ചെയ്യപ്പെട്ട ദേവാലയസ്ഥാനത്തുള്ള അഭിനവപള്ളി യാക്കോബായ സഹോദരരുടെ അധീനതയിലാണു് ഇക്കാലത്തു സ്ഥിതിചെയ്യുന്നതു്.

ചായൽ അക്കാലത്തു് ഒരു ജനാധിവാസസ്ഥാനവും കർഷകവാണിജ്യകേന്ദ്രവും ആയിരുന്നുവെങ്കിലും ചില ആക്രമണങ്ങളാൽ ക്രിസ്ത്യാനികളും മററു ജനങ്ങളും ആ സ്ഥലം വിട്ടുപോകയും നിലക്കൽ എന്ന പേരിലും പിന്നീടു് അറിയപ്പെട്ടിരുന്ന ആ ദേവാലയവും പ്രദേശങ്ങളും ശബരിമലയ്ക്കു സമീപം ഇന്നു ഘോരവിപിനമായവശേഷിക്കുകയും ആണു ചെയ്യുന്നതു്.

ഇപ്രകാരം നമ്മുടെ അപ്പസ്തോലനും ശ്രീയേശുവിന്റെ അരുമശിഷ്യനുമായ മാർത്തോമ്മാശ്ലീഹായുടെ നിരന്തരപരിശ്രമഫലമായി ശ്ലീഹായുടെ പവിത്രകരങ്ങളിൽനിന്നു ജ്ഞാനസ്നാനം സ്വീകരിച്ച ജനസമൂഹത്തിന്റെ ആ




കൊടുങ്ങല്ലൂരിൽ മാർത്തോമ്മാശ്ലീഹായുടെ പൂജ്യാവശിഷ്ടങ്ങൾ സ്ഥാപിച്ചിരിക്കുന്ന കപ്പേള

---

ലിക്കാ പ്രസിദ്ധീകരണങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാണു്. എന്നാൽ എല്ലാവർക്കും, ഏതു തൊഴിൽക്കാർക്കും ഏതു പ്രായക്കാർക്കും ചെയ്യാവുന്ന ഒരു പ്രേഷിതവൃത്തിയുണ്ടു്—കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ പ്രചാരം വർദ്ധിപ്പിക്കുവാനായി പരിശ്രമിക്കുകയെന്നുള്ളതു്. ഈ വിഷയത്തിൽ പ്രായോഗികമെന്നു തോന്നുന്ന ചില മാർഗ്ഗങ്ങൾ താഴെ ചേർക്കുന്നു:

1. ക്രിസ്തുമസുകാലത്തു് നമ്മുടെ ബന്ധുക്കൾക്കും സ്നേഹിതർക്കും ആശംസാസന്ദേശങ്ങളും സമ്മാനങ്ങളും അയച്ചുകൊടുക്കുന്ന പതിവു് ഇവിടെയും ഉണ്ടല്ലോ. അടുത്ത പ്രാവശ്യം ആശംസാസന്ദേശം അയക്കുമ്പോൾ അതിന്റെകൂടെ സ്നേഹിതനു് ഒരു നല്ല കത്തോലിക്കാ പ്രസിദ്ധീകരണംകൂടെ ലഭിക്കുവാൻ ഏർപ്പാടുചെയ്യുക. ഇതൊരു ഒന്നാംതരം ക്രിസ്തുമസ് സമ്മാനമായിരിക്കും. വരിസംഖ്യയും സ്നേഹിതന്റെ പേരും പത്രമാഫീസിൽ എത്തിക്കുകയാണെങ്കിൽ മാസിക സ്നേഹിതന്റെ വിലാസത്തിൽ ക്രമമായി കിട്ടിക്കൊണ്ടിരിക്കുമല്ലോ. ഇതു് വർഷം മുഴുവൻ നീണ്ടുനില്ക്കുന്ന ഒരു ക്രിസ്തുമസ് സമ്മാനമായിരിക്കുമല്ലോ. ഇങ്ങനെ കഴിഞ്ഞവർഷം ക്രിസ്തുമസ് സമ്മാനമായി കൊടുക്കുവാനായി 1 ലക്ഷം കോപ്പിയുടെ വരിസംഖ്യയത്രെ Catholic Digest ആഫീസിൽ ലഭിച്ചതു്. സ്നേഹിതരേയും ബന്ധുക്കളേയും മാത്രമല്ല നിവൃത്തിയില്ലാത്ത ആരേയും ഈ രീതിയിൽ സഹായിക്കാവുന്നതാണു്.

2. സ്കൂൾഫീസു കൊടുക്കുവാനും മററും വിഷമിക്കുന്ന കുട്ടികൾ ഈ വിഷയത്തിൽ ഉത്സാഹിക്കുകയാണെങ്കിൽ അവർക്കു് ഇതൊരു നല്ല ധനാഗമമാർഗ്ഗമായിരിക്കും. അതേസമയംതന്നെ ഒന്നാംതരം കത്തോലിക്കാ പ്രവർത്തനവും. ഇങ്ങനെയുള്ള കേസുകളിൽ ചില പ്രത്യേക സൗജന്യങ്ങൾ പ്രസിദ്ധീകരണയുടമസ്ഥർ ചെയ്തുകൊടുക്കേണ്ടതാണു്.

3. മിഷൻലീഗ്, ലീജിയൻ ഓഫ് മേരി, സൊഡാലിററി മുതലായ സംഘടനകളിലെ അംഗങ്ങൾക്കു ചെയ്യാവുന്നതും ചെയ്യേണ്ടതുമായ ഒരൊന്നാംതരം കത്തോലിക്കാ പ്രവർത്തനമത്രെ ഇതു്. ഈദൃശ പ്രവർത്തനംകൊണ്ടുള്ള പ്രയോജനം രണ്ടാണു്. (a) നല്ല ഒരു പ്രേഷിതവൃത്തി. (b) സംഘടനയ്ക്കു് നല്ലൊരു ആദായമാർഗ്ഗം.

കാലത്തിനടുത്ത ഈ പ്രേഷിതവൃത്തിയിൽ എല്ലാവരുടെയും ശ്രദ്ധ കൂടുതൽ പതിയണമെന്നു് അപേക്ഷിച്ചുകൊണ്ടു് സാധാരണയിൽ അധികം ദീർഘിച്ചുപോയ ഈ ലേഖനം ഉപസംഹരിക്കുന്നു.

—o—

പ്രഹസനം

# വിൻസൻറ് ഡി പോൾ

(ആർ. എ. തെക്കേത്തല)

രംഗം 4

ധർമ്മക്കാരുടെ ധർമ്മക്കാരൻ

(ഫാദർ വിൻസെൻറു് പിച്ചച്ചിരട്ടയുമായി ഭവനം തോറും കയറിയിറങ്ങി ഭിക്ഷയാചിക്കുന്നു.)

ഫാദർ:- (ഒരു വീടിൻെറ മുൻവശത്തു ചെന്നു്) കൊച്ചമ്മേ, ധർമ്മം തരണേ.

ഒരു സ്ത്രീ:- (അകത്തുനിന്നു) ഇവിടെയൊന്നുമില്ലെടാ പോ, അവിടന്നു്. വേലയെടുക്കാതെ തെണ്ടിനടക്കുന്നു ഒരു കൂട്ടം. ഇവരെ ഈ നാട്ടിൽനിന്നോടിച്ചു കളയുവാൻ ആരും ഇല്ലാതായല്ലോ. വല്ല പ്ലേഗും പിടിച്ചു ഈ കൂട്ടം ഒന്നിച്ചു ചത്തുപോയെങ്കിൽ നന്നായിരുന്നു.

ഫാദർ:- ധർമ്മക്കാരും മനുഷ്യരല്ലേ അമ്മേ, ധർമ്മം തായോ കൊച്ചമ്മേ.

സ്ത്രീ:- അതേടാ, നിങ്ങളാണു് മനുഷ്യരു്. തെണ്ടിക്കൂട്ടങ്ങൾ മനുഷ്യരാണെന്നു പറഞ്ഞുനടക്കുന്നു. നിങ്ങൾക്കു ധർമ്മം തരുന്നവരെ തല്ലണം. കള്ളക്കൂട്ടം. പോടാ, അവിടന്നു്. ഇനി മിണ്ടിയിട്ടുണ്ടെങ്കിൽ പണികഴിക്കും.

ഫാ:- കൊച്ചമ്മേ കോപിക്കാതെ. വല്ലതും തരണേ.

സ്ത്രീ:- എന്തടാ, പോവാനല്ലേ പറഞ്ഞതു്. (അട്ടഹസിച്ചു വാതിൽ തുറന്നു ചൂലോങ്ങിപ്പിടിച്ചുവരുന്നു. അച്ചനെ കണ്ടിട്ടു വിഷണ്ണയായി) ഞാൻ അച്ചനാണെന്നു വിചാരിച്ചില്ല. അച്ചൻ എന്തിനാണു് ധർമ്മക്കാരെപ്പോലെ നടക്കുന്നതു്? ഇതെല്ലാം ഞങ്ങളെപ്പോലുള്ളവർക്കു എത്ര കുറച്ചിലാണു്. അച്ചനു ചെലവിനു വകയില്ലെങ്കിൽ ഞാൻ തന്നുകൊള്ളാം. ഇങ്ങനെ നടക്കരുതു്. അകത്തു വന്നിരുന്നാലും.

ഫാ:- (അകത്തു കടന്നിരുന്നു്) സഹോദരി, ഇതു് എൻെറ ചെലവിനായിട്ടല്ല. കുറച്ചകലെ കുറെ ധർമ്മക്കാർ കൂടാരമടിച്ചുകിടക്കുന്നതു ഞാൻ കണ്ടു. അവർ പട്ടിണികിടന്നു പൊരിയുകയാണു്. അവർക്കു ഒരു നേരത്തെ ഭക്ഷണം കൊടുക്കുന്നതിനു വേണ്ടിയാണു് ഞാനീ പിച്ചച്ചിരട്ടയുമായി നിങ്ങളുടെ പടിവാതുക്കൽ വന്നതു്.

സ്ത്രീ:- ധർമ്മക്കാർക്കു കൊടുക്കുവാനൊ! അച്ചാ, അവരെ ഒന്നിച്ചു നശിപ്പിച്ചു കളയണം. എങ്ങിനെയെങ്കിലും ഇവററ ചത്തുപോയെങ്കിൽ മതിയായിരുന്നു. അത്രയ്ക്കു ശല്യമായിട്ടുണ്ടു്. നേരം വെളുത്താൽ സന്ധ്യയാകുന്നതുവരെ വീടുകളിൽ കയറിയിറങ്ങി നടക്കും.

ഫാ:- അവർക്കില്ലാത്തതുകൊണ്ടല്ലെ അവർ നിങ്ങളുടെ അടുക്കൽ വരുന്നതു്. പൊരിയുന്ന വയറോടുകൂടി നിങ്ങളെ സമീപിക്കുന്ന പാവങ്ങളെ തല്ലിയോടിക്കുന്നതു ഒട്ടും ശരിയല്ല; നിങ്ങളെ കുബേരന്മാരാക്കിയ ദൈവം തന്നെയാണു അവരെ നിർദ്ധനരാക്കിയതും. നാളെ നിങ്ങളെ ദരിദ്രരാക്കി അവരെ ധനികരാക്കുവാനുള്ള ശക്തി അവിടുത്തേക്കുണ്ടെന്നു നിങ്ങൾ മറക്കരുതു്. പാവപ്പെട്ടവർ നമ്മുടെ സഹോദരങ്ങളാണു്. അവരെ പോററുന്നതിനുവേണ്ടിക്കൂടിയാണു് നല്ലവനായ ദൈവം നിങ്ങൾക്കു സമ്പത്തു തന്നിരിക്കുന്നതു്. ഇന്നു നിങ്ങൾ അവരെ ആട്ടിപ്പായിക്കുന്നുവെങ്കിൽ വിധിദിവസത്തിൽ "ശപിക്കപ്പെട്ടവരെ, എനിക്കുവിശന്നു, നിങ്ങൾ എനിക്കു ഭക്ഷിക്കുവാൻ തന്നില്ല; എനിക്കു ദാഹിച്ചു, നിങ്ങൾ എനിക്കു കുടിക്കുവാൻ തന്നില്ല; ഞാൻ നഗ്നനായിരുന്നു, എനിക്കു വസ്ത്രം തന്നില്ല; അതുകൊണ്ടു നിങ്ങൾ നിത്യനരകാഗ്നിയിലേക്കുപോകുവിൻ" എന്ന കഠിന വിധി കേൾക്കേണ്ടിവരും. ഇഹത്തിൽ നിങ്ങൾ ദാനം ചെയ്യുമ്പോൾ നിങ്ങളുടെ സ്വർഗ്ഗീയസമ്പത്തു വർദ്ധിപ്പിക്കുകയാണു ചെയ്യുന്നതു്. അതുപോലെതന്നെ ധർമ്മക്കാരെ കരുണയില്ലാതെ ആട്ടിയോടിക്കുമ്പോൾ നരകത്തിൽ സ്ഥലം ഒരുക്കുകയും ചെയ്യുന്നു. അതുകൊണ്ടു സഹോദരീ, നിങ്ങൾ കരുണയോടുകൂടി പെരുമാറണം.


സ്ത്രീ:- അച്ചൻ പറഞ്ഞതൊക്കെ ശരിയാണു്. പക്ഷേ എനിക്കു ഇവരെയൊക്കെ തീററുവാൻ സാധിക്കുമോ!

ഫാ:- നിങ്ങൾക്കു കഴിയുന്നതു് നിങ്ങൾ ചെയ്യണം. ഓരോരുത്തരും അവരവരുടെ കഴിവുപോലെ ചെയ്യുമെങ്കിൽ ഈ നഗരത്തിൽ സാധുക്കളുണ്ടാവുകയില്ല. നിങ്ങൾക്കു ഒന്നും ചെയ്യുവാൻ കഴിവില്ലെങ്കിൽ അവശരോടു ഒരു നല്ല വാക്കെങ്കിലും പറഞ്ഞുകൂടയോ? പക്ഷേ, നിങ്ങൾ മൂലെടുക്കുകയാണു് ചെയ്യുന്നതു്. കഷ്ടം!

സ്ത്രീ:- അച്ചാ, ക്ഷമിക്കണം. ഞാൻ ഇപ്പോൾ എന്തുചെയ്യണമെന്നാണു് അച്ചൻ പറയുന്നതു്?

ഫാ:- ഇപ്പോൾ നിങ്ങളുടെ കഴിവനുസരിച്ചു് ആ പാവപ്പെട്ടവർക്കു കൊടുക്കുന്നതിനുവേണ്ടി

For favours received




Inserted by
Mrs. K. P. L., Aleppey.

എന്തെങ്കിലും സംഭാവന ചെയ്യണം.

സ്ത്രീ:- ഞാനെന്തെങ്കിലും തരാം. (അകത്തുപോയി ഒരു കുട്ട നിറച്ചു ഭക്ഷ്യപദാർത്ഥങ്ങൾ ഒരു കുട്ടിയെക്കൊണ്ടു എടുപ്പിച്ചുകൊണ്ടുവരുന്നു. കുട്ടിയോടു്) നീ ഈ കുട്ട ഈ അച്ചൻ പറയുന്നിടത്തു കൊണ്ടുചെന്നു വച്ചുകൊടുക്കണം. (അച്ചനെ ഒരു കിഴിക്കെട്ടു ഏല്പിക്കുന്നു. അച്ചൻ സന്തോഷപൂർവ്വം വാങ്ങി നന്ദിപറഞ്ഞു പോകുന്നു. കുട്ടി കുട്ടയുംകൊണ്ടു് അച്ചനെ പിൻതുടരുന്നു)

(സ്റ്റേജിൻെറ മറുഭാഗത്തുകൂടി നാലുപേർ പ്രവേശിക്കുന്നു.)

ഒന്നാമൻ:- എടാ എന്തിനാ ഈ അച്ചൻ ഇങ്ങനെ ധർമ്മക്കാരുടെ പിന്നാലെ നടക്കുന്നതു്? ഇദ്ദേഹത്തിനു ആ പള്ളിമുറിയിലെങ്ങാനും ഇരുന്നാൽ പോരെ?

രണ്ടാമൻ:- ഈ ധർമ്മക്കാരെയൊക്കെ നശിപ്പിച്ചുകളയണം ഇവർ രാജ്യത്തിനോ മററു മനുഷ്യർക്കോ ഉപകാരമുള്ളവരല്ല.

മൂന്നാമൻ:- അതുതന്നെയാണു് ഞാനും പറയുന്നതു്. ഇവററകളെയൊക്കെ വല്ല ഇൻജക്ഷനും കൊടുത്തു കൊന്നുകളയണം.

നാലാമൻ:- ഇവററകളെ ഇങ്ങനെ പോററുന്നതുകൊണ്ടു എന്തുമാത്രം നഷ്ടം വരുന്നുണ്ടെന്നറിയാമോ! ഒന്നാമതു്, ഇവർക്കു കൊടുക്കുന്ന സാധനങ്ങൾ രാജ്യത്തിനു നഷ്ടം. രണ്ടാമതു്, ഇവർ മടിയന്മാരും അലസന്മാരുമായിത്തീരുകയും ചെയ്യും. ഇതു വല്ലതും ഈ അച്ചൻ ചിന്തിച്ചിട്ടുണ്ടോ?

ഒന്നാമൻ:- ഇദ്ദേഹം ഇവർക്കു കൊടുക്കുന്നതിനുവേണ്ടി വീടുകൾ കയറിയിറങ്ങി സംഭാവനകൾ പിരിക്കുന്നുണ്ടു്. വന്നുപെട്ടാൽ കൊടുക്കാതിരിക്കുവാൻ തോന്നുകയില്ല. വലിയ ശല്യം എൻെറ കൈയിൽനിന്നു കുറച്ചു കാശു പോയി.

രണ്ടാമൻ:- കണ്ടാലല്ലെ കുഴപ്പമുള്ളു. ഞാനിന്നാളു് ഊണുകഴിഞ്ഞു വരാന്തയിൽ കിടക്കുമ്പോൾ അകലെനിന്നു ഇദ്ദേഹം വിയർത്തൊലിച്ചുവരുന്നതു കണ്ടു. വേഗം അകത്തുപോയി ഭാര്യയോടു പറഞ്ഞു: "അച്ചൻ വരുന്നുണ്ടു്. അദ്ദേഹം വരുമ്പോൾ ഞാനിവിടെ ഇല്ലെന്നു പറയണം." ഇതുപറഞ്ഞു മുകളിൽ പോയി വാതിലടച്ചു. കുരുത്തക്കേടിനു കൊച്ചുവില്ലി അച്ചൻ വന്നപ്പോൾ ഓടിച്ചെന്നു,പറഞ്ഞു, അച്ചൻ വരുമ്പോൾ അപ്പച്ചൻ ഇവിടെ ഇല്ലെന്നു പറയണമെന്നു അമ്മച്ചിയോടു പറഞ്ഞിട്ടു മുകളിലേക്കു പോയെന്നു്. അപ്പോഴേക്കും ഭാര്യ ഓടിവന്നു ഞാൻ പാടത്തേക്കുപോയെന്നു പറഞ്ഞു് ഒരു കണക്കിനു അച്ചനെ അയച്ചു.

മൂന്നാമൻ:- ഭർത്താവിനൊത്ത ഭാര്യതന്നെ. എനിക്കുണ്ടു് ഒരെണ്ണം. കണ്ടതൊക്കെ വെട്ടിത്തുറന്നു പറയും. ഒരു ദിവസം ഇദ്ദേഹം എൻെറ വീട്ടിലും വന്നു. ഭാര്യ പറഞ്ഞു ഞാനവിടെയുണ്ടെന്നു്. ഉറക്കത്തിൽനിന്നു വിളിച്ചുണർത്തി സംഭാവനയുടെ കാര്യമെല്ലാം പറഞ്ഞു. ഞാൻ പറഞ്ഞു: അച്ചാ, ആളുകളൊക്കെ പറയുന്നുണ്ടു് ഞാൻ വലിയ പണക്കാരനാണെന്നു്. എന്നാൽ എൻെറ ചെലവു് ഇവരാരെങ്കിലും അറിയുന്നുണ്ടോ? മാസത്തിൽ ആയിരത്തിഇരുനൂറോളം ഉറുപ്പിക കുറിക്കു വെക്കണം. പഠിക്കുവാൻ പോയിരിക്കുന്നവനു വേണം മാസത്തിൽ അഞ്ഞൂറു്. കുടുംബച്ചെലവു് വേറേയും. ഇതെല്ലാം കഴിച്ചു ബാക്കി എന്താണു് മിച്ചമുണ്ടാകുന്നതു്? സാധുക്കളെ സഹായിക്കുന്നതിൽ ഞാൻ വലിയ താല്പര്യക്കാരനാണു്. പക്ഷേ കഴിവു വേണ്ടെ? ഇതൊക്കെ പറഞ്ഞപ്പോൾ അച്ചൻ തൻെറ ഉപദേശമങ്ങെടുത്തു. അടുത്ത മാസത്തിൽ എന്തെങ്കിലും തരാമെന്നുപറഞ്ഞു ആളെ വിട്ടിരിക്കുകയാണു്. ചില്ലി ഒന്നു ഞാൻ കൊടുക്കുമോ?

നാലാമൻ:- ഇവിടെ അധികനേരം നില്ക്കേണ്ട. ഈ വഴിക്കെങ്ങാനും വന്നു നമ്മളെ പിടികൂടും. നമുക്കു പോകാം.

(എല്ലാവരും പോകുന്നു)

കർട്ടൻ

രംഗം 5

ഉപവിയുടെ സഹോദരികൾ

(ഡിസ്പെൻസറി:- രോഗികൾ കട്ടിലിൽ കിടക്കുന്നു. ഉപവിയുടെ സഹോദരികൾ അവരെ ശുശ്രൂഷിക്കുന്നു. ഒരു സഹോദരി ഒരുകുട്ടിയുടെഅടുത്തുചെല്ലുന്നു)

സഹോദരി:- മകനെ മരുന്നു കുടിക്കൂ. ഞാൻ ഒഴിച്ചുതരാം. വായു് തുറക്കു.

കുട്ടി:- അമ്മേ, എനിക്കു വേണ്ടമ്മേ. എന്തൊരു കനപ്പാണു്.

സഹോദരി:-സുഖക്കേടു മാറണ്ടേ. ഈ കനപ്പു് ഈശോയ്ക്കു വേണ്ടി കാഴ്ചവയ്ക്കു. നമ്മുടെ കർത്താവിനു യഹൂദന്മാർ പുളിച്ചമുന്തിരിങ്ങാച്ചാറല്ലെ കുടിക്കുവാൻ കൊടുത്തതു്. അതിനെപ്രതി ഈ മരുന്നു കുടിക്കൂ.

കുട്ടി:-പകുതി ഞാൻ കുടിക്കാം. പകുതി അമ്മ കുടിക്കു്.

സഹോദരി:-മകനല്ലേ സുഖക്കേടു്. മരുന്നു മുഴുവൻ മകൻ തന്നെ കുടിക്കണം. ഞാൻ പഞ്ചസാര തരാം.

കുട്ടി:-എന്നാൽ കുറേശ്ശെ ഒഴിക്കൂ. (സഹോദരി മരുന്നു ഒഴിച്ചുകൊടുക്കുന്നു)

(കാലിൽ മുറിവുപററിയ മറെറാരു രോഗിയുടെ അടുത്തു്)

രോഗി:-അയ്യോ, എന്തൊരു വേദനയാണേ. സഹിച്ചുകൂടല്ലോ.

സഹോദരി:- സഹോദരാ, നമ്മുടെ ഈശോ അനുഭവിച്ച വേദനയൊന്നു ഓർത്തുനോക്കൂ. അവിടുന്നു് ആ കുരിശിൽ മൂന്നാണികളിൽ തൂങ്ങിക്കിടന്ന കാഴ്ച. എല്ലുകൾ വലിഞ്ഞു്, മാംസം ചതഞ്ഞു്, ദേഹം മുഴുവൻ രക്തത്തിൽ മുങ്ങി എന്തുമാത്രം വേദന അവിടുന്നു സഹിച്ചു. അത്രയും വേദന സഹോദരനില്ലല്ലോ. കാലിൽ അല്പമായ ഒരു വ്രണം മാത്രമല്ലേ ഉള്ളൂ. ഇതു ദൈവം സന്തോഷത്തോടുകൂടി തന്നിട്ടുള്ള ഒരു കുരിശാണു്. നമുക്കു സഹിക്കുവാനുള്ള ഏററവും പററിയ സന്ദർഭമാണിതു്. ഈ അവസരത്തെ നാം പാഴാക്കിക്കളയരുതു്. ഞാനിപ്പോൾ തേച്ചുകഴുകി കെട്ടിത്തരാം.

രോഗി:- വേണ്ടമ്മേ, കഴുകുമ്പോൾ എന്തൊരു വേദനയാണുണ്ടാകുന്നതു്?

സഹോദരി:-എങ്കിലല്ലേ മുറിവുമാറുകയുള്ളു. രണ്ടുദിവസത്തേക്കേ ഈ വേദനയുണ്ടാവുകയുള്ളു. അതു പാപികളുടെ മാനസാന്തരത്തിനുവേണ്ടി കാഴ്ചവയ്ക്കൂ. ഞാൻ പതുക്കെ കഴുകി കെട്ടാം. (കഴുകിക്കെട്ടുന്നു.)

---

...ധ്യാത്മികചടങ്ങുകൾക്കായി കേരളത്തിലെ ഏഴു പ്രമുഖ കേന്ദ്രങ്ങളിൽ വിശുദ്ധൻതന്നെ എ. ഡി. 1-ാംശതകമദ്ധ്യത്തിൽ സ്ഥാപിച്ച പൗരാണികമായ ആ ഏഴു പള്ളികളും ആ ജനതയുമാണു് ഇക്കാലത്തു് അനേകം ശാഖോപശാഖകളായി ഇടവക പിരിഞ്ഞു കേരളത്തിലെ ക്രിസ്തുമതമായിത്തീർന്നിരിക്കുന്നതു്. പാലസ്റ്റൈനിൽനിന്നു ക്രിസ്തുശിഷ്യനായ സെൻറു് തോമസ് അപ്പസ്തോലൻ സംവഹിച്ചുകൊണ്ടുവന്നു കേരളത്തിൽ 19 ശതവത്സരങ്ങൾക്കു മുമ്പു കൊളുത്തിയ ആ മണിദീപത്തിൻെറ പ്രഭ വർദ്ധിപ്പിക്കുവാൻ സെൻറു് ഫ്രാൻസിസ് സേവ്യറും അതുപോലെ സുകൃതചരിതരായ അനേകമനേകം മിഷനറിമാരും ആ വിളക്കിൽ ഇടയ്ക്കിടെ പുതിയ പുതിയ എണ്ണ പകർന്നു് ആ മണിദീപത്തിൻെറ പ്രഭ വളർത്തിപ്പരത്തുകയും ചെയ്തിട്ടുണ്ടു്. അങ്ങനെ കേരളത്തിലെ ക്രിസ്തുമതമാകുന്ന ആ ആലക്തികശക്തികേന്ദ്രം, പ്രഭയേറിയ ഒരു കെടാവിളക്കായി—ഭാരതത്തിൻെറ തന്നെ ഒരു അഭിമാനസ്തംഭവും ശക്തിസംഭരണസ്ഥാനവും ആയി—പരിലസിക്കുകയും ചെയ്യുന്നു. ഭാരതാപ്പസ്തോലനായ നമ്മുടെ ശ്ലീഹായുടെ അടുത്തു വരുന്ന ഈ ഓർമ്മദിനങ്ങൾ നമ്മുടെ ബലഹീനഹസ്തങ്ങളെ കൂടുതൽ കൂടുതൽ സുശക്തമാക്കിത്തീർക്കട്ടെ!



(നിരാശയിൽ കിടക്കുന്ന മറ്റൊരു രോഗിയുടെ അടുത്തു്.)

സഹോദരി:- സഹോദരാ, നിങ്ങളുടെ രോഗം കുറച്ചു ഗൗരവതരമായിരിക്കുന്നു. ഒന്നു കുമ്പസാരിച്ചുകൂടേ?

രോഗി:- എനിക്കു നിങ്ങളുടെ കുമ്പസാരവുംവേണ്ട കുർബാനയും വേണ്ട. ഇത്തരം പഴഞ്ചരക്കുകൾ വല്ല അമ്മൂമ്മമാരുടേയുംഅടുക്കൽ കൊണ്ടുചെല്ലു്. ഞാനിപ്പോഴെന്നും മരിക്കുവാൻ പോകുന്നില്ല. കൈനോട്ടക്കാരൻ പറഞ്ഞിരിക്കുന്നതു് എനിക്കു എൺപത്തെട്ടുവരെ ആയുസ്സുണ്ടെന്നാണു്.

സഹോദരി:- എന്താണു് ഇങ്ങനെ പറയുന്നതു്? നല്ലവനായ ദൈവം മനുഷ്യരുടെനേരെയുള്ള സ്നേഹാധിക്യത്താൽ അവരുടെ രക്ഷയ്ക്കായി സ്ഥാപിച്ചിട്ടുള്ള കൂദാശകളെ ഇങ്ങനെ അവഹേളിക്കാമോ? കൈനോട്ടക്കാരനല്ലല്ലോ മനുഷ്യൻെറ ആയുസ്സു് കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നതു്. നിങ്ങൾ എൺപത്തിയെട്ടുവരെ ജീവിച്ചിരുന്നാൽ ഭാഗ്യം. പക്ഷേ ഇപ്പോഴത്തെ രോഗനില വളരെ ഗൗരവമുള്ളതായിതോന്നുന്നു.

രോഗി:- നിങ്ങളുടെ ദൈവവും കൂദാശകളും. എനിക്കു അതിനെപ്പററിയൊന്നും കേൾക്കേണ്ട. എനിക്കൊട്ടു വിശ്വാസവുമില്ല. ദൈവം ഉണ്ടെങ്കിൽ എനിക്കു ഈ രോഗം വരുമോ? നിങ്ങളുടെ ദൈവവും മതവും കൂദാശകളും മററും വ്യർത്ഥങ്ങളും അപഹാസ്യങ്ങളുമാണു്.

സഹോദരി:- കടുത്ത നിരാശകൊണ്ടാണു് നിങ്ങൾ ദൈവത്തേയും മതത്തേയും മററും ഇത്തരത്തിൽ അപലപിക്കുന്നതു്.

രോഗി:- ഞാൻ എങ്ങിനെ നിരാശനാകാതിരിക്കും? മുപ്പതു കൊല്ലത്തോളമായി ഞാൻ കുമ്പസാരവും കുർബാനയും ഉപേക്ഷിച്ചിട്ടു്. ഇതുവരെ എനിക്കു ഒരാപത്തും ഉണ്ടായിട്ടില്ല. ഇപ്പോഴാണോ ദൈവം കണ്ണുതുറന്നതു്, എനിക്കിത്ര ഭയങ്കരമായ രോഗം വെക്കുവാൻ. എന്തുമാത്രം കാര്യങ്ങൾ എനിക്കുണ്ടു്. അതെല്ലാം എങ്ങിനെ നടക്കും. ദൈവം നേരിട്ടുവന്നു നടത്തുന്നുണ്ടോ?

സഹോദരി:- സഹോദരാ, നിങ്ങളുടെ സംസാരം ദൈവദൂഷണപരമായിരിക്കുന്നു. പരമാർത്ഥമായ ഒരു മനസ്സുതിരിവിനുവേണ്ടിയാണു് ദൈവം ഈ രോഗം നിങ്ങൾക്കു് യാത്രയാക്കിയിരിക്കുന്നതു്. ഈ പ്രപഞ്ചത്തേയും ഇതിലെ വസ്തുവകകളേയും ഒരിക്കൽ നമുക്കു വിട്ടുപിരിയേണ്ടിവരും. എല്ലാ മനുഷ്യരും മരിക്കും. നിങ്ങളും ഞാനും നിശ്ചയമായും മരിക്കും. മനുഷ്യനു പ്രധാനമായിട്ടുള്ളതു് അവൻെറ ആദ്ധ്യാത്മികകാര്യമാണു്. "ലോകം മുഴുവനും നേടിയാലും നിൻെറ ആത്മാവുനശിച്ചാൽ എന്തുഫലം" എന്നു ദിവ്യരക്ഷനാഥൻ ചോദിച്ചിരിക്കുന്നു. അതുകൊണ്ടു് നിങ്ങൾ ഈ അവസാനനിമിഷത്തിലെങ്കിലും ലൗകികകാര്യങ്ങളിലുള്ള വ്യഗ്രതകൾ ഉപേക്ഷിച്ചു ആദ്ധ്യാത്മികകാര്യങ്ങളിൽ ശ്രദ്ധാലുവായി ദൈവവുമായി രമ്യപ്പെടുക. നിങ്ങൾക്കും എനിക്കും ഏററം വിലപിടിച്ചനിമിഷങ്ങളാണു് കടന്നുപോകുന്നതു്. ഈ വൈകിയ വേളയിലെങ്കിലും മരണത്തെപ്പററി ഒന്നു ചിന്തിക്കുക. മടിയിലാണു് മരണം സ്ഥിതിചെയ്യുന്നതു്. ഒരു നല്ലമരണം പ്രാപിക്കുന്നതിനു പരിശ്രമിക്കുക.

രോഗി:- ദൈവം എന്നെ മാനസാന്തരപ്പെടുത്തുമോ എന്നു ഞാനൊന്നു നോക്കട്ടെ. ഈ ജീവിതത്തിൽ ഞാൻ കുമ്പസാരിക്കുകയില്ല. അതു സത്യമാണു്.

(ഫാദർ വിൻസൻറു് പ്രവേശിക്കുന്നു. എല്ലാവരും സ്തുതി ചൊല്ലുന്നു. അവിശ്വാസിയായ രോഗി അച്ചനെ സൂക്ഷിച്ചുനോക്കുന്നു)

രോഗി:- (ആത്മഗതം) ഇദ്ദേഹം ഒരു പ്രത്യേക മനുഷ്യനെപ്പോലെയിരിക്കുന്നല്ലോ. ഞാനിതുവരെ ഇതുപോലുള്ള ഒരു വൈദികനെ കണ്ടിട്ടില്ല. എന്താണു് പറയുന്നതെന്നറിയട്ടെ. ഞാൻ കുമ്പസാരിക്കുകയില്ല. അതു തീർച്ചയാണു്.

ഫാദർ:- (അവിശ്വാസിയുടെ അടുത്തുചെന്നിട്ടു്) സഹോദരാ, നിങ്ങളുടെ രോഗം എങ്ങിനെയിരിക്കുന്നു. കുറവുണ്ടോ?

രോഗി:- കുറവൊന്നുമില്ല. ആശങ്കാജനകമാണെന്നു ഡോക്ടർ പറഞ്ഞു. എനിക്കും വലിയ പ്രതീക്ഷയൊന്നുമില്ല.

ഫാദർ:- അങ്ങിനെയെങ്കിൽ നിങ്ങളുടെ ആത്മീയസ്ഥിതിയെക്കുറിച്ചു ചിന്തിക്കുന്നതു് ഈ അവസരത്തിൽ വളരെ ഉപകാരപ്രദമായിരിക്കും. കഴിഞ്ഞ ജീവിതകാലത്തിലെ പാപങ്ങളൊക്കെയോർത്തു അനുതപിച്ചുകൊണ്ടു ഒരു നല്ലകുമ്പസാരം കഴിക്കണം.

രോഗി:- അച്ചാ, ഞാൻ കുമ്പസാരിച്ചിട്ടു മുപ്പതുവർഷങ്ങൾ കഴിഞ്ഞു. എൻെറ പാപങ്ങളൊന്നും ദൈവം പൊറുക്കുകയില്ല.

ഫാദർ:- അങ്ങിനെ വിചാരിക്കേണ്ടതില്ല. അനുതപിക്കുന്ന പാപിയെ അവിടുന്നു ഒരിക്കലും ഉപേക്ഷിക്കുകയില്ല. മറിയം മഗ്ദലേനയ്ക്കും നല്ല കള്ളനും നിത്യസൗഭാഗ്യം പ്രദാനംചെയ്ത മിശിഹാ മനസ്തപിക്കുന്നുവെങ്കിൽ നിങ്ങൾക്കും അതേനിത്യസൗഭാഗ്യം തന്നെ നൽകും. അതുകൊണ്ടു ശരിയായ മനസ്താപത്തോടുകൂടി നിങ്ങൾ കുമ്പസാരത്തിനണഞ്ഞാലും.

(കുമ്പസാരത്തിനുശേഷം)

രോഗി:- ഞാൻ സത്യമായി പറയുന്നു: ഈ വൈദികനോടല്ലായിരുന്നുവെങ്കിൽ നിശ്ചയമായും ഞാൻ കുമ്പസാരിക്കുകയില്ലായിരുന്നു. ഈ പുണ്യദേഹം എൻെറ ആത്മാവിനെ രക്ഷിച്ചിരിക്കുന്നു. എനിക്കിപ്പോൾ സ്വർഗ്ഗീയമായ ആനന്ദം അനുഭവപ്പെടുന്നു. ഇനി ഞാൻ സമാധാനത്തോടുകൂടി മരിച്ചുകൊള്ളട്ടെ.

കർട്ടൻ

(തുടരും)


Thanksgiving



For Favours Received
Excuse delay.
Thomas Thalian
Thuravoor

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ

ഫ്രഞ്ചു വക്കി, പച്ചിക്കൽവീട്ടു്
പറമ്പാരം, കട്ടുതുരുത്തി.






പന്തക്കു: 4-ാം ഞായർ

# അത്ഭുതകരമായ മീൻപിടുത്തം

(സുവിശേഷം—വിശുദ്ധ ലൂക്കാ, 5; 1-11)

"അവിടുന്നു ഒരിക്കൽ ജെനസരേത്തു തടാകത്തിൻെറ സമീപെ നില്ക്കുകയിൽ ദൈവവചനം കേൾക്കുവാൻ ജനക്കൂട്ടം അവിടുത്തെ ചുററിലും തടിച്ചുകൂടി. കരയ്ക്കടുത്തുള്ള രണ്ടു പടവുകൾ നങ്കൂരമിട്ടു കിടക്കുന്നതു അവിടുന്നു കണ്ടു; മീൻപിടുത്തക്കാർ കരയ്ക്കിറങ്ങി തങ്ങളുടെ വലകൾ കഴുകുകയായിരുന്നു. ഉടനെ അവിടുന്നു ഒരു പടവിൽ കയറി. അതു ശിമോൻെറതായിരുന്നു. കരയിൽനിന്നു അതു അല്പം ദൂരം മാററിയിടുവാൻ അവിടുന്നു അവനോടു കല്പിച്ചു. ആ പടവിൽ ഇരുന്നുകൊണ്ടു അവിടുന്നു ജനങ്ങളെ പഠിപ്പിക്കുവാൻ തുടങ്ങി. അവിടുന്നു പ്രസംഗം അവസാനിപ്പിച്ചപ്പോൾ ശിമോനോടു പറഞ്ഞു: ആഴത്തിലേക്കു മാററി മീൻപിടിക്കുവാനായി വല വീശുക. അപ്പോൾ ശിമോൻ, ഗുരോ, ഞങ്ങൾ രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല, എങ്കിലും അവിടുത്തെ വാക്ക



ജനക്കൂട്ടം വന്നുചേരുന്നു


നുസരിച്ചു ഞാൻ വലയിറക്കാം എന്നു മറുപടി പറഞ്ഞു. അവർ അപ്രകാരം ചെയ്തപ്പോൾ വല പൊളിയത്തക്കവണ്ണം വളരെയധികം മത്സ്യം അവർക്കു കിട്ടി. അതിനാൽ മറേറ പടവിലുണ്ടായിരുന്ന സഹപ്രവർത്തകന്മാരെ സഹായത്തിനു വിളിക്കുവാൻ അവർ നിർബന്ധിതരായി. ഇവർ വന്നപ്പോൾ രണ്ടു പടവുകളും മുങ്ങാറാകത്തക്കവണ്ണം അവർ നിറച്ചു. ഇതുകണ്ടു് ശിമോൻ പത്രോസു് ഈശോയുടെ കാല്ക്കൽ വീണു്, ഞാൻ പാപിയാകയാൽ, ഗുരോ, എന്നെ വിട്ടുപോകേണമേ, എന്നപേക്ഷിച്ചു. അവർ പിടിച്ച മീൻകണ്ടു്, അവനും അവൻെറ കൂട്ടുകാരും ഭയവിഹ്വലരായി. ശിമോൻെറ സഹപ്രവർത്തകന്മാരായിരുന്ന സെബദീപുത്രന്മാർ — യാക്കോബിനും യോഹന്നാനും ഇങ്ങിനെതന്നെ സംഭവിച്ചു. എന്നാൽ ഈശോ ശിമോനോടു പറഞ്ഞു: നീ ഭയപ്പെടേണ്ടാ; ഇനിമേൽ നീ മനുഷ്യരെ പിടിക്കുന്നവനാകും. അവർ തങ്ങളുടെ പടവു കരയ്ക്കടുപ്പിച്ചശേഷം സർവ്വതും ഉപേക്ഷിച്ചു അവിടുത്തെ അനുഗമിച്ചു."

പിതാവു്:- ഇന്നത്തെ സുവിശേഷത്തിലെ സംഭവം നിങ്ങൾക്കെല്ലാവർക്കും മനസ്സിലായോ?

കുട്ടികൾ:- ഉവ്വ്, ഉവ്വ്, ഉവ്വ്.

പിതാവു്:- ജോണി പറയൂ, എന്താണാ സംഭവം.

ജോണി:- ഈശോ പത്രോസിനോടു വലവീശാൻ പറഞ്ഞു. പത്രോസു് വീശി. വലനിറച്ചു മീനുകൾ കുടുങ്ങി. വല പൊളിച്ചേക്കുമെന്നു പത്രോസു് പേടി



പത്രോസു ക്രിസ്തുവിൻെറ കാല്ക്കൽ വീഴുന്നു.


ച്ചു. കൂട്ടുകാരെ വിളിച്ചു. എല്ലാവരും വള്ളങ്ങൾ നിറച്ചു മീൻപിടിച്ചുകൊണ്ടുപോന്നു.

പിതാവു്:- മേരി, വലവീശാൻ പറഞ്ഞപ്പോൾ പത്രോസു് എന്തുപറഞ്ഞു?

മേരി:- രാത്രി മുഴുവനും ഞങ്ങൾ വലയിറക്കുകയായിരുന്നു. പക്ഷെ, ഒന്നും കിട്ടിയില്ല. എങ്കിലും അങ്ങേ കല്പനയനുസരിച്ചു ഞാൻ വലയിറക്കാം എന്നു്.

പിതാവു്:- കണ്ടോ വ്യത്യാസം?

ജോണി:- അതെന്താണപ്പച്ചാ?



മേലിൽ നീ മനുഷ്യരെ പിടിക്കും

പിതാവു്:- ലൂസി പറയട്ടെ, എന്താണു വ്യത്യാസമെന്നു്.

ലൂസി:- വ്യത്യാസമോ, അതു നീ കാണുന്നില്ലേ ജോണീ? രാത്രി മുഴുവനും പത്രോസും കൂട്ടുകാരും കടലിൽകിടന്നു പണിതു. പക്ഷേ ഫലമുണ്ടായില്ല. ഈശോ പറഞ്ഞ സ്ഥലത്തു വലയിട്ടു. വളരെ മീൻ ഒററവലയിൽ കുടുങ്ങി.

പിതാവു്:- ഇതു എത്ര രസകരമായ ഒരു സംഭവമാണെന്നു എല്ലാവരും കാണുന്നില്ലേ?

കുട്ടികൾ:- ഉവ്വ്, ഉവ്വ്,……

പിതാവു്:- എന്നാൽ ഇതിൽ നിന്നു ഒരു നല്ലപാഠം നാം പഠിക്കാനുണ്ടു്. പത്രോസിനെപ്പോലെ രാത്രി മുഴുവൻ നാം പണിപ്പെട്ടാലും ഫലമുണ്ടായെന്നു വരികയില്ല. നേരെമറിച്ചു്, ഈശോയുടെ നിർദ്ദേശമനുസരിച്ചു നാം പ്രവർത്തിച്ചാൽ വലിയ ഫലംകിട്ടും. ഇതു നമ്മുടെ ആത്മീയകാര്യങ്ങളിൽ പ്രത്യേകിച്ചും നാമോർക്കണം. നമ്മുടെ നന്മപ്രവൃത്തികൾ ഓരോന്നും ഫലമുള്ളതാകണമെങ്കിൽ അതു നാം ഈശോയുടെ ഇഷ്ടത്തിനനുസരിച്ചും ഈശോയ്ക്കുവേണ്ടിയും ചെയ്യണം. മാത്രമല്ല നമ്മുടെ ലൗകികകാര്യങ്ങളിലും ഇങ്ങനെത്തന്നെയാണു് വേണ്ടതു്. നമ്മുടെ എത്രയെങ്കിലും പരിശ്രമം വിജയപ്രദമാകണമെങ്കിൽ ദൈവത്തെ മറന്നു ആ പ്രവൃത്തിയിൽമാത്രം ശ്രദ്ധ മുഴുവനും വച്ചതുകൊണ്ടു പ്രയോജനമില്ല. നമ്മുടെ എല്ലാ കാര്യങ്ങളിലും "ഞാൻ പാതി, ദൈവം പാതി" എന്നുള്ള പ്രമാണം ഓർമ്മിക്കണം, ഉദാ: നിങ്ങൾ പഠിക്കുന്നില്ലേ. അതു ദൈവത്തെ ഓർത്തും അവിടുത്തെ സഹായം അപേക്ഷിച്ചും ചെയ്യുക. വലിയ ഫലമുണ്ടാകും. അങ്ങിനെ എല്ലാം. എല്ലാവർക്കും മനസ്സിലായില്ലേ. എല്ലാവരും അങ്ങനെ ചെയ്യുമോ?

കുട്ടികൾ:- ഉവ്വ്, ഉവ്വ്,……

—o—

## അടുത്തയാഴ്ചയിൽ

ജൂലൈ

4 ഞാ: പന്തക്കുസ്താ 4-ാം ഞായർ കർത്താവിൻെറ തിരുരക്തം
5 തി: അൻറൺസക്കരിയാസ്
6 ചൊ: ഇസയാസ്
7 ബു: സിറിലും മെത്തോഡിയൂസും
8 വ്യാ: ഇസബെല്ല
9 വെ: തോമസ്മൂർ
10 ശ: റുഫീനാ

## ഇടവകവാർത്തകൾ

പാലാ: പാലാ സെൻറു് തോമസ്സ് കോളെജിൽനിന്നും ബി. എ., ബി. എസ്സ്.സി. പരീക്ഷകൾക്കു് ആദ്യമായി ചേന്ന വിദ്യാർത്ഥികൾ എല്ലാവിഷയങ്ങൾക്കും 80 ശതമാനത്തിൽ കൂടുതലുള്ള പ്രശസ്തമായ വിജയം നേടിയിരിക്കുന്നു. യൂണിവേഴ്സിററിയിൽ പ്രഥമസ്ഥാനം തന്നെ കരസ്ഥമാക്കിയിട്ടുള്ള പാലാ കോളെജു് പ്രശംസാർഹമത്രെ.

കൊരട്ടി: ഇവിടത്തെ ചെറുപുഷ്പ മിഷൻലീഗിൻെറ ജോയിൻറു് സെക്രട്ടറി മിസ്സ് പി. ററി. ത്രേസ്യാമ്മ വിശാഖപട്ടണം മിഷനിൽ ചേരുന്നതിനായി കഴിഞ്ഞ ആഴ്ച ഇവിടെനിന്നും യാത്രതിരിക്കുകയുണ്ടായി. തദവസരത്തിൽ മിഷൻലീഗു് വകയായി ഒരു യാത്രയയപ്പു നൽകി.

പോത്താനിക്കാട്ടു്: മരിയൻജൂബിലി സംബന്ധിച്ചുള്ള പരിഹാരപ്രദക്ഷിണം പോത്താനിക്കാട്ടു് ജൂബിലിമെമ്മോറിയൽ കപ്പേളയിൽനിന്നും കൈയിൽ മരക്കുരിശു വഹിച്ചും കൊന്ത ജപിച്ചും പൈങ്ങോട്ടുരേക്കു പുറപ്പെട്ടു്, പൈങ്ങോട്ടൂർ ഇടവകക്കാരും യോജിച്ചു് ആ പള്ളിമൈതാനത്തു് എത്തിച്ചേർന്നു. റവ. ഫാ. തോമസു് നെടുങ്കല്ലേൽ എം. എ. ബി. ടി. അവിടെവച്ചു മരിയഭക്തിയെപ്പററി പ്രസംഗിച്ചു. വാഴ്വിനുശേഷം ചടങ്ങുകൾ സമാപിച്ചു.

—o—

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol· 27 ‖ ERNAKULAM, JUNE 30, 1954 ‖ No. 43

## കത്തോലിക്കരും സാമൂഹ്യസേവനവും

### III

അഖിലേന്ത്യാ കാത്തലിക്ക് സോഷ്യൽകോൺഫറൻസിന്റെ VIIവരെ പ്രമേയങ്ങൾ ഞങ്ങൾ കഴിഞ്ഞ രണ്ടു ലക്കങ്ങളിലായി ചേർത്തിരുന്നുവല്ലോ. തുടർന്നുള്ള പ്രമേയങ്ങളാണ് താഴെ ചേർക്കുന്നതു്:

**VII രൂപതകളെ ഭാഷാടിസ്ഥാനത്തിൽ ഗ്രൂപ്പുതിരിക്കുന്നു**

സാമൂഹ്യപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനു അവ പ്രാദേശികമായും ഭാഷാടിസ്ഥാനത്തിലും സംഘടിപ്പിക്കേണ്ടതു ആവശ്യമാണെന്നു കോൺഫറൻസു മനസ്സിലാക്കുകയും, രൂപതകളെ താഴെ പറയുന്ന വിധത്തിൽ ഗ്രൂപ്പുകളായി തിരിക്കണമെന്നു നിശ്ചയിക്കുകയും ചെയ്യുന്നു:-

a) തമിഴ് ഏരിയ: മദ്രാസ്-മൈലാപ്പൂർ, വെല്ലൂർ മുതലായ രൂപതകൾ.

b) മലയാളം ഏരിയ: എറണാകുളം, വരാപ്പുഴ, തിരുവനന്തപുരം, ചങ്ങനാശ്ശേരി, പാലാ, ആലപ്പുഴ, കൊല്ലം, തൃശൂർ, വിജയപുരം, കോട്ടയം, കൊച്ചി, തലശ്ശേരി (കേരളത്തിലെ ചില രൂപതകൾ ചേർത്തുകാണുന്നില്ല.-പ.)

c) തെലുഗു ഏരിയ: ഹൈദരബാദ്, ഗുണ്ടൂർ മുതലായവ.

d) കന്നാടക ഏരിയ: ബാംഗളൂർ, മാംഗളൂർ മുതലായവ.

e) ഹിന്ദി ഏരിയ: ഡെൽഹി-സിംല, അജ്മീർ മുതലായവ.

f) ബംഗാളി-ആസ്സാമീസ് ഏരിയ: കൽക്കട്ട, കൃഷ്ണനഗർ മുതലായവ.

g) മറാത്തി-ഗുജറാത്തി ഏരിയ: ബോംബെ, പൂന മുതലായവ.

നോട്ട്—ഈ ഗ്രൂപ്പുതിരിവിനെ അംഗീകരിക്കുന്നതിനും, അവയുടെ കേന്ദ്രങ്ങൾ നിശ്ചയിക്കുന്നതിനും ഓരോ ഏരിയായിലും പ്രസിഡണ്ടിനെ നിയമിക്കുന്നതിനും കാത്തലിക്ക് ബിഷപ്പ്സ് കോൺഫറൻസിനോടു സവിനയം അഭ്യർത്ഥിച്ചുകൊള്ളുന്നു.

**VIII പ്രാദേശികകമ്മിററികളുടെ ജോലികളും നിയമാവലിയും**

ഓരോ പ്രാദേശികഗ്രൂപ്പിനും ഓരോ രൂപതയിൽനിന്നും നാലു അംഗങ്ങൾ (ഒരു വൈദികൻ, ഒരു അൽമേനി, ഒരു കന്യാസ്ത്രീ, ഒരു അൽമായസ്ത്രീ) വീതമുള്ള ഒരു കേന്ദ്രബോർഡുണ്ടായിരിക്കണമെന്നു കോൺഫറൻസു ശുപാർശചെയ്യുകയും ഓരോ പ്രാദേശികകമ്മിററിയുടേയും പരിപാടിയിൽ താഴെപ്പറയുന്നവ ഉൾക്കൊള്ളേണ്ടതാണെന്നു നിശ്ചയിക്കുകയും ചെയ്യുന്നു.

1. പ്രാദേശികമായ ഭാഷയിലോ, ഭാഷകളിലോ സാമൂഹ്യപ്രശ്നങ്ങളെപ്പററിയുള്ള പ്രസിദ്ധീകരണങ്ങൾ ഉണ്ടാക്കുകയും വിതരണം ചെയ്യുകയും ചെയ്ക;

2. ഇതരഭാഷാ പ്രദേശങ്ങളിൽനിന്നുള്ള സാമൂഹ്യപ്രവർത്തകർവഴി ആ ഭാഷകൾ പഠിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക;

3. കൊല്ലംതോറുമോ, രണ്ടു കൊല്ലത്തിലൊരിക്കലോ സാമൂഹ്യപ്രവർത്തകരുടെ പ്രാദേശികകോൺഫറൻസുകൾ വിളിച്ചുകൂട്ടുകയും അവയിൽ അഖിലേന്ത്യാ കോൺഫറൻസിന്റെ പ്രമേയങ്ങൾ പഠിക്കുകയും പ്രായോഗികമാക്കുന്നതിനുള്ള പദ്ധതികൾ സ്വീകരിക്കുകയും, അതതു ഏരിയാകളിൽ പ്രത്യേകമായുള്ള പ്രശ്നങ്ങളെപ്പററി പഠനം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുകയും, അഖിലേന്ത്യാ കോൺഫറൻസിൽ ചർച്ചചെയ്യപ്പെടേണ്ട കാര്യങ്ങളെപ്പററി ഒരു പരിപാടി തയാറാക്കുകയും ചെയ്യുക എന്നിവയാകുന്നു.

അടുത്ത പ്രാദേശിക കോൺഫറൻസ് ഇക്കൊല്ലം ഡിസമ്പർ മാസത്തിൽ നടത്തപ്പെടേണ്ടതാണ്.

താഴെ പേരു പറയുന്ന പ്രതിനിധികളെ അതതു പ്രാദേശിക കമ്മററിയംഗങ്ങളായി നിയമിക്കുകയും കൂടുതൽ അംഗങ്ങളെ ആവശ്യമെങ്കിൽ കോ ഓപ്ററുചെയ്യുന്നതിനു അവരെ അധികാരപ്പെടുത്തുകയും ചെയ്യുന്നു. അവരോടു കോൺഫറൻസു അഭ്യർത്ഥിക്കുന്നതായതു്:

a) കമ്മററിയുടെ പൂർണ്ണവും വിശദവുമായ ഒരു നിയമാവലി പാടുള്ള വേഗത്തിൽ തയാറാക്കുക;

b) ഗവമ്മേണ്ടിൽനിന്നും സഹായധനം ആവശ്യപ്പെടാവുന്ന സാമൂഹ്യപ്രവർത്തനങ്ങളെ സംബന്ധിച്ചും, ദേശീയഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള സാമൂഹ്യഗ്രന്ഥങ്ങളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചു പൂനായിലുള്ള സോഷ്യൽ ഇൻസ്ലിററ്യൂട്ടിലേക്കയക്കുക;

c) ഓരോ ഏരിയാകളിലും പ്രത്യേകം പ്രത്യേകം സ്ഥലങ്ങളിൽ സാമൂഹ്യവാരങ്ങൾ നടത്തുന്നതിനുള്ള സാദ്ധ്യതകളെയും അവയിൽ പ്രതിപാദിക്കപ്പെടേണ്ട വിഷയങ്ങളെയും സംബന്ധിച്ച വേണ്ട അന്വേഷണങ്ങൾ നടത്തുക.

**പ്രാദേശികകമ്മിററികൾ**

1. തമിഴ് ഏരിയ:..........

2. മലയാളം ഏരിയ: റവ. ഫാദർ ജെറോം ഒ. സി. ഡി; മി. ജോസഫ് മാഞ്ഞൂരാൻ; മി. പി. ടി. ജോബ്.

3. തെലുഗു് ഏരിയ:.........

**IX അകത്തോലിക്കരുമായുള്ള സഹകരണം**

ഈ സംഘടനയും അതിന്റെ കത്തോലിക്കാ സാമൂഹ്യപ്രവർത്തനങ്ങളും കത്തോലിക്കരുടെ അധീനതയിൽ ഇരിക്കേണ്ടതാണ്. എന്നാൽ സൗകര്യമുള്ള സ്ഥലങ്ങളിലും ആത്മാർത്ഥമായ സഹായങ്ങൾ പ്രതീക്ഷിക്കാവുന്ന സാഹചര്യങ്ങളിലും അകത്തോലിക്കരുടെ സഹകരണം സ്വീകരിക്കാവുന്നതാണ്.

സാമൂഹ്യസ്ഥിതി ഉന്നമിപ്പിക്കുന്നതിനുള്ള എല്ലാ സാമൂഹ്യപ്രവർത്തനങ്ങളിലും, അവശതയനുഭവിക്കുന്നവരെ സഹായിക്കുന്നതിലും നമ്മുടെ സഹോദരസ്നേഹം യഥാർത്ഥത്തിൽ കത്തോലിക്കാപരവും നമ്മുടെ വീക്ഷണം വാസ്തവത്തിൽ ദേശീയവുമായിരിക്കത്തക്കവണ്ണം അതിന്റെ ഗുണാനുഭവങ്ങളിൽ കത്തോലിക്കരല്ലാത്തവരേയും ഉൾപ്പെടുത്തേണ്ടതാണ്.

കത്തോലിക്കർ വ്യക്തികളെന്നനിലയിലും സംഘടനകളെന്നനിലയിലും ധാരാളമായി "ഭാരതസേവാസമാജം" മുതലായ ഗവമ്മെൻറംഗീകൃതസംഘടനകളിലും "സാമൂഹ്യസേവനത്തിന്റെ ഇന്ത്യൻ കോൺഫറൻസു" മുതലായ അനൗദ്യോഗികസംഘടനകളിലും, ബിഷപ്പ്സ് കോൺഫറൻസിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചു ചേരുന്നതിനു പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

കമ്മ്യൂണിററി പ്രോജക്ട് ചീഫ് അഡ്മിനിസ്ട്രേററുടെ ക്ഷണമനുസരിച്ച് സേവനങ്ങൾ വഴിക്കും ജനങ്ങളോടുള്ള ഉപദേശങ്ങൾവഴിക്കും പ്രോജക്ട് പ്രവർത്തനങ്ങളിൽപരിപൂർണ്ണമായി സഹകരിക്കുന്നതിനു കമ്മ്യൂണിററി പ്രോജക്ട് ഏരിയാകളിലുള്ള ഇടവകവൈദികരോടും സെമ്മിനാരികളോടും മററു വിദ്യാസ്ഥാപനങ്ങളോടും പ്രത്യേകം അഭ്യർത്ഥിക്കേണ്ടതാണ്.

**X സാമൂഹ്യപ്രവർത്തകരുടേയും ട്രേഡ്‌യൂണിയനു നേതാക്കന്മാരുടേയും പരിശീലനം**

നാനാതരത്തിലുള്ള സാമൂഹ്യപ്രവർത്തകരെ പരിശീലിപ്പിക്കേണ്ടതിന്റെ അവശ്യാവശ്യകത ഈ കോൺഫറൻസ് നന്നായി മനസ്സിലാക്കുന്നതുകൊണ്ടു് അതേപ്പററി തീരുമാനിക്കുന്നതായതു്:

a) കൽക്കട്ട സെൻറ് സേവിയേഴ്സ് കോളെജ്, ബോംബെ സെൻറ് സേവിയേഴ്സു് കോളെജ്, മദ്രാസിലെ ലയോള കോളെജ്, സ്റ്റെല്ലാമാരീസു്, കാത്തലിക്ക സെൻറർ, തൃശ്ശിനാപ്പിള്ളിയിലെ സെൻറ് ജോസഫ്സ്, മംഗലാപുരത്തെ സെൻറ് അലോഷ്യസു എന്നീ സ്ഥാപനങ്ങൾ സാമൂഹ്യപ്രവർത്തകന്മാരുടെ പരിശീലനത്തിനുവേണ്ടി നടത്തുന്ന ഒരു മുഴുവൻകൊല്ലത്തെ ഡിപ്ലോമാകോഴ്സും ജാംഷെഡ്പൂരിലെ സേവ്യർ സ്കൂൾ ലേബർ റിലേഷൻസു് നടത്തുന്ന രണ്ടു കൊല്ലത്തെ പരിശീലനകോഴ്സും സംബന്ധിച്ച് ഈ കോൺഫറൻസിനുള്ള അപാരമായ ബഹുമാനം രേഖപ്പെടുത്തുകയും, സാമൂഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുദ്ദേശിക്കുന്ന കത്തോലിക്കരോടു അവയിൽ ചേരണമെന്നു പ്രത്യേകം ശുപാർശചെയ്യുകയും, യുവാക്കന്മാർക്കും യുവതികൾക്കുമായി നടത്തപ്പെടുന്ന മററു കത്തോലിക്കാ കോളെജുകളും അപ്രകാരമുള്ള കോഴ്സുകൾ ഏർപ്പെടുത്തണമെന്നഭ്യർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.

ടാററാ ഇൻസ്ലിററ്യൂട്ടിലെ ഡിപ്ലോമാകോഴ്സിന്റെ മാതൃകയിൽ രണ്ടോ മൂന്നോ കൊല്ലം ദീർഘിക്കുന്ന ഒരു പൂർണ്ണഗ്രാഡുവേററുകോഴ്സു് ഇവയിൽ ഏതെങ്കിലും കോളെജിൽ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് അവരുടെ ശ്രദ്ധയെ ഈ കോൺഫറൻസു ക്ഷണിച്ചുകൊള്ളുന്നു.

b) നഗരകേന്ദ്രങ്ങളിലും ഗ്രാമകേന്ദ്രങ്ങളിലും ഇടവക സെൻററുകളിലെ പ്രവർത്തകരെ പരിശീലിപ്പിക്കുന്നതിനു രണ്ടോ മൂന്നോ മാസത്തെയോ, കുറഞ്ഞപക്ഷം രണ്ടാഴ്ചത്തെയെങ്കിലുമോ ഒരു പരിശീലനക്ലാസ്സ് ഏർപ്പെടുത്തുന്നതിനു വേണ്ട നടപടികൾ നടത്തണമെന്നു രൂപതാ ഡയറക്ടറന്മാരോടു് ഈ കോൺഫറൻസു് ശുപാർശചെയ്യുകയും അതിനുവേണ്ടി അതതേരിയായിലുള്ള സ്കൂളുകളുടേയും കോളെജുകളുടേയും സഹായം സമ്പാദിക്കണമെന്നു് അനുസ്മരിപ്പിക്കുകയും ചെയ്യുന്നു.

ട്രേഡ്‌യൂണിയൻ പ്രസ്ഥാനത്തിൽ സ്വാധീനവും നേതൃത്വവും സമാർജ്ജിക്കത്തക്കവണ്ണം കത്തോലിക്കാ ട്രേഡ്‌യൂണിയൻ പ്രവർത്തകരെ കഴിവുള്ളിടത്തെല്ലാം സംഘടിപ്പിച്ചു അവർക്കു ട്രേഡ്‌യൂണിയൻ പ്രവർത്തനങ്ങളിലും തൊഴിൽ ബന്ധങ്ങളിലും പ്രത്യേക പരിശീലനം നൽകേണ്ടതാവശ്യമാണ്.

തൊഴിലാളികൾക്കു പ്രത്യേക സംഘടനയില്ലാത്ത സ്ഥലങ്ങളിൽ സ്വതന്ത്രയൂണിയനുകൾ സംഘടിപ്പിക്കുന്നതിനോ, കത്തോലിക്കാ ആദർശങ്ങൾക്കു വിരുദ്ധമല്ലാത്ത മററു യൂണിയനുകളോടു് സംഘടിപ്പിച്ചു ശാഖായൂണിയനുകൾ സമാരംഭിക്കുന്നതിനോ കത്തോലിക്കാ തൊഴിലാളികൾ പ്രോത്സാഹിപ്പിക്കപ്പെടണം.

നിലവിലുള്ളതോ, സമാരംഭിക്കപ്പെടുന്നതോ ആയ ലേബർ റിലേഷൻസ് കോഴ്സുകൾവഴിയായി കത്തോലിക്കരുടേയും അകത്തോലിക്കരുടേയും ഇടയിൽ ട്രേഡ്യൂണിയൻ നേതാക്കന്മാരെ പരിശീലിപ്പിക്കുന്നതിൽകത്തോലിക്കാ ഏജൻസികൾ മുൻകൈയെടുത്തു പ്രവർത്തിക്കണം.

c) നാഗപ്പൂർ മെത്രാൻ മഹാവന്ദ്യ ദിവ്യശ്രീ യൂജിൻ ഡിസൂസാ തിരുമേനിയുടെ നിർദ്ദേശത്തെ ഈ കോൺഫറൻസു് സ്വാഗതം ചെയ്യുകയും, അതനുസരിച്ച് കഴിവുള്ള വേഗത്തിൽ ഡെനോബിലി കോളേജിന്റേയും പൂനാ സോഷ്യൽ ഇൻസ്ലിററ്യൂട്ടിന്റേയും സഹകരണത്തിൽ വൈദികർക്കായി ഒരു കൊല്ലത്തെ ഒരു പ്രത്യേക കോഴ്സു് സമാരംഭിക്കേണ്ടതും പിന്നീടു് അതു ഒരു ഡിഗ്രികോഴ്സായി വിപുലപ്പെടുത്തേണ്ടതുമാണെന്നു പ്രത്യേകം ശുപാർശചെയ്യുകയും ചെയ്യുന്നു. ഈ പ്രമേയം നടപ്പിലാക്കുന്നതിനു പ്രസ്തുത സ്ഥാപനങ്ങൾക്കു വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനു് ബിഷപ്പ്സു് കോൺഫറൻസിനോടഭ്യർത്ഥിക്കുന്നു.

d) സാമൂഹ്യപ്രവർത്തകരെ പരിശീലിപ്പിക്കുന്നതിനു പുറമെ നമ്മുടെ പൊതുജനങ്ങൾക്കു സാമൂഹ്യകാര്യങ്ങളിൽ വേണ്ട അറിവു നൽകുന്നതിനായി സാമൂഹ്യവാരങ്ങൾ ആചരിക്കപ്പെടണമെന്നു നിർദ്ദേശിക്കുകയും, പ്രൊവിൻഷ്യൽ കമ്മിററികളും പ്രാദേശികകമ്മിററികളും അവർ തിരഞ്ഞെടുക്കുന്ന പററിയ സെൻററുകളിൽ അടുത്ത കൊല്ലത്തിൽ അപ്രകാരമുള്ള സാമൂഹ്യവാരങ്ങൾ നടത്തണമെന്നു ശുപാർശചെയ്യുകയും ചെയ്യുന്നു.

എറണാകുളം അതിരൂപതയിലെ സഹായമെത്രാൻ ഡോക്ടർ ജെ. പാറേക്കാട്ടിൽ തിരുമനസ്സിലെ നിർദ്ദേശാനുസരണം, അടുത്തവർഷം, 1955 ഒരു സാമൂഹ്യപഠനവത്സരമായി പ്രഖ്യാപനം ചെയ്യണമെന്നു ഈ കോൺഫറൻസു ബിഷപ്പ്സു് കോൺഫറൻസിനോടു് വിനീതമായി അഭ്യർത്ഥിക്കുന്നു. പ്രസ്തുത വത്സരത്തിൽ ഇടവകകളുടെ എല്ലാ പ്രസംഗവേദികളിൽനിന്നും, വേദപാഠക്ലാസ്സുകളിലും, പൊതുവെ എല്ലാ സ്കൂളുകളിലും കോളേജുകളിലുംനിന്നും സാമൂഹ്യാദ്ധ്യാപനം നിർവ്വഹിക്കത്തക്കവണ്ണം ഒരു പദ്ധതി രൂപവല്ക്കരിക്കുന്നതിനു ഒരാളേയോ ഏതാനും ആളുകളേയോ നിയമിക്കേണ്ടതാണ്.

e) പൂനാ ഇൻസ്ലിററ്യൂട്ടിൽനിന്നും തയാറാക്കുന്നതിനു അഭ്യർത്ഥിച്ചിരുന്നതും ഇനിയും പ്രസിദ്ധീകരിച്ചിട്ടില്ലാത്തതുമായ സാമൂഹ്യപ്രവർത്തകർക്കു വേണ്ടിയുള്ള കൈപ്പുസ്തകം കഴിവുള്ളതും വേഗത്തിൽ—നിവൃത്തിയുള്ളപക്ഷം അടുത്ത റീജിയനൽ കോൺഫറൻസിനുമുമ്പായി—തയാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണെന്നും, അതു തയാറാക്കുന്നതിൽ ഈ കോൺഫറൻസിൽ പ്രതിനിധികൾ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ഉപയോഗപ്രദമാക്കാവുന്നതാണെന്നും തീരുമാനിക്കുന്നു.

**XI സാമൂഹ്യപ്രവർത്തകരുടെ അഖിലേന്ത്യാ സംഘടനയും ഒരു വൃത്താന്തപ്പത്രവും**

പ്രാദേശികക്കമ്മിററികൾ സംഘടിപ്പിച്ചുകഴിഞ്ഞശേഷം അവകളെ ഒന്നിപ്പിച്ചു ഒരു അഖിലേന്ത്യാ ഫെഡറേഷൻ രൂപീകരിക്കണം. ഈ ഫെഡറേഷൻ ആയിരിക്കും സ്ഥിരമായ കാത്തലിക്ക സോഷ്യൽ കോൺഫറൻസ്. അതു കാത്തലിക്ക് സോഷ്യൽ വർക്കേഴ്സു് ഇൻറർനാഷനൽ ഓർഗനൈസേഷന്റെ ഒരു നാഷനൽ ഘടകമായിരിക്കും. ഇപ്രകാരം ഈ നാഷനൽ സോഷ്യൽ കോൺഫറൻസുവഴി എല്ലാ സാമൂഹ്യപ്രവർത്തകന്മാരും ഒരു അഖിലേന്ത്യാ സംഘടനയുടെ ദേശീയഘടകങ്ങളിൽ പ്രവർത്തിക്കുന്ന അംഗങ്ങളായിപരിണമിക്കും.

സാമൂഹ്യശാസ്ത്രത്തിന്റെ തത്വങ്ങളെ പ്രതിപാദിക്കുന്നതിനു സോഷ്യൽ ആക്ഷൻ മാസികയുണ്ടു്. എന്നാൽ അതിനുപുറമെ സാമൂഹ്യപ്രവർത്തനങ്ങളുടെ വാർത്താവിതരണത്തിനുതകുന്ന ഒരു പത്രംകൂടി ആവശ്യമുണ്ടു്. അതുവഴിയായിട്ടാണ് സാമൂഹ്യപ്രവർത്തകന്മാർ തമ്മിലും പ്രവർത്തനങ്ങൾ തമ്മിലും ഐക്യവും, ആനുരൂപ്യവും, പരസ്പരസഹായവും കൈവരുത്തേണ്ടതു്. ഇതിനു പ്രാരംഭമായി ഓരോ പ്രാദേശികവാർത്താകുറിപ്പുകൾ ഓരോ ഏരിയായിലും സമാരംഭിക്കാവുന്നതും അവയെ കാലാന്തരത്തിൽ അഖിലേന്ത്യാ സോഷ്യൽ കോൺഫറൻസിന്റെ ഔദ്യോഗികനാവായി രൂപാന്തരപ്പെടുത്താവുന്നതുമത്രെ.

**XII വിദേശമിഷനറിമാരെ സംബന്ധിച്ച പ്രത്യേക പ്രമേയം**

അവസാനമായി കോൺഫറൻസു ഇന്നത്തെ ഒരു ജീവൽപ്രശ്നമായ വിദേശമിഷനറികാര്യത്തെ ചർച്ചചെയ്തു. ഭാരതത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും പൊതുപ്രാതിനിധ്യത്തോടു കൂടി സമ്മേളിച്ചിരുന്ന സ്ത്രീപുരുഷന്മാരുൾപ്പെട്ട കോൺഫറൻസ്ഭാരതത്തിൽ വിദേശമിഷനറിമാർ നിർവ്വഹിച്ചിട്ടുള്ള മഹത്തായ സമുദായോന്നമനസംരംഭങ്ങളെപ്പററിയുള്ള അവരുടെ നിസ്തുലമായ ബ

## തിരുനാൾ മംഗളം



കോട്ടയം മെത്രാൻ
റൈററ് റവ. ഡോക്ടർ തോമസ് തറയിൽ ഡി. ഡി.
(തിരുനാൾ ജൂലൈ 3.)

ഹുമാനത്തെ രേഖപ്പെടുത്തുന്നതും, ഗവമ്മെൻറുകൾ ഇന്നുവരെയും അവക്കനുവദിച്ചിരുന്ന പ്രവർത്തനസ്വാതന്ത്ര്യങ്ങളെമേലിലും അവക്കനുവദിച്ചുകൊടുക്കണമെന്നഭ്യർത്ഥിക്കുന്നതും, മിഷനറിമാക്കെതിരായും ക്രിസ്തുമതത്തിനെതിരായും ചില വർഗ്ഗീയസംഘടനകളിൽനിന്നും തല്പരകക്ഷികളിൽനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന എതിർപ്പുകളേയും ക്രിസ്തുമതത്തിലേക്കു മാനസാന്തരപ്പെട്ടുന്നവരെ പലേവിധത്തിൽ ദ്രോഹിക്കുന്ന രീതികളേയും കഠിനമായിപ്രതിഷേധിക്കുന്നതും, മദ്ധ്യപ്രദേശത്തു വിദേശമിഷനറിമാക്കെതിരായികൊണ്ടുവന്നിട്ടുള്ള ആരോപണങ്ങളെപ്പററിഅന്വേഷിക്കുന്നതിനു നിയോഗിക്കപ്പെട്ടിട്ടുള്ള കമ്മിററിയുടെ നിയമനത്തിൽ സംതൃപ്തി രേഖപ്പെടുത്തിക്കൊണ്ടു നിഷ്പക്ഷവും കത്തോലിക്കാസമുദായത്തിനു നീതിലഭിക്കത്തക്കവണ്ണവുമുള്ള ഒരന്വേഷണം നടത്തണമെന്നു കമ്മിററിയംഗങ്ങളോടഭ്യർത്ഥിക്കുന്നതുമായ ഒരു പ്രത്യേകപ്രമേയം പാസ്സാക്കപ്പെട്ടു. അതു ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളിൽ അയച്ചുകൊടുക്കുന്നതിനു കോൺഫറൻസു് പ്രസിഡൻറു് മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമേനിയെ ഭാരപ്പെടുത്തി.

പരിശുദ്ധ മാർപ്പാപ്പായുടെ നേക്കുള്ള പുത്രനിർവ്വിശേഷമായ സ്നേഹാദരങ്ങൾ രേഖപ്പെടുത്തുന്ന പ്രമേയവും പാസ്സാക്കി.

## പ്രസാധകക്കുറിപ്പുകൾ

### നാഗപ്പൂർ മെത്രാപ്പോലീത്തായുടെ മെമ്മോറാണ്ഡം

മദ്ധ്യപ്രദേശ് സംസ്ഥാനത്തിലെ കത്തോലിക്കാമിഷനറിമാക്കെതിരായ ആരോപണങ്ങളെ പരാമർശിച്ചു് നാഗപ്പൂർ മെത്രാപ്പോലീത്താ എവുജീൻ ഡിസൂസാ തിരുമേനി ആ സംസ്ഥാനത്തിലെ മുഖ്യമന്ത്രിക്കു സമർപ്പിച്ചതും, പ്രധാനമന്ത്രി നെഹ്റുവിനുംമററും പകർപ്പുകൾ അയച്ചുകൊടുത്തതുമായ മെമ്മോറാണ്ഡത്തിൽ ചെയ്തിരിക്കുന്ന വെല്ലുവിളി ഏററവും ശ്രദ്ധേയമാണു്. മദ്ധ്യപ്രദേശത്തു് കത്തോലിക്കാമിഷനറിമാർ (ഫ്റഞ്ചുകാർ) ആദ്യമായി വന്നിട്ടു് നൂറിൽ ചില്വാനം വർഷങ്ങളായി. ഇക്കാലത്തിനുള്ളിൽ ഈ മിഷനറിമാരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചു് ഗവമ്മെൻറിനോ, പബ്ളിക്കിനോ യാതൊരു സംശയത്തിൻേറയും ലാഞ്ചനപോലും ഒരിക്കലും ഉണ്ടായിട്ടില്ലെന്നു് "എനിക്കു ഉറപ്പു പറയാൻ കഴിയും" എന്നു് തിരുമേനി പ്രസ്താവിക്കുന്നു. ആ സംസ്ഥാനത്തിൻെറ അതിർത്തിക്കുള്ളിൽ ഒരു ചെറിയഗണം ഫ്റഞ്ചുകാർ ജീവിക്കുകയും പ്രവർത്തിക്കുകയും ക്ലേശിക്കുകയും ചെയ്യുന്നുണ്ടെന്നുള്ള വസ്തുത ഗവമ്മെൻറിനോ, ആറംഗങ്ങളുള്ള പരിശോധനക്കമ്മീഷനോ ഇന്നേവരെ പൂർണ്ണമായും അറിവുണ്ടായിരുന്നില്ലെന്നു് "എനിക്കു നിശ്ചയമുണ്ടു്." അത്ര പൂർണ്ണമായിട്ടാണു് ഈ മിഷനറിമാർ ജനങ്ങളുമായി താദാത്മ്യത്തോടുകൂടി ജീവിച്ചുപോന്നിട്ടുള്ളതു്. ഇവരിൽ പലരും അവരുടെ ജന്മനാട്ടിലേക്കു് ഒരിക്കലും തിരിച്ചുപോയിട്ടില്ല. തങ്ങൾ സേവനംചെയ്യുന്ന ജനങ്ങളുടെ ഇടയിൽ, ആത്മാർത്ഥമായി സ്നേഹിക്കുവാനും ബഹുമാനിക്കുവാനും തങ്ങൾ പരിശീലിച്ച ഈ രാജ്യത്തു്, തങ്ങളുടെ അസ്ഥികൾ കിടന്നുകൊള്ളട്ടെ എന്നു് അവരിൽ മിക്കവാറും എല്ലാവരും സമനസാ തീർച്ചയാക്കിയിട്ടുണ്ടു്. കത്തോലിക്കാമിഷനറിമാർ യാതൊരു ഗവമ്മെൻറിൽനിന്നും ദൗത്യം വാങ്ങിവന്നിട്ടുള്ളവരല്ല. മിഷനറിമാർ അംഗങ്ങളായിരിക്കുന്ന ഒരേ സന്യാസസമൂഹത്തിൽ ഫ്റഞ്ചുകാരും, ജമ്മൻകാരും, ബൽജിയൻകാരും എന്നല്ലാ ഇൻഡ്യാക്കാരുമുണ്ടു്. ആകയാൽ പാശ്ചാത്യരാജ്യങ്ങളിലെ സാമ്രാജ്യഗവമ്മെൻറുകൾക്കു് ഈ മിഷനറിമാരിൽ സ്ഥാപിതതാല്പര്യങ്ങൾ ഉണ്ടെന്നുള്ള ആരോപണം പ്രത്യക്ഷത്തിൽത്തന്നെ ഏററവും അപഹാസ്യമായിരിക്കുന്നു. ഓരോ മിഷനറിയും തൻെറ സ്വന്തം ഗവമ്മെൻറിനുവേണ്ടി പ്രവർത്തിക്കുകയും പ്ലാൻ ഇടുകയും അടവുകൾ പ്രയോഗിക്കുകയും ചെയ്യുകയാണെങ്കിൽ അവരുടെ ആ സമൂഹം പരസ്പരവിരുദ്ധതയുടെ കേളീരംഗമായിത്തീരുമെന്നു തീർച്ചയാണല്ലോ എന്നാണു് തിരുമേനി ഉറപ്പിച്ചുപറയുന്നതു്.

* * *

### വിദേശ മിഷനറിമാരോടു് വൈദികാദ്ധ്യക്ഷന്മാർ

1950-ൽ ഇൻഡ്യയിലെ സകല കത്തോലിക്കാവൈദികാദ്ധ്യക്ഷന്മാരും പേപ്പൽ പ്രതിനിധിയുടെ അദ്ധ്യക്ഷതയിൽ ബാംഗളൂർ സമ്മേളിച്ചു നടത്തിയ പ്ലനറി കൗൺസിലിൽനൽകപ്പെട്ട ഉദ്ബോധനം പ്രസ്തുത മെമ്മോറാണ്ഡത്തിൽ നാഗപ്പൂർ മെത്രാപ്പോലീത്താ ഉദ്ധരിച്ചിട്ടുണ്ടു്:-

"വിദേശമിഷനറിമാർ സകല രാഷ്ട്രീയചായ്‌വിൽനിന്നും വിമുക്തരായിരിക്കണം; പരിപൂർണ്ണമായ ആത്മാർത്ഥതയോടുകൂടി വേണം അവർ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യാൻ; ഈ രാജ്യത്തു അവർ നടത്തുന്ന ശുശ്രൂഷയുടെ ആദ്ധ്യാത്മികസ്വഭാവവും, ഈ രാജ്യവാസികളുടെ ക്ഷേമത്തിൽ അവക്കുള്ള താല്പര്യവും, ഈ രാഷ്ട്രത്തിൻെറ നന്മയ്ക്കുവേണ്ടിയുള്ള അവരുടെതീവ്രമായ ആഗ്രഹവും ആ വിധത്തിൽ സകലക്കും സുസ്പഷ്ടമായിരിക്കണം. സർവ്വോപരി ഈ രാജ്യത്തോടുള്ള ദേശഭക്തിയും സിവിലധികാരികളോടുള്ള യഥാർത്ഥമായ വിധേയത്വവും അവർ തങ്ങളിൽ വളർത്തേണ്ടിയിരിക്കുന്നു." വിദേശമിഷനറിമാരുടെ പ്രവർത്തനസമ്പ്രദായത്തിൻെറ മാനദണ്ഡമായി ഈ ഉദ്ബോധനം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു; മാത്രമല്ല മിഷനറിമാർ അതിനു വിരോധമായി വല്ല അബദ്ധവും ചെയ്തുപോയാൽ സിവിലധികാരികളുടെ ഇടപെടൽ കൂടാതെതന്നെ അവരെ നിയന്ത്രിക്കുവാൻ "ഒരു പ്രവർത്തനോപകരണം ഞങ്ങൾക്കുണ്ടെന്നു്" ഈ ഉദ്ബോധനങ്ങൾ തെളിയിക്കുകയും ചെയ്യുന്നു. അതിനും പുറമെ ക്രിസ്ത്യേതരങ്ങളായ നാഗരികതകളുടെ നേർക്കു് തിരുസ്സഭയ്ക്കുള്ള ആദരവു് എത്ര വലുതെയാണെന്നു് പ്രസ്തുത ഉദ്ബോധനങ്ങളും ലോകമാസകലമുള്ള സകല കത്തോലിക്കാ വൈദികക്കും മിഷനറിമാക്കും ഗൗരവാവഹങ്ങളായ ഇത്തരം ഉദ്ബോധനങ്ങൾ നൽകിയിട്ടുള്ള മററനേകം പ്രമാണരേഖകളും ചൂണ്ടിക്കാണിക്കുന്നുണ്ടു്. "കത്തോലിക്കാസഭ തങ്ങളോടു മൈത്രീബന്ധമില്ലാത്ത സ്ഥാപനമാണെന്നു് വല്ല ധാരണയും നമ്മുടെ ഹൈന്ദവമിത്രങ്ങൾക്കും ദേശീയദേ... ൾക്കും ഉണ്ടായിട്ടുണ്ടെങ്കിൽ അവയെ ഈ പ്രമാണരേഖകൾ ദൂരീകരിക്കേണ്ടതാണു്" എന്നു മെത്രാപ്പോലീത്താ ഉറപ്പിച്ചുപറയുന്നു.

* * *

### ആരോപണം അക്രമവും അന്യായവും

മററെല്ലാക്കാര്യങ്ങളിലുമെന്നപോലെ ഇതിലും, ആദ്ധ്യാത്മികസേവനങ്ങളുടെ ലക്ഷ്യം വിസ്മരിക്കുകയും, നിലവിലിരിക്കുന്ന സിവിലധികാരത്തോടു് അനാദരവുണ്ടെന്നു് തോന്നിക്കുന്നതും രാജ്യത്തിൻെറ താല്പര്യങ്ങൾക്കു അനുഗുണമല്ലാത്തതുമായ പ്രസ്താവങ്ങളും, പ്രവൃത്തികളും സ്വയംമറന്നു് പുറപ്പെടുത്തുകയും ചെയ്യുന്ന ചില മിഷനറിമാർ ഉണ്ടെന്നും ഉണ്ടായിരിക്കുമെന്നും "ഞാൻ സമ്മതിക്കുന്നു." എന്നാൽ "ഗവർമെൻറിനും ദേശീയതാല്പര്യത്തിനും എതിരായി പ്രവർത്തിക്കുന്നുവെന്ന കുററം സകല മിഷനറിമാരിലും ആരോപിക്കുന്നതു് അക്രമവും, അന്യായവുമാകുന്നു"വെന്നു് മെത്രാപ്പോലീത്താ തുടന്നു പ്രസ്താവിക്കുന്നു. ഇത്തരം ആരോപണങ്ങൾ അർഹിക്കാത്ത ചുരുക്കം സമൂഹങ്ങളിലൊന്നു് ക്രിസ്ത്യൻസമൂഹമാണെന്നു ചരിത്രം തെളിയിക്കുന്നുണ്ടു്. ഈ വിഷയത്തിൽ കുററക്കാരായ വ്യക്തികൾ ഉണ്ടെങ്കിൽ അവരെ തീർച്ചയായും തിരിച്ചുനിർത്തേണ്ടതാണു്. ഗവർമെൻറിനു ഞങ്ങളെ വിശ്വാസമുണ്ടെങ്കിൽ കുററക്കാരായ മിഷനറിമാരുടെ കാര്യം ഞങ്ങളെ ഏല്പിച്ചുതരട്ടെ. "അത്തരം ക്രമക്കേടുകൾ കഴിയുംവേഗം പരിഹരിക്കപ്പെടുന്നതാണെന്നു ഞങ്ങൾ ഗവർമെൻറിനു് സകല ഉറപ്പുകളും നൽകുന്നു. എന്തുകൊണ്ടെന്നാൽ ആവശ്യകമായ ശിക്ഷണനടപടികൾ നടത്താൻ കത്തോലിക്കാസഭയിലുള്ള ഞങ്ങൾക്കു് വേണ്ടുവോളം നിയമങ്ങളും പര്യാപ്തങ്ങളായ പ്രവർത്തനോപകരണങ്ങളുമുണ്ടു്." വിദേശകത്തോലിക്കാ മിഷനറിമാക്കെതിരായി തല്പരകക്ഷികൾ പുറപ്പെടുവിക്കുന്ന ആക്ഷേപങ്ങളേയും അവയ്ക്കു താങ്ങായി അവർ കൊണ്ടുവരുന്ന തെളിവുകളേയും അപ്പടി വിശ്വസിക്കാതെ, മെമ്മോറാണ്ഡത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള വസ്തുതകളുടേയും ന്യായങ്ങളുടേയും വെളിച്ചത്തിൽ അവയെ പരിശോധിച്ചു് നിഷ്പക്ഷമായ തീരുമാനത്തിലെത്തുകയാണു് ഗവർമെൻറിൻെറ നീതിയുക്തമായ കർത്തവ്യം.

* * *

### കമ്മ്യൂണിസ്റ്റു ബന്ധത്തിൽനിന്നു പിരിഞ്ഞവരുടെ പ്രസ്താവന

വയലാർ സമരത്തിനു മുൻപുമുതൽതന്നെ കമ്മ്യൂണിസ്റ്റുപാർട്ടിക്കുവേണ്ടി പരസ്യമായും രഹസ്യമായുംനിന്നു, തെററോ ശരിയോ എന്നുപോലും ചിന്തിക്കാതെ നേതാക്കന്മാരുടെ ആജ്ഞകൾക്കനുസരിച്ചു ഇതുവരെ പ്രവൃത്തിയെടുത്തിരുന്ന മി. എം. എൻ. കുഞ്ഞൻകുട്ടി മുതലായ 10 പേർ കമ്മ്യൂണിസ്റ്റുപാർട്ടിയുമായുള്ള എല്ലാവിധ ബന്ധങ്ങളിൽനിന്നും തങ്ങൾ പിരിഞ്ഞിരിക്കുന്നുവെന്നു കാണിച്ചു് ഒരു പ്രസ്താവന പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. എന്നുമുതൽ കമ്മ്യൂണിസ്റ്റുപാർട്ടിയുമായി സഹകരണമുണ്ടായോ അന്നുമുതൽതന്നെ അവരുടെ കാപട്യങ്ങളും കള്ളപ്രചാരവേലകളും തങ്ങൾക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ടായിരുന്നെന്നും, എങ്കിലും പാർട്ടിയച്ചടക്കത്തിൻെറ പേരിലും നേതൃത്വത്തിൻെറ വഞ്ചനാപരമായ സൂഡിക്ലാസുകളിൽ മയങ്ങിയും തങ്ങൾ ഇതുവരെ കഴിഞ്ഞുകൂടുകയായിരുന്നുവെന്നും, എന്നാൽ നാളുകൾ കഴിയുംതോറും അവരുടെ പ്രവൃത്തികൾ നാടിനും നാട്ടാക്കും ദ്രോഹകരവും ഭാരതത്തിൻെറ പാരമ്പര്യത്തിനു യോജിക്കാത്തതുമാണെന്നു് ബോദ്ധ്യമായിരിക്കുന്നതിനാലാണു് കമ്മ്യൂണിസ്റ്റുപാർട്ടിയുമായുള്ള എല്ലാവിധ ബന്ധങ്ങളിൽനിന്നും തങ്ങൾ പിരിഞ്ഞിരിക്കുന്നതെന്നും പ്രസ്താവനയിൽ പറയുന്നു. വയലാർ സമരത്തെപ്പററി പ്രസ്താവനയിൽ പറഞ്ഞിട്ടുള്ളതു് ശ്രദ്ധേയമാണു്. നൂറുകണക്കിൽ പാവപ്പെട്ട ആളുകളെ സമരത്തിൻെറ പേരിൽ ചീറുന്ന തോക്കിനിരയാക്കിയശേഷം, തൊഴിലാളികൾ അവരുടെ രക്തം വെള്ളമാക്കി സംഭാവനചെയ്ത ആയിരക്കണക്കിനു രൂപായുംകൊണ്ടു് ഒളിവിൽപോയ നേതാക്കന്മാർ നരകയാതന അനുഭവിച്ചുകൊണ്ടിരുന്ന തങ്ങളുടെ അനുയായികളെ ഒന്നു സമാശ്വസിപ്പിക്കുവാൻ പോലും അന്നു സന്നദ്ധരായില്ല.

കമ്മ്യൂണിസ്റ്റുപാർട്ടിയുടെ തനിനിറം ഇപ്പോഴെങ്കിലും കുറച്ചൊക്കെ മനസ്സിലാക്കി അവരുമായുള്ള കൂട്ടുകെട്ടിൽനിന്നു് വിമോചനം പ്രാപിക്കുവാൻ സന്നദ്ധരായ ഈ സഹോദരങ്ങളെ ഞങ്ങൾ അഭിനന്ദിച്ചുകൊള്ളുന്നു.

* * *

### കമ്മ്യൂണിസ്റ്റുഭരണത്തിൽ സാധാരണക്കാരനു് ക്ലേശംതന്നെ

കമ്മ്യൂണിസ്റ്റുഗവർമെൻറു് റഷ്യൻ സൈന്യത്തിൻെറ സഹായത്താൽ ഭരണം പിടിച്ചെടുത്തു് അധികാരത്തിലിരിക്കുന്ന പോളണ്ടിലെ തൊഴിലാളികളുടേയും സാധാരണക്കാരൻേറയും ജീവിതം എത്ര ക്ലേശകരമാണെന്നു് കമ്മ്യൂണിസ്റ്റുപത്രങ്ങൾ തന്നെ സാക്ഷ്യംവഹിക്കുന്നുണ്ടു്.

ലോഡ്‌കി എക്സ്പ്രസ്സ് എന്ന കമ്മ്യൂണിസ്റ്റുപത്രം ഈയിടെ പ്രസിദ്ധപ്പെടുത്തിയ വിലവിവരങ്ങളിൽനിന്നും ഒരു പുറംകുപ്പായത്തിനു 564 സ്ലോട്ടിയും ഒരുജോടി ചെരുപ്പിനു് 428 സ്ലോട്ടിയും ഒരു കിലോ (ഏകദേശം രണ്ടേകാൽ റാത്തൽ) വെണ്ണയ്ക്കു 55 സ്ലോട്ടിയും വിലയുണ്ടെന്നു കാണുന്നു

വിദഗ്ദ്ധപരിശീലനം നേടാത്ത ഒരു റെയിൽവെ തൊഴിലാളിക്കു മാസം 380 സ്ലോട്ടി മാത്രമാണു് ശമ്പളമെന്നു "ജെന്നിക്കു" എന്ന കമ്മ്യൂണിസ്റ്റുപത്രം വെളിപ്പെടുത്തുന്നു. അതേസമയം കമ്മ്യൂണിസ്റ്റു് പ്രവിശ്യാഡയറക്ടർക്കു 3360 സ്ലോട്ടി ശമ്പളംകിട്ടും. മററു ചില തൊഴിൽക്കാക്കു കിട്ടുന്ന ശമ്പളനിരക്കു അടിയിൽ ചേർക്കുന്നു:

കണ്ടക്ടർ 400 സ്ലോട്ടിമുതൽ 500 സ്ലോട്ടിവരെ; സ്റ്റോർകീപ്പർ, 400 സ്ലോട്ടി മുതൽ 500 സ്ലോട്ടി വരെ; പരിഭാഷകൻ 480 സ്ലോട്ടിമുതൽ 550 സ്ലോട്ടിവരെ; എൻജിനീയർ 864 സ്ലോട്ടിമുതൽ 978 സ്ലോട്ടിവരെ, ഗുമസ്തൻ 634 സ്ലോട്ടിമുതൽ 850 വരെ.

വളരെ ഉയന്ന ശമ്പളനിരക്കുള്ളതു് കമ്മ്യൂണിസ്റ്റുരാഷ്ട്രീയവിദ്യാഭ്യാസപ്രവർത്തകന്മാക്കാണു്. 1093 സ്ലോട്ടിമുതൽ 1700 സ്ലോട്ടിവരെയാണവരുടെ പ്രതിമാസശമ്പളങ്ങൾ.

പുതിയ ഒരു സൂട്ടോ, ഒരു ജോടി ചെരുപ്പോ, റൊട്ടിയിൽ പുരട്ടാൻ വെണ്ണയോ വാങ്ങാൻ പോളണ്ടിലെ ഉന്നതസ്ഥാനികളായ കമ്മ്യൂണിസ്റ്റുപ്രവർത്തകന്മാക്കു മാത്രമേ കഴിയൂ.

കമ്മ്യൂണിസ്റ്റുപാർട്ടി ഇന്നാട്ടിൽ ഭരണം പിടിച്ചെടുത്താൽ തൊഴിലാളികൾക്കും സാധാരണക്കാക്കും സാമ്പത്തികമോക്ഷം കൈവരുമെന്നു് വിശ്വസിക്കുകയും, പാർട്ടിയെ അധികാരത്തിൽ വരുത്താൻ വോട്ടുകൾകൊടുത്തും മററും സഹായിക്കുകയും ചെയ്യുന്ന ആളുകൾ കമ്മ്യൂണിസ്റ്റുഭരണത്തിലിരിക്കുന്ന രാജ്യങ്ങളിലെ യഥാർത്ഥസ്ഥിതിഗതികൾ മനസ്സിലാക്കിയിരുന്നെങ്കിൽ!

—o—

### ജപമാലപ്രേഷിതസഖ്യത്തിൻെറ ജൂലൈമാസത്തെ പൊതുനിയോഗം

"കുടിയേററക്കാരുടെ ആദ്ധ്യാത്മികസംരക്ഷണത്തിനു വേണ്ടി"

### വേദപ്രചാരനിയോഗം

"ആഫ്റിക്കായിലുള്ള അംഗോളാ, മൊസ്സാംബിക്കു് എന്നീ സ്ഥലങ്ങളിലെ തിരുസഭയ്ക്കുവേണ്ടി."

### കുടിയേററക്കാർ

കുടിയേററത്തെ സംബന്ധിച്ചും അവരുടെ വൈഷമ്യങ്ങളെ സംബന്ധിച്ചും ഈയിടെയായി നമ്മുടെ ആളുകൾക്കു കൂടുതൽ അറിവിനുള്ള സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ടു്. കൃഷിക്കും മററു ജീവിതസൗകര്യങ്ങൾക്കും അടിക്കടി നമ്മുടെ ഇടയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വിഷമതകളെ നേരിടുന്നതിനുവേണ്ടി ഏതാനും കൊല്ലങ്ങളായി നമ്മുടെ സ്വന്തപ്പെട്ടവരും അറിവിൽപ്പെട്ടവരുമായി വലിയൊരുവിഭാഗം ആളുകൾ മലബാറിൽ കുടിയേറിത്താമസിക്കുന്നുണ്ടു്. അവരിൽനിന്നു കുടിയേററക്കാര്യത്തിൽ നേരിടേണ്ടിവരുന്ന വിവിധ ക്ലേശങ്ങളെപ്പററി അറിയുന്നതിനും നമുക്കു സാധിക്കുന്നു. നമുക്കു ഇതൊരു പുതിയ പ്രശ്നമാണെങ്കിലും തിരുസഭയ്ക്കു ഇതു എന്നാളും നേരിട്ടുകൊണ്ടിരുന്നിട്ടുള്ളതും നേരിട്ടുകൊണ്ടിരിക്കുന്നതുമായ ഒരു പ്രശ്നംതന്നെയാണു്. ലോകത്തിൻെറ നാനാഭാഗങ്ങളിൽ ഇതു എപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ടു്.

സാധാരണഗതിയിലുള്ള ഈ കുടിയേററപ്രസ്ഥാനത്തിനു പുറമെ നിർബന്ധിതമായി അന്യരാജ്യങ്ങളിൽ മാറിത്താമസിക്കേണ്ട സാഹചര്യങ്ങളും ഓരോ അവസരങ്ങളിൽ സംഭവിക്കാറുണ്ടു്. യുദ്ധംമൂലവും രാജ്യത്തിലെ രാഷ്ട്രീയമായ വ്യതിയാനങ്ങൾമൂലവും മററും സംഭവിക്കുന്ന ഈ അഭയാർത്ഥിപ്രശ്നമാണു് കൂടുതൽ ദാരുണമായിട്ടുള്ളതു്. ഇതുകൂട്ടരും സാമ്പത്തികമായും, സാമുദായികമായും, ഭാഷാസംബന്ധമായും, ആചാരപരമായും, ഭരണപരമായും മററും മാത്രമല്ല സർവ്വോപരി ആദ്ധ്യാത്മികമായും വളരെ വിഷമതകളെ തരണം ചെയ്യേണ്ടിവരുന്നതാണു്. അവരുടെ ഭൗതികവും ആദ്ധ്യാത്മികവുമായ ഈ അവശതകളിൽ അവരെ സഹായിക്കുന്നതിനു് സഭാമാതാവു് എപ്പോഴും അത്യുല്ക്കണ്ഠ പ്രദർശിപ്പിച്ചുപോരുന്നു. തിരുസഭയുടെ ഈ ഉദ്യമങ്ങളിൽ സഹകരിക്കുന്നതിനും കുടിയേററക്കാരായി ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലുമുള്ള നമ്മുടെ സഹോദരീസഹോദരന്മാരുടെ സുസ്ഥിതിക്കും ആദ്ധ്യാത്മികസംരക്ഷണത്തിനും വേണ്ടി പ്രാർത്ഥിക്കുന്നതിനും ഈ മാസത്തിൽ നമുക്കു പ്രത്യേകം ശ്രദ്ധിക്കാം. മലബാറിലെ നമ്മുടെ സ്വന്ത സഹോദരന്മാരുടെ കാര്യവും അവക്കുവേണ്ടി തിരുസിംഹാസനത്തിൽനിന്നും കല്പിച്ചുനൽകിയിട്ടുള്ള പുതിയ തലശ്ശേരിരൂപതയുടെ കാര്യവും നമ്മുടെ പ്രത്യേകസ്മരണയ്ക്കു വിഷയമാകട്ടെ.

ആദ്ധ്യാത്മികവീഥി 27

# ബോധനിയന്ത്രണം

ദൈവത്തിൻെറ വത്സലമക്കളെ,

പ്രാർത്ഥനയ്ക്കു ബോധനിയന്ത്രണം അഥവാ അന്യചിന്തകളിൽ നിന്നുള്ള അകൽച്ച വളരെ ആവശ്യമാണെന്നു എല്ലാവരും സമ്മതിക്കും. ബാവായുടെയും പുത്രൻെറയും റൂഹാദക്കുദശായുടെയും നാമത്തിൽ എന്നുച്ചരിച്ചുകൊണ്ടു പ്രാർത്ഥന ആരംഭിക്കുന്ന പതിവും "പ്രാർത്ഥിക്ക" എന്ന ജപങ്ങളുടെ ആരംഭത്തിൽ പറയുന്നതും ബോധം നിയന്ത്രിക്കുന്നതിനാണ്. "പ്രാർത്ഥിക്ക" എന്നു നാം മലയാളത്തിൽ പറയുന്നതു Let us Pray "നമുക്കു പ്രാർത്ഥിക്കാം" എന്നാണു ഇതരഭാഷകളിൽ കാണുന്നതു്.

എന്നാൽ അന്യചിന്തകളെ അകററുന്നതിനു ഒരേഒരു മാർഗ്ഗമേയുള്ളു. ദൈവചിന്തയെ മനസ്സിലേക്കു കയററുക. ഒരു കുപ്പിക്കകത്തെ വായു കളയുന്നതിനു് അതിൽ വെള്ളമൊഴിച്ചാൽ മതിയല്ലൊ. വെള്ളം കയറുന്നതോടുകൂടി വായു തനിയെ പുറത്തുപൊയ്ക്കൊള്ളും. അതുപോലെതന്നെ ദൈവത്തെക്കുറിച്ചുള്ള സ്മരണ കയററിവിട്ടാൽ മററു ചിന്തകൾ മാറിക്കൊള്ളും. അല്ലാതെ ശൂന്യമായ ഒരു ബോധം ഉണ്ടാക്കിയ ശേഷമാകട്ടെ ദൈവചിന്ത ആരംഭിക്കാൻ എന്നു വിചാരിച്ചാൽ അതു സാദ്ധ്യമല്ല.

ദൈവത്തെക്കുറിച്ചു തന്നെ എപ്പോഴും ഒരേരീതിയിൽ ചിന്തിച്ചാൽ മനുഷ്യപ്രകൃതത്തിനു മനസ്സു മടുത്തുപോകുന്നതിനും വിചാരം വീണ്ടും വ്യതിചലിക്കുന്നതിനും ഇടയുണ്ട്. ഓരോ ദിവസവും അല്ലെങ്കിൽ ഓരോ പ്രത്യേക കാലസന്ധികളിലെങ്കിലും രീതി മാറുന്നതുകൊള്ളാമെന്നു ആദ്ധ്യാത്മികശാസ്ത്രജ്ഞന്മാർ ഉപദേശിക്കുന്നു.

ഉദാഹരണമായി ഞായറാഴ്ച തോറും പരിശുദ്ധപരമത്രിത്വത്തെക്കുറിച്ചു ചിന്തിക്കുക.

തിങ്കളാഴ്ച, ദൈവപിതാവിനെക്കുറിച്ചു്.

ചൊവ്വാഴ്ച, ദൈവപുത്രനെക്കുറിച്ചു്.

ബുധനാഴ്ച, പരിശുദ്ധാരൂപിയെക്കുറിച്ചു്.

വ്യാഴാഴ്ച, പരിശുദ്ധകുർബാനയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയെക്കുറിച്ചു്.

വെള്ളിയാഴ്ച, പീഡിപ്പിക്കപ്പെട്ട ഈശോയെക്കുറിച്ചു്.

ശനിയാഴ്ച, ദൈവമാതാവിനെക്കുറിച്ചു്.

ഓരോരുത്തനും തോന്നുന്ന ഭക്തിയനുസരിച്ചു ഇതുപോലെ വേറെ ഏതെങ്കിലും രൂപത്തിൽ ചിന്തിക്കാം.

ആഗമനകാലത്തു്, മിശിഹായുടെ പിറവിക്കു മുൻപും അടുത്തു പിൻപുമുള്ള സംഗതികളോടു ബന്ധിച്ചു് ചിന്തിക്കാം.

അൻപതുനോയമ്പിൽ, പീഡാനുഭവത്തെപ്പററി.

ഉയിപ്പിനുശേഷം, ഉയിർത്തെഴുന്നേററ കർത്താവിനെപ്പററി.

പന്തക്കുസ്തായോടടുത്തു്, പരിശുദ്ധാത്മാവിനെപ്പററി.

അനന്തരം ആഗമനംവരെ മിശിഹായുടെ ജീവിതത്തിൻെറ മററു ദശകളെപ്പററി.

ഇപ്രകാരം നമ്മുടെ കർത്താവിനെ ബെസ്ലഹമിലെ പുൽത്തൊട്ടിയിലോ, നസ്രസിലെ ഭവനത്തിലോ, യൂദായിലെ തെരുവീഥികളിലോ, ഊട്ടുശാലയിലോ, ഗാഗുൽത്തായിലോ, ഒലിവത്തുമലയിലോ എവിടെയെങ്കിലും ആയിരിക്കുന്ന രീതിയിൽ രൂപീപരിക്കുന്നതു ബോധനിയന്ത്രണത്തിനു ഉപകാരപ്രദമായിരിക്കും.

എന്നാൽ അല്പം ശ്രമിച്ചിട്ടു ഇങ്ങനെയുള്ള രൂപീകരണം ലഭിക്കുന്നില്ലെങ്കിൽ അതിനായി തല പൊട്ടിക്കേണ്ട ആവശ്യമില്ല. ഒരു രൂപവും ലഭിക്കുന്നില്ലെങ്കിലും മത്സ്യം വെള്ളത്താൽ ചുററപ്പെട്ടിരിക്കുന്നതുപോലെയോ നാം വായുവാൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്നതുപോലെയോ, അല്ല, അതിൽ വളരെക്കൂടുതലായി ദൈവം നമ്മോടു അടുത്തു വസിക്കുന്നുണ്ടെന്നുള്ള യാഥാർത്ഥ്യം ചിന്തിച്ചുകൊണ്ടു പ്രാർത്ഥിച്ചാൽ മതി.

എന്നു്, പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

## ചരമവാർത്തകൾ

**കുമരകം:** വടക്കുംകരപ്പള്ളി ഇടവക കട്ടക്കയം ബ. കുരിയാക്കോസച്ചൻ വാർദ്ധക്യസഹജമായ രോഗംനിമിത്തം അന്ത്യകൂദാശകളെല്ലാം റൈററ് റവ. മോൺ. ജയിക്കബ്ബു് കട്ടക്കയം അവർകളിൽനിന്നു് സ്വീകരിച്ചു് 18-ാംനു-ഉച്ചകഴിഞ്ഞു് കർത്താവിൽ ഭാഗ്യമരണമടഞ്ഞു. പിറേറദിവസം റാസ, ഒപ്പീസു് ഇവയ്ക്കുശേഷം ഉച്ചകഴിഞ്ഞു് ചങ്ങനാശേരി വികാരിജനറാൾ റൈററ് റവ. മോൺ. തോമസു് പുത്തമ്പുര അവർകളുടെ പ്രധാനകാർമ്മികത്വത്തിലും പല ബ. വൈദികരുടെ സഹകരണത്തിലും, വലിയ ഒരു ജനക്കൂട്ടത്തിൻെറ സാന്നിദ്ധ്യത്തിലും ശവസംസ്കാരച്ചടങ്ങുകൾ നടത്തപ്പെട്ടു. സംസ്കാരച്ചടങ്ങുകൾക്കുമുമ്പു് റവ. ഫാ. മാത്യു പട്ടപുരയ്ക്കൽ അവർകളും, പള്ളിയിൽവച്ചു് വെരി റവ. ഡോക്ടർ എൽ. ജെ. ചിററൂർ അവർകളും പ്രസംഗങ്ങൾ നടത്തി. ശവസംസ്കാരാനന്തരം സാധുക്കൾക്കു് ധർമ്മവും, മൃഷ്ടാന്നഭോജനവും നൽകപ്പെട്ടു.

**കുണിഞ്ഞി:** ഈയിടവക മുണ്ടിയാനിക്കൽ ആഗസ്തി മത്തായി 88-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ സുഖക്കേടിനാൽ ജൂൺ 15-ാംനു- ചൊവ്വാഴ്ച, അന്ത്യകൂദാശകളെല്ലാം സ്വീകരിച്ചു് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം ബുധനാഴ്ച കാലത്തു് റവ. ഫാ. മാത്യു കല്ലുങ്കൽ അവർകളുടെ പ്രധാന കാർമ്മികത്വത്തിലും മററു പല വൈദികരുടേയും ഒരു വമ്പിച്ച ജനാവലിയുടെയും സഹകരണത്തിലും യഥാവിധി നിർവ്വഹിക്കപ്പെട്ടു. റവ. ഫാ. ജോസഫ് പ്ലാത്തോട്ടം അവർകൾ ചരമപ്രഭാഷണം നടത്തി.

**നെയ്യശേരി:** പടിഞ്ഞാറെക്കുററു് പൈലി അന്ന ജൂൺ 8-ാംനു- 18-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു.

**അറക്കുളം:** സ്ഥലം പുത്തൻപള്ളി ഇടവക പുളുപ്പള്ളിൽ ഉലഹന്നൻ സ്കറിയാ തൻെറ 40-ാമത്തെ വയസ്സിൽ ഇക്കഴിഞ്ഞ ബുധനാഴ്ച രാവിലെ കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. പിറേറന്നു് 10 മണിക്കു് ശവസംസ്കാരം യഥാവിധി നിർവ്വഹിക്കപ്പെട്ടു. R. I. P.

### ഏജൻസി അറിയിപ്പു്

ശ്രീ ററി. സി. ജോസഫ് തേക്കുംകാട്ടിൽ-നെ സത്യദീപം പിഴക് ഏജൻറായി നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം

## വിനോദവീഥി



മാനേജർ ഒരഞ്ചുരൂപാ ഇങ്ങോട്ടുതരണം. നിങ്ങടെ പുട്ടിൽ കിടന്ന ഒരു കല്ലാണെൻെറ പല്ലു തകർത്തതു്. അതു വയ്യിക്കാതെ വീട്ടിൽ പോവാനൊക്കില്ല.

* * *

ഡോക്ടർ: (രോഗിയോടു്) വാസ്തവം തുറന്നുപറഞ്ഞാൽ നിങ്ങൾക്കു നടത്താൻ പോകുന്ന ഈ ഓപ്പറേഷൻ വളരെ അപായമുള്ളതാണു്. അഞ്ചു കേസ്സിൽ നാലും രക്ഷപെടാറില്ല. അതുകൊണ്ടു് അതു തുടങ്ങുന്നതിനുമുമ്പു നിങ്ങൾക്കുവേണ്ടി ഞാനെന്തെങ്കിലും ചെയ്യാനുണ്ടോ?

രോഗി: സർ, ദയവായി എൻെറ ഉടുപ്പും ചെരിപ്പും ഇങ്ങോട്ടൊന്നു തന്നേക്കണേ.

* * *

ഒരു സന്ദർശകൻ: (കുട്ടികളുടെ വാർഡിൽക്കൂടി കടന്നുപോകുമ്പോൾ അവരെല്ലാം കരഞ്ഞുകൊണ്ടിരുന്നു. അദ്ദേഹം നേഴ്സിനോടു്) ഇതെന്താണു് ഈ കുട്ടികളെല്ലാം കരയുന്നതു്?

നേഴ്സ്: അതു പറയാം. നിങ്ങൾക്കു ഏതാനും ദിവസം മാത്രമേ പ്രായമുള്ളുവെന്നും, യാതൊരു വരവും, യാതൊരു ജോലിയും നിങ്ങൾക്കില്ലെന്നും, അതേസമയം ഗവമ്മെൻറിലേക്കു പലയിനത്തിൽ കരമായി 2000 ക. കൊടുക്കാനുണ്ടെന്നും വിചാരിക്കുക. നിങ്ങളുടെ കരച്ചിൽ എത്ര ഭയങ്കരമായിരിക്കും!

## തിരുക്കൊച്ചിവാർത്തകൾ

### റേഷൻ നിറുത്തലാക്കും

കേന്ദ്രഭക്ഷ്യമന്ത്രിയുടെ അടിയന്തിരക്ഷണമനുസരിച്ചു് ഡൽഹിയിലേക്കു പോയിരുന്ന മുഖ്യമന്ത്രി ശ്രീ പട്ടം ജൂൺ 25-ാംനു- സംസ്ഥാനത്തു തിരിച്ചെത്തിയശേഷം താഴെപ്പറയുന്ന വിവരങ്ങൾവെളിപ്പെടുത്തിയിരിക്കുന്നു.

ആന്ധ്രാ, മദ്ധ്യപ്രദേശ് തുടങ്ങിയ സ്ഥലങ്ങളിൽനിന്നും ഇന്നത്തെക്കാൾ കുറഞ്ഞവിലയ്ക്കു് ധാരാളം അരി ലഭിക്കുമെന്നു വന്നിരിക്കുന്നതിനാൽ താമസിയാതെ സംസ്ഥാനത്തു ഭക്ഷ്യവിനിയന്ത്രണം നടപ്പിലാക്കാൻ സാധിക്കുമെന്നു ഗവമ്മെൻറു കരുതുന്നു. ആന്ധ്രായിൽനിന്നും മററും അരി വരാൻതുടങ്ങിയാൽ സംസ്ഥാനത്തും അരിവില സാരമായി കുറയുമെന്നു പ്രതീക്ഷിക്കാവുന്നതാണു്. എന്നാൽ, അരിപുറത്തുനിന്നുവാങ്ങിവില്പനനടത്തുവാൻ സ്വകാര്യവ്യാപാരികളെ അനുവദിക്കാനുദ്ദേശിക്കുന്നില്ല. സംസ്ഥാനത്തേക്കാവശ്യമുള്ള അരി ഇവിടെ എത്തിക്കുന്നതിനു് കേന്ദ്രഗവമ്മെൻറു് വേണ്ട ഏർപ്പാടുചെയ്തുതരാമെന്നേററിട്ടുണ്ടു്.

ഭ്രനയബിൽ സംബന്ധിച്ചു് കോൺഗ്രസു് നേതാക്കന്മാരുമായി ആലോചിച്ചുശേഷമേ അതിനു് അവസാനാംഗീകരണം നൽകുകയുള്ളു.

### പഞ്ചായത്തു് ഗ്രാൻറു്

സംസ്ഥാനത്തുള്ള 550 പഞ്ചായത്തുകളിൽ മരാമത്തുജോലികൾ ഉടനടി ആരംഭിക്കുന്നതിലേക്കു് അഞ്ചരലക്ഷം രൂപ ഗവമ്മെൻറു് അനുവദിച്ചിരിക്കുന്നു. ഒരു പഞ്ചായത്തിനു് 1000ക. വീതം ഗ്രാൻറു് ലഭിക്കുന്നതാണത്രെ.

### വനഭൂമി പതിച്ചുകൊടുക്കൽ

കൂടുതൽ ഭക്ഷ്യോല്പാദനത്തെ ലക്ഷ്യമാക്കി റിസർവ്വവനത്തിലും റവന്യൂവകുപ്പിൻെറ നിയന്ത്രണത്തിലും ഉണ്ടായിരുന്ന ഭൂമികൾ മുൻകാലങ്ങളിൽ കൃഷിക്കാർക്കു് പാട്ടത്തിനനുവദിച്ചുകൊടുക്കുകയുണ്ടായല്ലോ. എന്നാൽ അതേത്തുടർന്നു് ചില സ്ഥലങ്ങളിൽ അനധികൃതമായ കൈയേററങ്ങളും ഭൂമി കൈമാററങ്ങളും മററഴിമതികളും നടന്നിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ ഗവമ്മെൻറിൽനിന്നും തത്സംബന്ധമായി താഴെപറയുന്ന നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നതായി ഒരറിയിപ്പിൽ പറഞ്ഞിരിക്കുന്നു. ഭാവിയിൽ വ്യക്തികൾക്കു് ഭൂമി അനുവദിക്കാതെ കുടിപാർപ്പും കോളനൈസേഷനും പദ്ധതികൾക്കുവേണ്ടി മാത്രമേഭൂമി നൽകുകയുള്ളു. അതിലേക്കു് സഹകരണാടിസ്ഥാനത്തിലുള്ള കൃഷിസംഘങ്ങളുടെ അപേക്ഷകൾമാത്രമായിരിക്കും ഗവമ്മെൻറു പരിഗണിക്കുക. സ്ഥലത്തിനുവേണ്ടിയുള്ള എല്ലാ അപേക്ഷകളും റവന്യൂ വകുപ്പു മുഖേന അയക്കേണ്ടതാണു്. അനധികൃതമായി ഭൂമി കൈവശപ്പെടുത്തിയിരിക്കുന്നവരെ കുടിയിറക്കുന്നതിനും ഭൂമി പുതുതായി പതിച്ചുകൊടുക്കുന്നതിനും പതിച്ചു ഭൂമികൾ വേണ്ടിവന്നാൽ പുനർവിഭജനം ചെയ്യുന്നതിനും അധികാരമുള്ള ഒരുദ്യോഗസ്ഥൻെറ കീഴിൽ ഒരു പ്രത്യേക ഏജൻസിയെ ഉടൻതന്നെ ഗവമ്മെൻറു് നിയമിക്കുന്നതായിരിക്കും.

### ട്രാൻസ്പോർട്ടു് തൊഴിലാളിസമരം പരാജയപ്പെട്ടു

ശ്രീ ടി. വി. തോമസിൻെറ നേതൃത്വത്തിലുള്ള ട്രാൻസ്പോർട്ടു് തൊഴിലാളി യൂണിയനിൽ പ്പെട്ട തൊഴിലാളികൾ തങ്ങൾക്കു യൂണിഫോറം ലഭിക്കുന്നില്ലാ, ഓവർടൈം ജോലിക്കു വേതനംപോരാ മുതലായ കാരണങ്ങൾ പറഞ്ഞു് ജൂൺ 10-ാംനു- മുതൽ ചില സമരപരിപാടികൾ സ്വീകരിക്കുകയുണ്ടായി. എന്നാൽ തത്സംബന്ധമായി ഗവമ്മെൻറു് അവലംബിച്ച സുധീരമായ നിലയും ശിക്ഷണം ലംഘിച്ചവരുടെമേൽ നടത്തപ്പെട്ട കർശനനടപടികളും മൂലം സമരം പിൻവലിക്കപ്പെട്ടിരിക്കുന്നു. ശിക്ഷണലംഘനത്തിനു് 32 തൊഴിലാളികൾ സസ്പെൻറു ചെയ്യപ്പെട്ടിട്ടുണ്ടു്.

## ഇൻഡ്യാവാർത്തകൾ

### പ്രധാനമന്ത്രിക്കു് മാതാക്കളുടെ നിവേദനം

സിനിമകൊണ്ടുണ്ടാകുന്ന വിപത്തുകളിൽനിന്നു കുട്ടികളെ രക്ഷിക്കുവാൻ നടപടിയെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഡൽഹിയിലെ ഉദ്ദേശം 13000 മാതാക്കൾ ഒപ്പിട്ട ഒരു ഹർജി പ്രധാനമന്ത്രി നെഹ്റുവിനു സമർപ്പിക്കപ്പെട്ടിരിക്കുന്നു. കുട്ടികളിൽ കുററവാസന വളർത്തുവാനും സാമൂഹ്യാസ്വാസ്ഥതകൾ വർദ്ധിപ്പിക്കുവാനും പ്രോത്സാഹനംനൽകുന്ന ചില പടങ്ങൾ, പ്രത്യേകിച്ചും വിദേശങ്ങളിൽനിന്നും വരുന്നവ, നാടിനു വരുത്തിക്കൂട്ടുന്ന വിപത്തു ചില്ലറയല്ലെന്നു് പ്രസ്തുത ഹർജിയിൽ ഗവമ്മെൻറിനു മുന്നറിയിപ്പു നൽകിയിട്ടുണ്ടു്.

### ലോകസഭാസമ്മേളനം

അടുത്ത പാർലമെൻറുസമ്മേളനം ആഗസ്റ്റ് 23-ാംനു- ആരംഭിച്ചു് സെപ്റ്റംബർ 30-ാംനു-വരെ ദീർഘിക്കുന്നതാണെന്നു് ഔദ്യോഗികമായി വിജ്ഞാപനം ചെയ്യപ്പെട്ടിരിക്കുന്നു.

### ടെലിവിഷൻ ഇൻഡ്യയിലും?

ഇൻഡ്യയിൽ ടെലിവിഷൻ ഏർപ്പെടുത്തുന്നതിനെപ്പററി കേന്ദ്രപ്രക്ഷേപണവകുപ്പ് ആലോചിച്ചുവരുന്നതായറിയുന്നു. പരീക്ഷണാടിസ്ഥാനത്തിൽ ബോംബെയിൽ ഒരു സ്റ്റേഷൻ സ്ഥാപിക്കുവാനാണത്രെ തല്ക്കാലോദ്ദേശം. ഒരു ചെറിയ യൂണിററിനു് 25 ലക്ഷം ക. ചെലവുവരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

### ചൈനീസ് പ്രധാനമന്ത്രി ഇൻഡ്യയിൽ

ജനീവായിൽവച്ചു നടന്ന ഇൻഡോചൈനാ സംഭാഷണത്തിൽ സംബന്ധിച്ചുശേഷം പ്രധാനമന്ത്രി നെഹ്റുവിൻെറ ക്ഷണമനുസരിച്ചു് ചൈനീസു് പ്രധാനമന്ത്രി മി. ചൗ എൻ ലായ് മൂന്നുദിവസത്തെ സന്ദർശനപരിപാടിയോടുകൂടി ജൂൺ 25-ാംനു- രാവിലെ ന്യൂഡൽഹിയിലെത്തിയിരിക്കുന്നു. ഇരുപ്രധാനമന്ത്രിമാരും തമ്മിൽ അന്തർദ്ദേശീയപ്രശ്നങ്ങൾ, പ്രത്യേകിച്ചു് ഏഷ്യൻരാജ്യങ്ങളെ സംബന്ധിക്കുന്നവ, സംബന്ധിച്ചു് ഗൗരവാവഹമായ സംഭാഷണങ്ങൾ നടക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. ഇൻഡ്യയുടെ സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇൻഡ്യ സന്ദർശിക്കുന്ന 5-ാമത്തെ ഏഷ്യൻ പ്രധാനമന്ത്രിയും ഒന്നാമത്തെ കമ്മ്യൂണിസ്റ്റുപ്രധാനമന്ത്രിയുമാണു മി. ചൗ എൻ ലായ്.

## വിദേശവാർത്തകൾ

### ഐ. എൽ. ഓയുടെ തീരുമാനം

തൊഴിലാളികൾക്കു് കൊല്ലത്തിൽ രണ്ടാഴ്ചയെങ്കിലും ശമ്പളത്തോടുകൂടി അവധി നൽകണമെന്നൊരു ശുപാർശ സർവ്വരാജ്യതൊഴിൽസംഘടന അംഗീകരിച്ചിരിക്കുന്നു. ഗവമ്മെൻറുകളെ ഈ ശുപാർശ ബാധിക്കുന്നതല്ലെന്നറിയുന്നു.

### ദക്ഷിണാഫ്രിക്കൻ ബന്ധം ഉപേക്ഷിക്കുന്നു

ദക്ഷിണാഫ്രിക്കയിലെ ഇൻഡ്യൻ ഹൈക്കമ്മീഷണരുടെ ഓഫീസ് നിർത്തലാക്കുന്നതിനും അങ്ങനെ ദക്ഷിണാഫ്രിക്കയുമായുള്ള നയതന്ത്രബന്ധം വിച്ഛേദിക്കുന്നതിനും ഇൻഡ്യാ ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു. അവിടത്തെ ഇൻഡ്യാക്കാരെ സംബന്ധിച്ചു് ദക്ഷിണാഫ്രിക്കൻഗവമ്മെൻറു് അവലംബിച്ചുപോരുന്ന വർണ്ണവിവേചനാപരമായ നയമാണു് ഈ നടപടിക്കു് ഇൻഡ്യയെ പ്രേരിപ്പിച്ചിരിക്കുന്നതു്.

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6— 8—0
ഇൻഡ്യക്കുപുറമെ " 8—12—0

തിരുസഭാചരിത്രം 34

# വൈദികാധികാരികളുടെ നിയമനവും യോഗ്യതകളും ജീവിതക്രമവും

(പ്രൊഫസർ പി. റ്റി. തോമസ് എം. എ.)

ക്രിസ്ത്യൻ സമൂഹങ്ങൾ ആദ്യമായി സ്ഥാപിക്കപ്പെട്ടതു് പട്ടണങ്ങളിലാണ്. അവയെ ഇടവകകൾ (Parishes) എന്നു വിളിച്ചുവന്നു. ഇടവകകളെ ഭരിച്ചിരുന്നതു് മെത്രാന്മാരാണ്. വലിയ നഗരങ്ങളിലെ ക്രിസ്തീയസമൂഹങ്ങൾ കാലക്രമേണ പല സഭകളായി വിഭജിക്കപ്പെടുകയുണ്ടായി. താമസംവിനാ ഗ്രാമപ്രദേശങ്ങളിലും സഭകൾ സ്ഥാപിതമായി. ഒരു നഗരത്തിലേയും അതിനു സമീപമുള്ള ഗ്രാമപ്രദേശങ്ങളിലേയും സഭകളെല്ലാം ഒരു മെത്രാന്റെ കീഴിലായിരുന്നു. ഓരോ പട്ടണത്തിലും ഓരോ ഇടവക രൂപം പ്രാപിച്ചതുപോലെ തന്നെ കാലാന്തരത്തിൽ പല ഇടവകകൾ ഒന്നിച്ചുചേർന്നു് ഒരു വലിയ ക്രിസ്തീയസമൂഹമായിത്തീർന്നു. ഭരണപരമായി ഇത്തരം വലിയ സമൂഹങ്ങളെ സഭാപ്രവിശ്യകളെന്നു (Ecclesiastical Provinces) വിളിച്ചുപോന്നു. ഇത്തരം സഭാപ്രവിശ്യകളുടെ അതിരുകൾ മിക്കവാറും റോമാസാമ്രാജ്യത്തിലെ രാഷ്ട്രീയപ്രവിശ്യകളുടേതു തന്നെയായിരുന്നു. ഒരു സഭാപ്രവിശ്യയുടെ പൊതുഭരണം സാധാരണയായി പ്രവിശ്യയുടെ തലസ്ഥാനനഗരത്തിലെ മെത്രാനിൽ നിക്ഷിപ്തമായിരുന്നു. മെത്രാപ്പോലീത്ത എന്നായിരുന്നു അദ്ദേഹത്തിന്റെ സ്ഥാനപ്പേർ.

ആദ്യകാലത്തു് മെത്രാന്മാരെ നിയമിച്ചിരുന്നതു് അപ്പസ്തോലന്മാരോ അവരുടെ പ്രമുഖശിഷ്യന്മാരോ ആണ്. എങ്കിലും നിയമനകാര്യത്തിൽ അതാതു സഭകളുടെ അഭിപ്രായവും പരിഗണിക്കപ്പെട്ടിരുന്നു. പിന്നീട് നിയമനാധികാരം അതാതു സഭകളിലും പ്രവിശ്യാമെത്രാന്മാരിലും നിക്ഷിപ്തമായി. ഏതെങ്കിലും സ്ഥലത്തെ മെത്രാൻസ്ഥാനം ഒഴിവായാൽ അതുൾപ്പെടുന്ന പ്രവിശ്യയിലെ മെത്രാന്മാർ അവിടത്തെ സഭാംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ സമ്മേളിച്ചു് അവരുടെ സഹകരണത്തോടുകൂടി ഒരാളെ തിരഞ്ഞെടുക്കുന്നു. നിക്യാസൂനഹദോസിന്റെ തീരുമാനമനുസരിച്ചു് ഈ തിരഞ്ഞെടുപ്പിൽ മൂന്നു മെത്രാന്മാരെങ്കിലും പങ്കെടുക്കുകയും, തിരഞ്ഞെടുപ്പു് ആ പ്രവിശ്യയിലെ മെത്രാപ്പോലീത്തയാൽ സ്ഥിരീകരിക്കപ്പെടുകയുംവേണം. വൈദികർ ശെമ്മാശന്മാർ മുതലായവരെ, വിശ്വാസികളുടെ ഇടയിൽ ശരിയായ അന്വേഷണം നടത്തിയശേഷം മെത്രാൻതന്നെ തിരഞ്ഞെടുത്തു് നിയമിച്ചിരുന്നു.

എല്ലാ വിശ്വാസികൾക്കും വൈദികാന്തസ്സിൽ പ്രവേശിക്കുവാൻ അനുവാദമുണ്ടായിരുന്നില്ല. സന്മാർഗ്ഗസംബന്ധവും ബുദ്ധിപരവുമായ ചില യോഗ്യതകൾ അതിനാവശ്യമായിരുന്നു. മെത്രാന്മാരും ശെമ്മാശന്മാരും ഒരു പ്രാവശ്യമേ വിവാഹം ചെയ്തിരിക്കാവൂ എന്നുണ്ടായിരുന്നു. പുനർവിവാഹം ചെയ്തിട്ടുള്ളവർക്കു് വൈദികത്വം നിഷേധിക്കപ്പെട്ടിരുന്നു. പുതുതായി ജ്ഞാനസ്നാനം സ്വീകരിച്ചവർക്കു് (Neophytes) മെത്രാൻസ്ഥാനം നൽകിക്കൂടെന്നായിരുന്നു വ്യവസ്ഥ. പാപപ്പരിഹാരാർത്ഥം പരസ്യമായ പ്രായശ്ചിത്തം ചെയ്തിട്ടുള്ളവർക്കും, സ്വയം അംഗഭംഗം വരുത്തിയിട്ടുള്ളവർക്കും വൈദികാന്തസ്സിലേക്ക പ്രവേശനമില്ലായിരുന്നു. സാധാരണയായി അൻപതുവയസ്സു തികയാത്ത ഒരാളെ മെത്രാനായിട്ടോ മുപ്പതുവയസ്സു തികയാത്ത ഒരാളെ വൈദികനായിട്ടോ നിയമിച്ചിരുന്നില്ല.

അൾത്താരയുടെ സേവകന്മാർ അൾത്താരകൊണ്ടു ജീവിക്കണമെന്നുള്ള വേദപുസ്തകത്തിലെ ഉൽബോധനമനുസരിച്ചു് വിശ്വാസികൾ വൈദികരെ ഉപഹാരങ്ങൾ നൽകി സഹായിച്ചുപോന്നു. ദിവ്യകർമ്മങ്ങളിൽ സംബന്ധിക്കാൻ വരുന്ന അവസരങ്ങളിലൊക്കെയും അവർ എന്തെങ്കിലും കാഴ്ചദ്രവ്യങ്ങൾ കൊണ്ടുവന്നു സമർപ്പിച്ചിരുന്നു. എന്നാൽ അക്കാലത്തു് വിശ്വാസികളുടെ ദാനങ്ങൾകൊണ്ടുമാത്രം വൈദികരുടെ ജീവിതാവശ്യങ്ങൾ നിറവേറുവാൻ സാധിക്കാതെയിരുന്നതിനാൽ, അവരിൽ പലരും സ്വന്തം ആദായമാർഗ്ഗങ്ങളെ ആശ്രയിച്ചുകൊണ്ടോ അല്ലാത്തപക്ഷം കായികാദ്ധ്വാനംകൊണ്ടോ കൃഷി, കച്ചവടം മുതലായ തൊഴിലുകളിൽ ഏർപ്പെട്ടോ ഉപജീവനം കഴിച്ചുപോന്നു.

പുരാതനസഭയിൽ പുരോഹിതന്മാരുടെ ബ്രഹ്മചര്യം നിയമംമൂലം നിർബന്ധിതമാക്കിയിരുന്നില്ല. വിവാഹിതനായ ഒരാൾക്കു് മെത്രാൻപട്ടമോ വൈദികപട്ടമോ ശെമ്മാശ്പട്ടമോ കൊടുക്കുന്നതിൽ പ്രതിബന്ധമൊന്നുമില്ലായിരുന്നു. പട്ടം സ്വീകരിച്ചതിനുശേഷം ദാമ്പത്യബന്ധം തുടർന്നുകൊണ്ടുപോകുകയും ചെയ്യാമായിരുന്നു. പക്ഷേ ഏതെങ്കിലും തരത്തിലുള്ള പൗരോഹിത്യപട്ടം സ്വീകരിച്ചുകഴിഞ്ഞാൽ പിന്നെ അയാൾക്കു് വിവാഹം കഴിക്കുവാൻ അനുവാദമില്ലായിരുന്നു. എന്നാൽ ശെമ്മാശന്മാരുടെ കാര്യത്തിൽമാത്രം ഈ നിയമത്തിനു് ഒരു അപവാദം അനുവദിച്ചിരുന്നു. അതായതു് ശെമ്മാശ്പട്ടം സ്വീകരിക്കുന്ന സമയത്തു് തനിക്കു പിന്നീട് വിവാഹം കഴിക്കണമെന്നാഗ്രഹമുള്ള വിവരം മെത്രാനെ വ്യക്തമായി ധരിപ്പിക്കുന്നതായാൽ അയാൾക്കു് വിവാഹാനുവാദം നൽകപ്പെട്ടിരുന്നു. ഇതായിരുന്നു പുരാതനസഭയിൽ നടപ്പിലിരുന്ന നിയമം. എന്നാൽ അക്കാലത്തെ വൈദികരിൽ ഒരു ഗണ്യമായ വിഭാഗം പരിപൂർണ്ണമായ ബ്രഹ്മചര്യം സ്വയം വരിച്ചുകൊണ്ടാണു് ജീവിച്ചുപോന്നതു്. ദൈവസേവനത്തിനായി ജീവിതം സ്വയം അർപ്പിച്ചിട്ടുള്ളവർക്കു് വിവാഹത്തെക്കാൾ കൂടുതൽ സഹായകരമായിട്ടുള്ളതു് ബ്രഹ്മചര്യമാണെന്നു് അവർ ധരിക്കുകയും ക്രിസ്തുവും വിശുദ്ധ പൗലോസും ബ്രഹ്മചര്യത്തിന്റെ മഹനീയതയെപ്പററി ചെയ്തിട്ടുള്ള ഉൽബോധനങ്ങൾ അനുസ്മരിക്കയും ചെയ്തു. വൈദികരിൽ ഒരു ഗണ്യമായ വിഭാഗം ബ്രഹ്മചര്യം അനുഷ്ഠിക്കുന്നതിൽ പ്രദർശിപ്പിച്ച അഭിനിവേശം കാരണത്താൽ നാലാം ശതാബ്ദത്തിൽ പല സഭകളുടെയും സൂനഹദോസുകൾ വൈദികരുടെ ബ്രഹ്മചര്യം ഒരു നിയമമായി പ്രഖ്യാപനം ചെയ്തു. A. D. 306-ൽ എൽവിരാ (Elvira in Spain)യിൽക്കൂടിയ പ്രാദേശികസൂനഹദോസ് വിവാഹിതരായ മെത്രാന്മാരും വൈദികരും ശെമ്മാശന്മാരും ദാമ്പത്യബന്ധത്തിൽനിന്നു സ്വയം നിവർത്തിക്കണമെന്നു് കല്പന പുറപ്പെടുവിച്ചു. A. D. 386-ൽ റോമയിലും A. D. 390-ലും വീണ്ടും 401 ലും കാർത്തേജിലും സമ്മേളിച്ച സൂനഹദോസുകൾ എല്ലാ വൈദികരും ശെമ്മാശന്മാരും ബ്രഹ്മചര്യം അനുഷ്ഠിക്കേണ്ടതാണെന്നു് അനുശാസിച്ചു. അങ്ങിനെ നാലാം ശതാബ്ദത്തിന്റെ അവസാനത്തോടുകൂടി വൈദികരുടെ ബ്രഹ്മചര്യം പാശ്ചാത്യസഭകളിൽ ഒരു അലംഘനീയമായ കർത്തവ്യമായിത്തീർന്നു.


ബ്രഹ്മചര്യം അനുഷ്ഠിക്കുന്നതോടൊപ്പം പുരോഹിതന്മാർ മതപരമായ വിജ്ഞാനസമ്പാദനത്തിലും ശ്രദ്ധചെലുത്തിയിരുന്നു. ക്രിസ്തു അപ്പസ്തോലന്മാരെ പഠിപ്പിച്ചതുപോലെതന്നെ അപ്പസ്തോലന്മാർ അവരുടെ ശിഷ്യന്മാരെയും പഠിപ്പിച്ചിരുന്നു. ഈ അപ്പസ്തോലശിഷ്യന്മാരിൽനിന്നു് അവരുടെ പിൻഗാമികളും മതബോധനം സ്വീകരിച്ചു. പ്രശസ്തന്മാരായ പല മെത്രാന്മാരും സഭാപണ്ഡിതന്മാരും മതവിജ്ഞാനം വിതരണം ചെയ്യുന്ന കാര്യത്തിൽ തീക്ഷ്ണമായ ഔൽസുക്യം പ്രദർശിപ്പിച്ചു. റോമയിൽ വി. ജസ്റ്റിനും ആഫ്റിക്കയിൽ തെർത്തുല്യനും ഗാൾപ്രദേശത്തു് വി. ഇറനേയൂസും അനുഷ്ഠിച്ച സേവനങ്ങൾ ഇതിനു തെളിവാണ്. അചിരേണ അലക്സാണ്ട്റിയായിലും, അന്ത്യോക്യയിലും, റോമയിലും, എഡേസ്സായിലും പ്രസിദ്ധങ്ങളായ മതതത്വവിദ്യാലയങ്ങൾ വളർന്നുവന്നു. വൈദികസ്ഥാനാർത്ഥികളുടെ വിദ്യാഭ്യാസവും ശിക്ഷണവും ഈ വിദ്യാലയങ്ങളിലാണ് നിർവ്വഹിച്ചുപോന്നതു്. പൗരോഹിത്യത്തിന്റെ താഴ്ന്നപടികളിൽ വച്ചുതന്നെ പുണ്യാഭ്യസനത്തിലും ശാസ്ത്രവിജ്ഞാനത്തിലും മികച്ച കഴിവുകൾ പ്രകടിപ്പിക്കുന്നവർക്കു മാത്രമേ ഉയർന്നപദവികളിലേക്കു കയററം കൊടുത്തിരുന്നുള്ളൂ.

## കൃതജ്ഞത



ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ അസാദ്ധ്യമാണെന്നു് കരുതപ്പെട്ടിരുന്ന സുഖക്കേടു മാറിയതിനും, ഉദ്ദിഷ്ട കാര്യങ്ങൾ സാധിച്ചതിനും ഉപകാരസ്മരണ. കാലതാമസം വരുത്തിയതിനു ക്ഷമാപണം.

അറയ്ക്കൽ
ഈനാസ്സ് ഔസേപ്പുകുട്ടി
വാടേൽ, നായരമ്പലം



മാർ തോമ്മാശ്ലീഹായുടെ മൈലാപ്പൂരിലുള്ള കുഴിമാടം

"വി. തോമ്മാശ്ലീഹാ മൈലാപ്പൂരിൽവച്ചു കുന്തത്താൽ കുത്തപ്പെട്ട രക്തസാക്ഷിയായി മരിച്ചതു ജൂലൈ മൂന്നാംതീയതിയാണെന്നാണ് മാർത്തോമ്മാനസ്രാണികളുടെ പാരമ്പര്യവിശ്വാസം. കേരളനസ്രാണികൾ മാത്രമല്ല, അവരോടു് പൂർവ്വകാലംമുതൽ സമ്പർക്കം പുലർത്തിയിരുന്ന കൽദായക്കാർ ആദിയായ ഏഷ്യയിലെ സുറിയാനിക്കാരും പൂർവ്വകാലങ്ങളിൽ മൈലാപ്പൂരിലേക്കു തീർത്ഥയാത്ര കഴിച്ചിരുന്നതു, മൈലാപ്പൂരിൽവച്ചു തോമ്മാശ്ലീഹാ മരിച്ചുവെന്ന കേരളപാരമ്പര്യത്തെ സ്ഥിരീകരിക്കുന്നു. കേരളത്തിൽ മാത്രമല്ല, പേർഷ്യയിലേയും പാശ്ചാത്യേഷ്യയിലേയും വിവിധ സുറിയാനിസഭകളിലും പൂർവ്വകാലംമുതൽഇന്നുവരെ ജൂലൈ മൂന്നാംതീയതിയിലാണു മാർ തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിരുനാൾ ആഘോഷിക്കുന്നതെന്നു ഈ വിവിധ സഭകളുടെ പാരമ്പര്യവും ഈ തിരുനാളിൽ അവർ ജപിക്കുന്ന കാനോൻ പ്രാർത്ഥനകളും സ്ഥാപിക്കുന്നു."


## പുതിയ പുസ്തകങ്ങൾ.

| | | | |
|---|---|---|---|
| 1. | നിലവിളക്ക് | (ജെ. മെത്രാൻ) | 1-10-0 |
| 2. | വഴിവിളക്കുകൾ (ഭാ. 1) | ,, | 2- 2-0 |
| 3. | വഴിവിളക്കുകൾ ,, 2 | ,, | 1-12-0 |
| 4. | പിതാവ് | ,, | 0- 6-0 |
| 5. | മാതാവ് | ,, | 0- 6-0 |
| 6. | പൊൻകിനാവുകൾ | (മയിലാട് മണിമല) | 0-12-0 |
| 7. | ഗലാഷയാത്ര | (ജോർജ് വെട്ടയാൽ) | 0-10-0 |
| 8. | Student's Hymnal | | 0-12-0 |
| 9. | പാലയൂർ പള്ളിയും മാർ തോമ്മാശ്ലീഹായും | (റവ. പ്രാവിഡ) | 0.8.0 |
| 10. | കാട്ടുപൂക്കൾ | (സി. തൈക്കാട്ട്) | 0-4.0 |
| 11. | കുരിശും കിരീടവും | (പ്രാ. വിക്ടർ) | 0.8.0 |

Neethiman Press, Choondal, P. O.
Via Trichur


## ചോദ്യോത്തരപംക്തി

ചോ: ദൈവവിളി എന്താകുന്നു? യുവഹൃദയങ്ങൾക്കു് അതിനെ എങ്ങിനെ തിരിച്ചറിയാം?

ഉ: വ്യാപകമായ അർത്ഥത്തിൽ ദൈവവിളി എന്നു പറഞ്ഞാൽ മനസ്സിലാക്കുന്നതു് ഏതെങ്കിലും ജീവിതാവസ്ഥ തിരഞ്ഞെടുക്കുന്നതിനായുള്ള ദൈവപ്രചോദനം അഥവാ പ്രേരണ എന്നാകുന്നു. എന്നാൽ പ്രായേണ സ്വീകൃതമായിരിക്കുന്ന പരിമിതമായ അർത്ഥത്തിൽ ഒന്നാമതായി വൈദികാ (പുരോഹിതാ)ന്തസ്സിലേക്കുള്ള ഒരു വ്യക്തിയുടെ ദൈവപ്രേരണയെ ഉദ്ദേശിച്ചും 2-ാമതായി സന്യാസാന്തസ്സിലേക്കുള്ള ദൈവാഹ്വാനത്തെ ഉദ്ദേശിച്ചും ദൈവവിളി എന്നുപറയപ്പെടുന്നു. വൈവാഹികജീവിതാവസ്ഥയിലേക്കുള്ള പ്രവേശനത്തിനു പ്രായേണ ഈ സംജ്ഞ നൽകാറില്ല.

ഇനി യുവഹൃദയങ്ങൾക്കു് അതിനെ എങ്ങിനെ തിരിച്ചറിയാം എന്നു നോക്കാം.

വൈദികാന്തസ്സിനെപ്പററി പറഞ്ഞാൽ ഒരു യുവാവിനു ഈ ജീവിതാവസ്ഥയിൽ പ്രവേശിക്കുവാൻ സദുദ്ദേശ്യപ്രേരിതമായ ആഗ്രഹം, ദേഹസുഖം, വൈദികപഠനങ്ങൾ നടത്തുന്നതിനുള്ള ബുദ്ധിശക്തി, കാനോനികമായ യാതൊരു പ്രതിബന്ധവുമില്ല എന്നു വൈദികാധികാരികൾക്കു ബോദ്ധ്യമായി അവരുടെ അംഗീകരണവും സ്വീകരണവും ലഭിക്കുക—ഇത്രയും കാര്യങ്ങൾ ഒത്തിണങ്ങിയാൽ മതി. ഇത്രയും കാര്യങ്ങൾ ഒത്തിണങ്ങിവന്നാൽ പിന്നെ പ്രത്യേകതരമോ പ്രത്യേകതമമോ ആയ ദൈവാഹ്വാനം ഒന്നും പ്രതീക്ഷിച്ചിരിക്കേണ്ട ആവശ്യമില്ല. കേരളക്കരയിലെ യുവതീയുവാക്കന്മാരെപ്പററി പറഞ്ഞാൽ അവരുടെ സ്വന്തരൂപതയിലല്ലെങ്കിൽ ഭാരതമൊട്ടുക്കു് വൈദികരെയും സന്യാസികളെയും ആവശ്യപ്പെട്ടുകൊണ്ടു് കത്തോലിക്കാ പത്രമാസികകളിൽ ദിവസേനയെന്നവണ്ണം പരസ്യങ്ങൾ കാണാറുള്ളതുകൊണ്ടു് വേണ്ട യോഗ്യതയുള്ളവർ ഇക്കാര്യത്തിൽ മനസ്സായാൽമാത്രം മതിയാകുന്നതാണ്. നല്ല വിചാരങ്ങൾ പിശാചിൽനിന്നു വരികയില്ല; അവ നമ്മുടെ ദുഷിച്ച പ്രകൃതിയിൽനിന്നും ആകയില്ല. ആകയാൽ ഇങ്ങനെയുള്ള സദ്വിചാരങ്ങൾ ദൈവത്തിൽനിന്നു മാത്രമേ വരികയുള്ളൂ എന്നു സാമാന്യമായി പറയാം.

"കൊയ്ത്തു വളരെ, വേലക്കാരോ ചുരുക്കം", "നിങ്ങളും എന്റെ വയലിലേക്കു പോകുവിൻ" എന്നുള്ള സുവിശേഷവാക്യങ്ങളും "ഭാരതമേ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളുടെ കൈകളിൽ" എന്നുള്ള പിയോ 13-ാമന്റെ വാക്കുകളും ഇക്കാര്യത്തിൽ സാക്ഷാൽ പ്രേരകങ്ങളാകേണ്ടതത്രെ.

ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ കുമ്പസാരക്കാരനോടു ആലോചിക്കട്ടെ. അതാകുന്നു ഏററം പ്രായോഗികവും ഭദ്രവുമായ നിവാരണമാർഗ്ഗം.


മലയാളഭാഷയിലെ ചെറുകഥാപ്രസ്ഥാനത്തിൽ ഒരു നവീനാദ്ധ്യായം വെട്ടിത്തുറന്ന

**റിക്ഷാക്കാരുടെ ലോകം**

ഗ്രന്ഥകർത്താ:-
കാളിയാർ ജെ. മാത്യു
മഹാകവി ജി. ശങ്കരക്കുറുപ്പിന്റെ അവതാരികയോടുകൂടിയതു്
വില 1 ക. (മുൻകൂർ അയയ്ക്കുക)

കാളിയാർ നാഷനൽ ലൈബ്രറി,
കോടിക്കുളം P. O., തൊടുപുഴ

# മരിയവത്സരമഞ്ജരി

## സൂമം 8

മറിയം മിശിഹായെ ഗർഭംധരിക്കുന്നതിനുമുമ്പും, ഗർഭധാരണത്തിലും, ഗർഭധാരണത്തിനുശേഷവും തൻെറ കന്യാത്വത്തെ അഭംഗം പരിപാലിച്ചു. ഇതൊരു വിശ്വാസസത്യമാണു്. ദൈവം മറിയത്തിൻെറ അനിതരസാധാരണമായ നിലയെ പരിഗണിച്ചു നൽകിയ ഒരു പ്രത്യേകവരമാണു് കന്യകാമാതൃത്വം. സാധാരണ മാതൃത്വത്തിൽ ഈ സ്ഥിതിവിശേഷം പ്രതീക്ഷിക്കപ്പെടേണ്ട



തില്ല. എന്നുവരികിലും ദൈവത്തിൻെറ അഭീഷ്ടാനുസരണം വിവാഹബന്ധത്തിൽ മാതൃത്വപ്രാപ്തിക്കായി കന്യാത്വത്തെ ബലിയപ്പിക്കുന്നതു അഭിലഷണീയമാണു്. നേരെമറിച്ചു ജഡികമായ വ്യാമോഹങ്ങൾക്കുവേണ്ടി ശരീരത്തെ ദുരുപയോഗിക്കുന്നതു കന്യാത്വഭംഗവും പാപവുമത്രെ.

### ത്രിവിധലംഘനങ്ങൾ

ക്രിസ്തീയവിവാഹത്തെ സംബന്ധിച്ചുള്ള പരിശുദ്ധ പിതാവു് 11-ാം പീയൂസ് മാർപ്പാപ്പായുടെ ചാക്രികലേഖനത്തിൽ ഇതേപ്പററി പ്രസ്താവിച്ചിട്ടുള്ളതു്, മൂന്നുവിധത്തിലാണു് മാതൃത്വത്തെ മലീമസമാക്കുന്ന കന്യാത്വലംഘനങ്ങൾ നടക്കുന്നതെന്നത്രെ: വ്യഭിചാരം, ജനനനിയന്ത്രണം, ഭ്രൂണഹത്യ ദൈവത്തിൻെറ വ്യവസ്ഥിതിയിൽ വിവാഹം അഭേദ്യമാണു്. എന്നാൽ വ്യഭിചാരം ആ ബന്ധത്തെ ശിഥിലമാക്കുന്നു. വിവാഹബന്ധത്തിൽ നിലനില്ക്കേണ്ട ഹൃദയങ്ങളുടെ ഐക്യവും, പരസ്പരവിശ്വാസവും ഈ ദുഷ്കൃത്യം ശിഥിലീകരിക്കുകയും വിവാഹജീവിതത്തിൻെറ ലക്ഷ്യത്തെ താറുമാറാക്കുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ ദൈവത്തിൻെറ അഭേദ്യമായ ശാസനത്തേയും മിശിഹായുടെ സുവിശദമായ പ്രബോധനത്തേയും ആധുനികലോകം അനാദരിക്കുന്നതിനും, പരിഷ്കാരത്തിൻെറയും പാശ്ചാത്യപ്രേരണയുടേയും സാമൂഹ്യാചാരങ്ങളുടേയും മറവിൽ അവഗണിക്കുന്നതിനും ശ്രമിക്കുന്നുണ്ടു്. അതുമൂലം ലോകത്തിൽ ദൈവശാപം നിഴലിക്കുകയും ചെയ്യുന്നു. രണ്ടാമതായി ജനനനിയന്ത്രണംവഴി മനുഷ്യൻ വിവാഹത്തിൻെറ പരമലക്ഷ്യമായ സന്താനോല്പാദനത്തെ പ്രതിരോധിച്ചുകൊണ്ടു് വെറും വിഷയാസക്തിയുടെ നിവൃത്തിക്കുവേണ്ടി അതിനെ ദുരുപയോഗിക്കുന്നു. സ്വാഭാവികക്രമത്തെ അതു തകിടംമറിക്കുന്നു; വിവാഹപരിശുദ്ധിയെ അതു അശുദ്ധമാക്കുന്നു; പാവനശരീരത്തെ അതു ദുരുപയോഗിക്കുന്നു. മാനവസമുദായവും രാഷ്ട്രങ്ങളും അതിൻെറ ദുഷ്ഫലങ്ങൾ കൊയ്യുകയും ചെയ്യുന്നു. മൂന്നാമത്തെ ലംഘനം ഭ്രൂണഹത്യയാണു്. മനുഷ്യവ്യക്തിയെ ഉരുവാക്കുന്നതിൽ ദൈവത്തിൻെറ ഏററവും അടുത്ത സഹകാരിയാകുന്നതിനുള്ള ഭാഗധേയം കൈവന്നിട്ടുള്ള ഒരു മാതാവിൽ ചെയ്യപ്പെടുന്ന ഏററം കടുത്തതായ പാതകകൃത്യമാണതു്. ശാരീരികജീവൻ നശിപ്പിക്കുന്ന ഒരു നരഹത്യമാത്രമല്ല; ഒരു വ്യക്തിയുടെ നിത്യസൗഭാഗ്യത്തെ അനിശ്ചിതമാക്കുന്ന ആത്മീയവധംകൂടി അതിൽ ഉൾക്കൊള്ളുന്നു. ഏററം നാരകീയമായ ഈ ക്രൂരകൃത്യത്തിൻെറ സ്മരണയിൽ സുബോധമുള്ള മനുഷ്യൻ ഞെട്ടേണ്ടതത്രെ. വ്യക്തമായ ഈ നരഹത്യയെ—നിരാധാരമായ ശിശുവിൻെറ ജീവനിലുള്ള മൗലികാവകാശത്തെ ചവുട്ടിത്തേക്കുന്ന കൊടുംപാതകത്തെ—നീതീകരിക്കുന്നതിനു ആധുനികലോകം വെമ്പൽകൊള്ളുന്നുണ്ടാകാം. പക്ഷെ പ്രതികാരത്തിനുവേണ്ടി സ്വർഗ്ഗത്തിലേക്കുയരുന്ന നിർമ്മലരക്തത്തിൻെറ രോദനം നീതിവിധിയാളൻെറ മുമ്പിൽ നിരാകരിക്കപ്പെടുകയില്ല തന്നെ.

ആധുനികലോകം പാപപങ്കിലമായ ഈ മിഥ്യാവബോധത്തിൻെറ അന്ധതയിൽനിന്നു സത്യപ്രകാശത്തിലേക്കാനയിക്കപ്പെടണം. മാതൃത്വത്തിൻെറ മഹനീയതയും പാവനതയും അതിനു ബോദ്ധ്യപ്പെടണം. ജഡത്തിൻെറ വ്യാമോഹങ്ങളിൽനിന്നകലുന്നതിനും, മാതൃത്വത്തോടനുബന്ധപ്പെട്ട ഭാരങ്ങളേയും ക്ലേശങ്ങളേയും ധീരതയോടുകൂടി സഹിക്കുന്നതിനും, മഹോന്നതമായ മാതൃത്വത്തിൻെറ പാവനതയെ പരിപൂർണ്ണമായി പാലിക്കുന്നതിനും വേണ്ട സഹായം ലഭിക്കുന്നതിനു മാതൃലോകത്തിനു മാതൃകയും മദ്ധ്യസ്ഥയുമായ പരിശുദ്ധ മറിയത്തെ വിളിച്ചപേക്ഷിക്കാം:

**കന്യാത്വത്തിനന്തരം വരാത്ത മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുക.**

## സൂമം 9


മാതൃത്വത്തെ മലീമസമാക്കുന്ന ഭയങ്കര തിന്മകൾ ശരീരത്തിലേക്കു കടക്കുന്നതിനുമുമ്പു് അവ ആത്മാവിൽ പ്രവർത്തിക്കുന്നു. ജഡികമായ വ്യാമോഹം നിറഞ്ഞ വിചാരവികാരങ്ങൾ, ദാമ്പത്യവിശ്വസ്തതയ്ക്കെതിരായ പ്രവണതകൾ, ദമ്പതികൾ പരസ്പരം പാലിക്കേണ്ട തീക്ഷ്ണമായ സ്നേഹത്തിൻെറ അഭാവം, അനുസരണാബോധമില്ലായ്മ, സന്താനങ്ങളോടുള്ള സ്നേഹരാഹിത്യം, അവരെ ശുശ്രൂഷിക്കുന്നതിലുള്ള അലംഭാവം മുതലായ വ്യതിയാനങ്ങളാണു് ആത്മാവിനെ നിർജ്ജീവമാക്കുന്നതിനു വട്ടമിട്ടുകൂടുന്നതു്. അവയെ തക്കസമയത്തു ഹൃദയത്തിൽനിന്നു ബഹുദൂരം അകററുകയും തുരത്തുകയും ചെയ്യുന്നില്ലെങ്കിൽ മാതൃത്വം അലങ്കോലപ്പെടുകതന്നെ ചെയ്യും.

### ഭാര്യാഭർതൃബന്ധം


ഈ ബന്ധം പരസ്പരവിശ്വസ്തതയിലും, സ്നേഹത്തിലും, അനുസരണയിലും അടിയുറച്ചതായിരിക്കണം. ഭാര്യാഭർത്താക്കന്മാർ വിവാഹംവഴി ഒരു ശരീരവും ഒരാത്മാവുമെന്നവണ്ണം ഗാഢമായി ബന്ധിക്കപ്പെടുകയാണു്. ഈ ബന്ധം വ്യാമോഹപരമോ താല്ക്കാലികമോ അനുകൂലമാത്രമോ അല്ല. അതു ചിരന്തനവും അഭേദ്യവുമായ ഒരു ദൃഢനിശ്ചയത്തിൻെറ—ദിവ്യമായ ഒരു വ്രതത്തിൻെറ—അനന്തരഫലമാണു. ആജീവനാന്തം ഭാര്യ ഭർത്താവിൻെറതും, ഭർത്താവു ഭാര്യയുടേതുമത്രെ. മൂന്നാമതൊരു വ്യക്തിക്കു ഈ ബന്ധത്തിൽ സ്ഥാനമില്ല. ദാമ്പത്യസ്നേഹത്തിൻെറ മോഹനാരാമത്തിലാണു് സ്വാതന്ത്ര്യവും കുലീനവും മനോഹരവുമായ ദാമ്പത്യവിശ്വസ്തതയും അനുസരണവും മൊട്ടിട്ടുവികസിക്കുന്നതു്. സുഭഗമായ ഈ ബന്ധത്തിൻെറ മാതൃകയാണു് തിരുക്കുടുംബത്തിൽ പരിശുദ്ധ കന്യകാമറിയത്തിലും വിശുദ്ധ യൗസേപ്പിലും നാം കാണുന്നതു്. പ്രസ്തുത വിശിഷ്ടപുണ്യങ്ങളുടെ അഭാവംകൊണ്ടാണു് ആധുനികകുടുംബങ്ങൾ ക്രമരാഹിത്യത്തിലും, ശൈഥില്യത്തിലും, വിവാഹമോചനത്തിലും, കലാപങ്ങളിലും നിപതിക്കുന്നതായി നാം കാണുന്നതു്. മാതാപിതാക്കന്മാർ പരസ്പരമുള്ള കർത്തവ്യങ്ങളെ യഥാവിധി നിർവ്വഹിച്ചെങ്കിൽ മാത്രമേ അവക്കു അവരുടെ മക്കളോടുള്ള കർത്തവ്യങ്ങളെ അനുഷ്ഠിക്കുവാൻ കഴിവുണ്ടാവുകയുള്ളു. മാതാപിതാക്കന്മാർ അവരെ സംരക്ഷിക്കണം. അവക്കു ലൗകികവും മതപരവുമായ വിദ്യാഭ്യാസം നൽകണം. അവരുടെ സ്വഭാവരൂപവല്ക്കരണം സാധിക്കണം. വേറെ വാക്കുകളിൽ പറഞ്ഞാൽ ദൈവത്തിൻെറ അഭീഷ്ടം ആ ഓരോ വ്യക്തിയിലും പരിപൂർണ്ണമായി നിറവേറത്തക്കവണ്ണം അവരെ സജ്ജമാക്കണം.

ഓരോ ക്രിസ്തീയമാതാവും പരിശുദ്ധ കന്യകാമറിയത്തെ അനുകരിച്ചു അവളുടെ സന്താനങ്ങളെ ദൈവകാര്യങ്ങൾ പഠിപ്പിക്കുകയും ദൈവത്തെ സ്നേഹിക്കുന്നതിനും, ജപങ്ങൾവഴി ദൈവത്തോടു് ആത്മാർത്ഥമായി സംസാരിക്കുന്നതിനും, സൽകൃത്യങ്ങൾ വഴിയായി അവിടുത്തെ അഭീഷ്ടം സാധിക്കുന്നതിനും പരിശീലിപ്പിക്കുകയും ചെയ്യട്ടെ. പരിപാവനവും കന്മഷരഹിതവുമായ ഒരു മാതൃത്വത്തിനു മാത്രമേ ഇതു സാദ്ധ്യമാവുകയുള്ളു. അതുകൊണ്ടു് മാതാക്കൾക്കാദർശമായ മറിയത്തെ വിളിച്ചു നമുക്കു പ്രാർത്ഥിക്കാം:

**ഏററം നിർമ്മലയായ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.**



വി. തോമ്മാശ്ലീഹായുടെ ഭൗതികാവശിഷ്ടം സൂക്ഷിച്ചിട്ടുള്ള ഒർട്ടോനായിലെ അർദ്ധകായസ്വരൂപം



അപ്പസ്തോലൻെറ ഭൗതികാവശിഷ്ടങ്ങൾ നിക്ഷേപിച്ചിരിക്കുന്ന ഒർട്ടോനായിലെ ദേവാലയത്തിൻെറ പ്രധാന അൾത്താര.

"വി. തോമ്മാശ്ലീഹായുടെ തിരുശരീരം സംസ്കരിക്കപ്പെട്ടതു മൈലാപ്പൂരിലാണല്ലോ. എന്നാൽ ഏതാനും കൊല്ലങ്ങൾ കഴിഞ്ഞപ്പോൾ തിരു അസ്ഥികളുടെ പ്രധാനഭാഗം മൈലാപ്പൂരിൽനിന്നും മെസപ്പട്ടോമിയായിലുള്ള എഡേസായിലേക്കു മാററപ്പെട്ടു. നാലാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ തിരുഅസ്ഥികൾ എഡേസായിൽ ഉണ്ടായിരുന്നുവെന്നു എഡേസാനിവാസിയായിരുന്ന വി. അപ്രേം രേഖപ്പെടുത്തിയിട്ടുണ്ടു്. ഏഴാംനൂററാണ്ടിൽ എഡേസാ മുസ്ലീം ശക്തിക്കധീനപ്പെട്ടതിനാൽ തിരു അസ്ഥികൾ അവിടെനിന്നും ഏഷ്യാമൈനറിൻെറ പടിഞ്ഞാറെത്തീരത്തിനടുത്തുള്ള കീയോസു് ദ്വീപിലേക്കും അവിടെനിന്നു 1259-ൽ മദ്ധ്യഇററലിയുടെ കിഴക്കെത്തീരത്തുള്ള ഒർട്ടോണാനഗരത്തിലേക്കും മാററപ്പെട്ടു."

## സംഭവകഥകൾ

### ഞാൻ വീട്ടിൽ പോകയാണു്

സുപ്രസിദ്ധനായ വെസ്റ്റ്മിനിസ്റ്റർ മെത്രാപ്പോലീത്താ കർദ്ദിനാൾ വൈസ്മാൻ ആസന്നമരണനായി കിടക്കുകയാണു്. അദ്ദേഹത്തിൻെറ ഡോക്ടർ തുറന്നുപറഞ്ഞു, അദ്ദേഹത്തിൻെറ ഇഹലോകജീവിതം അവസാനിക്കുവാൻ പോകുന്നുവെന്നു്. തദവസരത്തിൽ അവിടെവന്ന ഒരു കന്യാസ്ത്രീയോടു് അദ്ദേഹം ചോദിച്ചു: സഹോദരീ, ഡോക്ടർ പറഞ്ഞതു് എന്താണെന്നു മനസ്സിലായോ? മനസ്സിലായില്ലാ എന്നറിയിച്ചപ്പോൾ ശാന്തചിത്തനായി പറയുകയാണദ്ദേഹം: "എനിക്കു് എൻെറ വീട്ടിലേക്കു പോകാൻ സമയമായി എന്നാണു് ഡോക്ടർ പറഞ്ഞതു്."

### ഏതു തെരഞ്ഞെടുക്കണം

ചരിത്രം സൃഷ്ടിച്ച ആ മഹാസംഭവത്തിനു സാക്ഷിനില്ക്കുകയാണു് ആ മഹാൻ. പണ്ഡിതനും വിശ്വസ്തനും സർവ്വോപരി പരമഭക്തനുമായ സർ തോമ്മസ് മൂർ, കത്തോലിക്കാസഭയുടെമേൽ പരമാധികാരം അന്യായമായി അവകാശപ്പെട്ട ദുഷ്ടനായ ഹെൻട്രി അഷ്ടമനാൽ കൊലക്കു വിധിക്കപ്പെട്ടു. മരണത്തിനു തലേനാൾ അദ്ദേഹത്തിൻെറ ഭാര്യയായ "ലൂയിസാ" ഭർത്താവിനോടപേക്ഷിക്കയാണു് രാജാവിൻെറ അവകാശം വകവച്ചുകൊടുത്തു രമ്യതയിൽ ജീവിക്കുവാനായി. ദൃഢചിത്തനായ മൂർ ചോദിച്ചു: "ലൂയിസാ, വൃദ്ധനായ ഞാൻ എത്രനാൾ കൂടി ജീവിച്ചിരിക്കുമെന്നാണു് നിൻെറ വിചാരം." ഇരുപതു കൊല്ലംകൂടിയെങ്കിലും ജീവിച്ചിരിക്കാമെന്നുള്ള ഭാര്യയുടെ അഭിപ്രായം കേട്ടപ്പോൾ ആ ധീരചരിതൻ പറഞ്ഞതിപ്രകാരമാണു്: "ഭവതി ഇത്ര ഭോഷിയാണോ? 20 കൊല്ലത്തെ ദുരിതപൂർണ്ണമായ ജീവിതത്തിനുവേണ്ടി എൻെറ നിത്യാനന്ദഭാഗ്യം ഞാൻ പരിത്യജിക്കണമെന്നാണോ ഭവതിയുടെ അഭിലാഷം!"

### സ്വർഗ്ഗമാണെൻെറ ലക്ഷ്യം

സൗരയൂഥത്തിലെ നെപ്ററ്യൂൺ (Neptune) എന്ന പുതിയ ഗ്രഹം കണ്ടുപിടിച്ച മഹാജ്യോതിശ്ശാസ്ത്രജ്ഞനാണു് ലെവേരി (Leverrier) എന്ന മഹാൻ. പ്രസ്തുത കണ്ടുപിടിത്തത്തിൽ അദ്ദേഹത്തെ അനുമോദിച്ചുകൊണ്ടു് മോൺ. ഡെക്കോൺടൻസു പറഞ്ഞു: "സുഹൃത്തേ, നിങ്ങൾ ഇപ്പോൾ സൗരയൂഥത്തിലേക്കാണു യാത്ര അല്ലേ." ഇതു കേട്ടയുടനെ ആ മഹാ ജ്യോതിർജ്ഞാനി പറയുകയാണു്: "മോൺ. അതിലും ഉപരി പോകണമെന്നാണു് എൻെറ അതിയായ അഭിലാഷം; സ്വർഗ്ഗമാണു് എൻെറ ലക്ഷ്യം."

—o—

വിമർശനവീഥി

# സോവ്യററു സാമ്രാജ്യത്തിലെ ഭയങ്കര ചൂഷണങ്ങൾ

പാശ്ചാത്യരാജ്യങ്ങളും സോവ്യററു് റഷ്യയും സാമ്പത്തിക സാമ്രാജ്യസൗധം കെട്ടിപ്പടുക്കുന്നതിൽ പ്രയോഗിച്ചിട്ടുള്ള രീതികൾതമ്മിൽ വ്യത്യാസമുണ്ടു്. പാശ്ചാത്യരാജ്യങ്ങൾ ഉപയോഗിച്ച മാർഗ്ഗം, അവർ സ്വദേശങ്ങളിൽ ഉല്പാദിപ്പിച്ച വിഭവങ്ങൾ വർദ്ധമാനമായതോതിൽ വിദേശങ്ങളിലേക്കു് ഇറക്കുമതി ചെയ്യുകയും സ്വന്തം മൂലധനങ്ങൾ അവിടങ്ങളിൽ നിക്ഷേപിക്കുകയുമാണു്. അങ്ങനെ വർഷങ്ങളും ദശവർഷങ്ങളും കഴിഞ്ഞപ്പോൾ വിദേശങ്ങളിൽ അവരുടെ മൂലധനം കുന്നുകുന്നായി കൂടി. സോവ്യററു് ഗവമ്മെൻറാകട്ടെ, സ്വന്തം മൂലധനം വിദേശങ്ങളിൽ നിക്ഷേപിക്കുവാൻ പണിപ്പെട്ടില്ല. വിദേശങ്ങളിൽ അവർക്കുണ്ടായ നേട്ടങ്ങൾ ഒരു ശുഭമുഹൂർത്തത്തിലെ യുദ്ധവിജയത്തിൻെറ ഫലമായി കൈവന്നതാണു്. പാശ്ചാത്യരാജ്യങ്ങൾ സാമ്പത്തിക പ്രവർത്തനങ്ങൾ വഴിയായി നിർവ്വഹിച്ചതു് മോസ്കോ സൈനികശക്തിയുടേയും രാഷ്ട്രീയസ്വാധീനത്തിൻെറയും സഹകരണത്തോടുകൂടിയ ചൂഷണം വഴിയായി നിർവ്വഹിച്ചു. രണ്ടുംതമ്മിൽ എത്ര വ്യത്യാസം!

## സാമ്പത്തിക ചൂഷണം

ഒന്നാംലോകമഹായുദ്ധത്തിൻെറ ആദ്യദശയിൽ സാമ്രാജ്യത്വത്തെ അധികരിച്ചു് ലെനിൻ ഒരു ഗ്രന്ഥമെഴുതി. ("Imperialism as the Highest Stage of Capitalism"). അതിൽ സാമ്രാജ്യത്വത്തെപ്പററി ഒരു സിദ്ധാന്തത്തിൻെറ രൂപത്തിൽ അദ്ദേഹം പ്രസ്താവിച്ചു:- ലോകം മുഴുവനും ഏതാനും മുതലാളിത്തവ്യവസ്ഥിതിക്കാരായ സാമ്രാജ്യശക്തികൾ പങ്കിട്ടെടുത്തിരിക്കുന്നു. ഇനി പങ്കിടാൻ ഭൂമി ശേഷിച്ചിട്ടില്ല. ആകയാൽ ഇനിയത്തെ പങ്കിടൽ പുനർവിഭജനം മാത്രമായിരിക്കും—ഒരു സാമ്രാജ്യശക്തിയുടെ ഉടമയിലിരിക്കുന്നതു് വേറൊരു സാമ്രാജ്യശക്തിയുടെ ഉടമയിലേക്കു കൈമാറുക. ആ കൈമാററം സാമ്രാജ്യയുദ്ധങ്ങൾക്കു നിദാനമായിരിക്കുകയും ചെയ്യും.

ലെനിൻ ചെയ്ത ഈ പ്രവചനം രണ്ടാംലോകമഹായുദ്ധം കഴിഞ്ഞതോടുകൂടി തെററിപ്പോയി. ബ്രിട്ടൻ, നെതർലണ്ട്, ഫ്റാൻസു്, ജപ്പാൻ, ഇററലി, യു. എസു്. എ. ഇവയുടെ—ലെനിൻ തൻെറ സിദ്ധാന്തവിശദീകരണത്തിൽ മുതലാളിത്തവ്യവസ്ഥിതിയോടുകൂടിയ സാമ്രാജ്യശക്തികളെന്നു നാമകരണംചെയ്തവയുടെ—ഇപ്പോഴത്തെ സ്ഥിതി എന്താണു്? ഇൻഡ്യ, ബർമ്മ, സിലോൺ, പാലസ്റ്റൈൻ എന്നീ രാജ്യങ്ങൾ ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ പിടിവിട്ടുപോയി. നെതർലണ്ടിനു് അതിൻെറ സാമ്രാജ്യത്തിലുൾപ്പെട്ടിരുന്ന ഇൻഡോനേഷ്യാ നഷ്ടപ്പെട്ടു. സിറിയായും ലെബനനും ഫ്റാൻസു് കൈവെടിയേണ്ടിവന്നു. കൊറിയ, ഫോർമോസ, മഞ്ചൂറിയ എന്നീ രാജ്യങ്ങൾ ജപ്പാനു് നഷ്ടീഭവിച്ചു. ഇററലി അബ്സീനിയായും ലിബിയായും വിട്ടുകൊടുക്കേണ്ടിവന്നു. യു. എസ്. എ. യുടെ രക്ഷാധികാരത്തിൽ ഇരുന്നിരുന്ന ഫിലിപ്പൈൻസു ആ ബന്ധത്തിൽനിന്നും വേർപെട്ടു. ഇപ്പറഞ്ഞ രാജ്യങ്ങളെല്ലാം അവയുടെ അധീശത്വം കൈയടക്കിയിരുന്ന സാമ്രാജ്യശക്തികളോടു യാതൊരു വിധേയത്വവുമില്ലാതെ, പരമാധികാരത്തോടുകൂടിയ, സ്വതന്ത്രനിലയെ പ്രാപിച്ചുകഴിഞ്ഞു. 1കോടി 15ലക്ഷം ചതുരശ്രമൈൽ വിസ്തൃതിയുള്ള ഭൂഭാഗങ്ങളും, 56 കോടി 10ലക്ഷം ജനങ്ങളും ഇങ്ങനെ സാമ്രാജ്യശക്തികൾക്കു് നഷ്ടപ്പെട്ടിരിക്കുകയാണു്. സാമ്രാജ്യശക്തികളുടെ മത്സരത്തിൻെറയും കൊളോണിയൽ യുദ്ധങ്ങളുടേയും രംഗമായി മുമ്പുകിടന്നിരുന്ന ഏഷ്യാഭൂഖണ്ഡം വിദേശികളായ അധീശശക്തികളിൽനിന്നെല്ലാം മിക്കവാറും സ്വതന്ത്രയായി. ആ വലിയ ഭൂഖണ്ഡത്തിലെ 120കോടി ജനങ്ങളിൽ 5കോടി 50ലക്ഷം അധിവസിക്കുന്ന പ്രദേശങ്ങൾ മാത്രമേ പാശ്ചാത്യശക്തികളുടെ കോളണികളായും ആശ്രിതരാജ്യങ്ങളായും ശേഷിച്ചിട്ടുള്ളു. ആഫ്റിക്കയാണു് സാമ്രാജ്യശക്തികളുടെ പിടിയിൽ ഇനിയും കഴിഞ്ഞുകൂടുന്ന ഏക ഭൂവിഭാഗം. എന്നാൽ ആ ഭൂഖണ്ഡത്തിലെ ജനസംഖ്യ ലോകത്തിൽ ആകെയുള്ളതിൻെറ 5 ശതമാനത്തിൽ കുറവാണു്. സാമ്രാജ്യശക്തികൾ ഓരോരുത്തരുടേയും കൈവശമിരിക്കുന്ന ഭൂഭാഗങ്ങൾ പരസ്പരം പിടിച്ചെടുക്കുന്നതിനുവേണ്ടി അവർതമ്മിൽ സാമ്രാജ്യയുദ്ധങ്ങൾ ഉണ്ടാകുമെന്നുള്ള ലെനിൻെറ പ്രവചനവും അദ്ദേഹം വിഭാവന ചെയ്ത അർത്ഥത്തിൽ തെററിപ്പോയിരിക്കുന്നു. അഥവാ അതിൽ വല്ല വാസ്തവമുണ്ടെങ്കിൽ അതു പ്രയോഗത്തിൽ കാണുന്നതു് സോവ്യററു് റഷ്യയുടെ കാര്യത്തിലാണുതാനും. സോവ്യററു റഷ്യ സാമ്രാജ്യവിപുലീകരണത്തിനായി നടത്തിയ ആക്രമണപരമായ യുദ്ധങ്ങൾ എത്രവലുതേ!

സാമ്രാജ്യശക്തികളെക്കുറിച്ചു് ലെനിൻ ചെയ്ത ആരോപണങ്ങളിൽ ഒന്നു്, കോളനികളേയും അധീനരാജ്യങ്ങളേയും ആശ്രിതരാജ്യങ്ങളേയും അവർ സാമ്പത്തികമായി ചൂഷണം ചെയ്യുന്നുവെന്നാണു്. മുകളിൽ ചൂണ്ടിക്കാണിച്ചപോലെ അത്തരം രാജ്യങ്ങളെല്ലാം സാമ്രാജ്യശക്തികൾക്കു നഷ്ടപ്പെട്ടതോടുകൂടി അവയെ സാമ്പത്തികമായി ചൂഷണംചെയ്യാൻ അവക്കു നിവൃത്തിയില്ലാതെയുമായി. എന്നാൽ അത്തരം ചൂഷണം ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതു് സോവ്യററു് റഷ്യതന്നെയാകുന്നു.

കഴിഞ്ഞ ലോകമഹായുദ്ധത്തിനുശേഷം മോസ്കോയിലെ വിദേശവ്യാപാരമന്ത്രിവകുപ്പു സാമ്പത്തികസാമ്രാജ്യം കെട്ടിപ്പടുക്കാനുള്ള മന്ത്രിവകുപ്പായി തീർന്നിരിക്കുന്നു ഇറക്കുമതിയുടേയും കയററുമതിയുടേയും വ്യാപാരങ്ങളിലല്ല ആ മന്ത്രിവകുപ്പു് പ്രധാന ശ്രദ്ധപതിച്ചുകൊണ്ടിരിക്കുന്നതു്. റഷ്യക്കു പുറത്തുള്ള രാജ്യങ്ങളിലെ സകലവിധ സാമ്പത്തികപ്രവർത്തനങ്ങളിലും അവർ വ്യാപൃതരായിരിക്കുകയാണു്. പ്രസ്തുത മന്ത്രിവകുപ്പിൻെറ ഔദ്യോഗികമായ നേതൃത്വം വഹിച്ചിരുന്ന അനസ്താസ്സു് മീക്കോയൻ (Anastas Mikoyan) വിദേശങ്ങളിലെ പ്രവർത്തനങ്ങൾക്കുള്ള ഉത്തരവും കൊടുത്തു് നിയോഗിച്ച ഉദ്യോഗസ്ഥന്മാരോടു് പറഞ്ഞു:- നിങ്ങൾ സോവ്യററു് കോളനികളുടെ നിർമ്മാതാക്കളാകുന്നു (Soviet Colonizers). സാമ്പത്തികകാര്യങ്ങളാണു് നയപരിപാടികളെ നിർണ്ണയിക്കുന്നതു് നിങ്ങൾ സോവ്യററു് ബിസ്സിനസ്സുകാർ, അതായതു് സോവ്യററു് മുതലാളിമാർ, ആയിരിക്കണം. ഞങ്ങൾ നിങ്ങളെ സഹായിച്ചുകൊള്ളാം"

## സമ്മിശ്രക്കമ്പനി

ഈ ഉദ്ബോധനമനുസരിച്ച മോസ്കോയിലെ വിദേശവ്യാപാരവകുപ്പുദ്യോഗസ്ഥന്മാർ റഷ്യയുടെ പിടിയിലമർന്നിരിക്കുന്ന ഏഷ്യയിലേയും യൂറോപ്പിലേയും രാജ്യങ്ങളിൽ സാമ്പത്തികസാമ്രാജ്യം കെട്ടിപ്പടുക്കുവാൻ സകല ശ്രമങ്ങളും ചെയ്തുപോന്നു. അവയിലൊന്നു് സമ്മിശ്രക്കമ്പനികൾ (Mixed Company) സ്ഥാപിക്കുകയാണു്. സോവ്യററു് ഗവമ്മെൻറു് 50 ശതമാനവും, ഉപഗ്രഹങ്ങളായ രാജ്യങ്ങളിലെ ഗവമ്മെൻറുകൾ 50 ശതമാനവും ഓഹരികളെടുത്തു് അവിടങ്ങളിൽ ഏർപ്പെടുത്തുന്ന വ്യവസായകോർപ്പറേഷനാണു് ഈ സമ്മിശ്രക്കമ്പനി. ഓഹരിവിഭജനം ചിലപ്പോൾ സോവ്യററിൻെറ ഭാഗത്തു് 51-ം, ഉപഗ്രഹങ്ങളുടെ ഭാഗത്തു് 49-ം ശതമാനമായി തീരുന്നുമുണ്ടു്. മഞ്ചൂറിയായിലുള്ള ചൈനീസു് ഈസ്റ്റേൺ റയിൽവേയുടെ കാര്യത്തിൽ 1924 നും 35 നും മദ്ധ്യേ സമ്മിശ്രക്കമ്പനിനയം പ്രയോഗിക്കപ്പെട്ടു. സോവ്യററുകാരും ചൈനാക്കാരും തമ്മിലുള്ള നീതിപൂർവ്വകമായ ഉടമ്പടിയായിട്ടാണു് അതിനെ നിർദ്ദേശിച്ചതു്. ഇരുകക്ഷികൾക്കും തുല്യാവകാശങ്ങൾ നൽകിയിരുന്നു. നിസ്സാരമായ ഒരു വ്യത്യാസം മാത്രമേ സോവ്യററധികാരികൾ ആവശ്യപ്പെട്ടുള്ളു. റയിൽറോഡിൻെറ ജനറൽ മാനേജർ സോവ്യററു് പൗരനായിരിക്കണമെന്നായിരുന്നു അതു്. ഈ നിസ്സാരവ്യത്യാസത്തിൻെറ ഫലമാകട്ടെ, പ്രസ്തുത കമ്പനിക്കാര്യത്തിൽനിന്നു് ചൈനാക്കാരുടെ സകല സ്വാധീനശക്തിയും തട്ടിനീക്കുവാൻ പര്യാപ്തമായിരുന്നു! മഞ്ചൂറിയായിലെ ഈ മാതൃകതന്നെ ഉപഗ്രഹങ്ങളായ സകല രാജ്യങ്ങളിലും സ്വീകരിക്കണമെന്നു് മോസ്കോ നിശ്ചയിച്ചു. കിഴക്കെ ജർമ്മനിയുൾപ്പെടെ കിഴക്കൻ യൂറോപ്പിലെല്ലായിടത്തും സമ്മിശ്രക്കമ്പനികൾ കൂണുപോലെ മുളച്ചുവന്നു.

### ഹംഗറിയിൽ

അവിടത്തെ ഗവർമ്മെൻറും സോവ്യററുയൂണിയനും പങ്കായി ബോക്സൈററു് (Bauxite), എണ്ണ, ഇരുമ്പും ഉരുക്കും, കെമിക്കൽസു്, ഇലക്ട്രിസിററി, തീവണ്ടി, വിമാനം ഇവ സംബന്ധിച്ചുള്ള വ്യവസായങ്ങൾ നടത്തി. സോവ്യററുകാരുടെ ഭാഷയിൽ ഈ വ്യവസായങ്ങൾ മററുള്ളവയെ പിടിയിൽ വയ്ക്കത്തക്കവണ്ണം അത്ര വലിയ "ഉപരിസ്ഥിതങ്ങൾ" ആയിരുന്നു. തന്മൂലം ഹങ്കറിയുടെ രാഷ്ട്രീയനിയന്ത്രണം സോവ്യററുയൂണിയൻെറ കരങ്ങളിൽ ഒതുക്കിവയ്ക്കുവാൻ അവ പര്യാപ്തങ്ങളായി.

### രമേനിയായിൽ

അവിടെ 7 സമ്മിശ്രക്കമ്പനികളുണ്ടു്. ആകാശത്തിലേയും കടലിലേയും നദിയിലേയും കരയിലേയും ട്രാൻസ്പോർട്ടുകൾ, ബാങ്കിംഗു്, ചലച്ചിത്രങ്ങൾ, എണ്ണ ഈ വ്യവസായങ്ങളിലാണു് അവ ഏർപ്പെട്ടിരിക്കുന്നതു്. ഹംഗറിയിലെപ്പോലെ ഇവിടേയും സോവ്യററിൻെറ ഭാഗത്തുള്ള 50 ശതമാനം ഓഹരികൾ അവരുടെ സ്വന്തം വകയല്ല. അമേരിക്കാക്കാരുടേയും ബ്രിട്ടീഷുകാരുടേയും ഫ്റഞ്ചുകാരുടേയും വകയായിരുന്നതും, യുദ്ധകാലത്തും ഇപ്പോഴും ജർമ്മനിയുടെവകയെന്നു് അവകാശവാദം പറഞ്ഞു് നീക്കിവച്ചിട്ടുള്ളതുമായ "നാസികളുടെ വസ്തുക്കൾ" പ്രസ്തുത കമ്പനികൾ പിടിച്ചെടുത്തു. ആവകകൾ ഉൾക്കൊള്ളുന്നവയാണു് പ്രസ്തുത ഓഹരികൾ.

### പോളണ്ടിൽ

അവിടെ മോസ്കോയിൽനിന്നു തയ്യാറാക്കുന്ന പ്ലാൻ അനുസരിച്ചു് ഉരുക്കും കെമിക്കലും സിമൻറും ഫാക്ടറികൾ പുതുതായി നിർമ്മിക്കപ്പെടുന്നു.

### സ്ലോവാക്കിയായിൽ

മലാക്കി മുതൽ ആസ്ട്രിയായുടെ അതിർത്തിവരെ നീണ്ടുകിടക്കുന്ന പ്രദേശങ്ങളിൽ പുതിയ

---

പരിശുദ്ധാരൂപിയുടെയും, തിരുക്കുടുംബത്തിൻെറയും, അന്തോണീസുപുണ്യവാൻെറയും, വി. റീത്തായുടെയും, വിശുദ്ധ പത്താം പീയൂസിൻെറയും, വാഴ്ത്തപ്പെട്ട മാർട്ടിൻ ഡി പോറസിൻെറയും, പ്രത്യേക മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

M. J. V.

---

എണ്ണഖനികൾ 1950-ൽ കണ്ടുപിടിക്കപ്പെട്ടു. തൽക്ഷണം സോവ്യററു് പ്രതിനിധികൾ ഒരവകാശവാദം പ്രഖ്യാപിച്ചു. പുതിയ ഖനികൾ സോവ്യററു് നിയന്ത്രണത്തിൽ ഇരിക്കുന്ന ആസ്ട്രിയൻ എണ്ണഖനികളുടെ ശാഖകളാണെന്നും, തന്മൂലം അവയിൽ പ്രവർത്തനങ്ങൾ നടത്താൻ സോവ്യററുയൂണിയനു് അർഹതയുണ്ടെന്നുമായിരുന്നു അതു്. സെക്ക് ഭൂവിഭാഗത്തുള്ള യുറേനിയം ഖനികൾ 1945-ൽതന്നെ സോവ്യററു് ഏജൻസികൾ പിടിച്ചെടുത്തുകഴിഞ്ഞിരുന്നു.

### വിദൂരപൂർവ്വപ്രദേശങ്ങളിൽ

അവിടങ്ങളിലും ഇതേനയം തന്നെയാണു് സ്വീകരിച്ചുപോന്നതു്. അതിൻെറ വിവരങ്ങൾ കൂടുതൽ അജ്ഞാതങ്ങളായി വച്ചിരിക്കുന്നുവെന്നുമാത്രം. സിങ്കിയാംഗ് പ്രോവിൻസിൽ എണ്ണയുടേയും ചില ലോഹങ്ങളുടേയും വ്യവസായങ്ങൾ നടത്തുവാൻ സോവ്യററുകാരും ചൈനാക്കാരുമുൾപ്പെട്ട സമ്മിശ്രക്കമ്പനികൾ സ്ഥാപിച്ചിട്ടുണ്ടെന്നു് ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടുണ്ടു്. വടക്കെ കൊറിയായിലെ വ്യവസായവും ഇതേ രീതിയിലാണു് നടത്തുന്നതെന്നുള്ളതിനു് യാതൊരു സംശയവുമില്ല. മഞ്ചൂറിയായിലും സമ്മിശ്രക്കമ്പനിനയം സ്വീകരിക്കപ്പെടുമെന്നും തീർച്ചയാണു്.

### കിഴക്കെ ജർമ്മനിയിൽ

അവിടെയാണു് സമ്മിശ്രക്കമ്പനിനയം ഏററവും വിപുലമായ തോതിൽ പ്രയോഗിച്ചതു്. അവിടെ ഏററവും വലിയ വ്യവസായയൂണിററുകളിൽ 200 എണ്ണം സോവ്യററുകാർ ഏറെറടുക്കുവാൻ 1946-ൽതന്നെ തീരുമാനിച്ചു. ഓരോ യൂണിററും 30 ഗ്രൂപ്പുകളായും ഓരോ ഗ്രൂപ്പും ഓരോ വ്യവസായകോർപ്പറേഷനുകളായും സംവിധാനംചെയ്തു. ഈ കോർപ്പറേഷനുകളെ സാഗ് (SAG Sowjet Aktien-Gesellschaft) എന്നു വിളിക്കുന്നു. അവയിൽ സോവ്യററുഗവമ്മെൻറിൻെറ ഓഹരി 51 ശതമാനമെന്നും (കമ്മ്യൂണിസ്റ്റു നിയന്ത്രണത്തിലുള്ള) ജർമ്മൻ ഏജൻസികളുടേതു് 49 ശതമാനമെന്നും തീരുമാനിച്ചു. എന്നാൽ അവയിൽ 74 യൂണിററുകൾ ഭാരമേറിയവയും ആദായം കുറഞ്ഞവയും ആണെന്നു കണ്ടതിനാൽ ദേശീയ വ്യവസായം നിയന്ത്രിക്കുന്ന ജർമ്മൻ ഏജൻസികൾക്കു് അവയെ മടക്കിക്കൊടുക്കുവാൻ മോസ്കോ തീർച്ചയാക്കി. മടക്കിക്കൊടുത്തതു് ആ ഫാക്ടറികളുടെ ഏററവും വിലയേറിയ ഭാഗങ്ങൾ നീക്കംചെയ്തിട്ടതിനുശേഷമാണുതാനും. ബാക്കിയുള്ള 126 ജർമ്മൻ ഫാക്ടറികളുടെ ഭരണം നടത്തുന്നതു് സോവ്യററു് ഗവമ്മെൻറിൻെറ എം. വി. ടി. (MVT) എന്ന മന്ത്രിവകുപ്പാണു്. അവയുടെ ഭരണത്തിനായി പ്രസ്തുത വകുപ്പിലെ ഒരു ശാഖയെ പ്രത്യേകം നിയോഗിച്ചിരിക്കുന്നു. വിദേശങ്ങളിലുള്ളതും സകല സമ്മിശ്രക്കമ്പനികളേയും നിയന്ത്രിക്കുന്നതുമായ സോവ്യററുവസ്തുവകകളുടെ പൊതുവായ ഭരണം ഈ ശാഖയാണു് നടത്തുന്നതു്. കിഴക്കെ ജർമ്മനിയിൽ സോവ്യററു് നിയന്ത്രണത്തിലുള്ള വ്യവസായവിഭാഗത്തിലെ ഉല്പന്നങ്ങളിൽ കല്ക്കരിയുടെ 34 ശതമാനവും, ഇലക്ട്രിക്കു് പവ്വറിൻെറ 40 ശതമാനവും, എണ്ണയുടെ 82 ശതമാനവും ലോഹപ്പണിയുടേയും യന്ത്രനിർമ്മാണത്തിൻെറയും 34 ശതമാനവും, കെമിക്കൽസിൻെറ 52 ശതമാനവും, കണ്ണാടവ്യവസായത്തിൻെറ 26 ശതമാനവും ഉൾപ്പെടുന്നുണ്ടു്. പ്രസ്തുത സാഗ് കോർപ്പറേഷനുകളുടെ കീഴിൽ 3 ലക്ഷം ജർമ്മൻ തൊഴിലാളികൾ പണിയെടുക്കുന്നുണ്ടു്. 30 ഗ്രൂപ്പുകളുൾപ്പെട്ട ആ ഫാക്ടറികളുടെയെല്ലാം ആകെ ഉല്പാദനത്തിൻെറ വില ജർമ്മൻനാണയത്തിൽ 3,200,000,000 മാർക്കു്സു് (അമേരിക്കൻ നാണയത്തിൽ 800,000,000 ഡോളർ) ആണെന്നു കണക്കാക്കപ്പെടുന്നു.

ഈ സാമ്പത്തികചൂഷണത്തിൻെറ ഏർപ്പാടു് സോവ്യററുയൂണിയനു് അതിൻെറ ഉപഗ്രഹങ്ങളായ രാജ്യങ്ങൾ കൊടുത്തുകൊണ്ടിരിക്കുന്ന വലിയൊരു കപ്പമാണെന്നു പറയാം. അതിൻെറ കണക്കുകൾ ഇരുകക്ഷികളും പ്രസിദ്ധപ്പെടുത്താറില്ല. അവ ഏററവും വലിയ രാഷ്ട്രരഹസ്യമായി വച്ചിരിക്കുകയാണു്. എങ്കിലും ആഴ്ചതോറും അനേകം കപ്പലുകളും തീവണ്ടികളും പാശ്ചാത്യദേശത്തും പൗരസ്ത്യദേശത്തുമുള്ള ഉപഗ്രഹരാജ്യങ്ങളിലെ ജനങ്ങൾ ഉല്പാദിപ്പിക്കുന്ന വിഭവങ്ങളുടെ ഓഹരിയുംകയററി സോവ്യററു് നാട്ടിലേക്കു് പൊയ്ക്കൊണ്ടിരിക്കുന്നു. അവയുടെയെല്ലാം വില കണക്കാക്കുന്നപക്ഷം ഒരു കൊല്ലത്തിൽ അനേകം ബില്യൺ ഡോളറുകളായിരിക്കുമെന്നു തീർച്ചയാണു്.

(ഡേവിഡ് ഡാലിൻ എന്ന റഷ്യൻകാര്യവിദഗ്ദ്ധൻ 1951-ൽ പ്രസിദ്ധംചെയ്ത "പുതിയ സോവ്യററു് സാമ്രാജ്യം" എന്ന ഇംഗ്ലീഷ് ഗ്രന്ഥത്തിൽനിന്നു എടുത്തതാണു ഈ ലേഖനത്തിലെ വസ്തുതകളും കണക്കുകളും.)

—o—

Reg. M. No. 2293

# Sathya Deepam

Vol. 27 Ernakulam, June 30, 1954 No. 43

# —വിവിധവൃത്താന്തങ്ങൾ—

## മാർപ്പാപ്പായുടെ പഠനമുറിയുടെ ജനാലയിൽ

## ഉച്ചഭാഷിണി

റോമിൽ സെൻറ് പീറേറഴ്സ് സ്ക്വയറിൽ അനുദിനം തീർത്ഥകരും സന്ദർശകരുമായി തടിച്ചുകൂടുന്ന ജനാവലിയെ പരിശുദ്ധ മാർപ്പാപ്പാ ദിവസത്തിൽ രണ്ടും മൂന്നും പ്രാവശ്യം അവിടുത്തെ പഠനമുറിയുടെ ജനാലയ്ക്കൽ പ്രത്യക്ഷപ്പെട്ടു സന്ദർശനമനുവദിച്ചും വാഴ്വുനൽകിയും സംതൃപ്തരാക്കി മടക്കി വിടുകയാണല്ലോ ചെയ്തുകൊണ്ടിരിക്കുന്നതു്. എന്നാൽ ആ അവസരങ്ങളിലും അവരോടു എന്തെങ്കിലും അല്പം പൈതൃകമായി സംസാരിക്കുന്നതിനും അവിടുത്തെ ആശിസ്സിന്റെ സ്വരം അവർക്കു കേൾക്കുമാറാക്കുന്നതിനും വേണ്ടി ഇപ്പോൾ ആ ജനാലയിൽതന്നെ ഒരു ഉച്ചഭാഷിണിയന്ത്രം ഘടിപ്പിച്ചിരിക്കുന്നു. നേരിട്ടുള്ള സന്ദർശനങ്ങൾ നടത്തുന്നതിനു പരിശുദ്ധപിതാവിന്റെ ആരോഗ്യസ്ഥിതി ഇനിയും തൃപ്തികരമായിട്ടില്ലാത്തതുകൊണ്ടാണു് ഈ പദ്ധതി സ്വീകരിച്ചിരിക്കുന്നതു്.

## പുതിയ ചാൻസലർ നിയമിതനായി

തിരുസഭാകാര്യങ്ങളുടെ ചാൻസലർസ്ഥാനത്തേക്കു അത്യുന്നത കർദ്ദിനാൾ കൊൺസ്റ്റന്തീനി തിരുമനസ്സുകൊണ്ടു നിയമിതനായിരിക്കുന്നു. പേപ്പൽ ബൂളകൾ തയാറാക്കുക, പുതിയ രൂപതകളും ചാപ്റററുകളും സ്ഥാപിക്കുക മുതലായ അത്യന്തം ഗൗരവാവഹങ്ങളായ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ജോലിയാണു് ഈ സ്ഥാനത്തോടനുബന്ധിച്ചിട്ടുള്ളതു്. 1942-ൽ അത്യുന്നതകർദ്ദിനാൾ ബോജിയാനി മരിച്ചതിൽപിന്നെ ഈ സ്ഥാനം ഒഴിഞ്ഞുകിടക്കുകയായിരുന്നു.

## സംഗീതവിദഗ്ദ്ധൻ

## ബഹുമതിമുദ്ര

ഇഗോർ സ്ട്രാവിൻസ്കി എന്നു പേരായ സംഗീതവിദഗ്ദ്ധനു് കഴിഞ്ഞ മാസത്തിൽ റോയൽ ഫിൽ ഹാർമോണിക്ക് സൊസൈററി അദ്ദേഹത്തിന്റെ സംഗീതവൈദഗ്ദ്ധ്യത്തെ അംഗീകരിച്ചു ഒരു സ്വർണ്ണമെഡൽ സമ്മാനിച്ചിരിക്കുന്നു. അദ്ദേഹം ഫെസ്റ്റിവൽ ഹാൾ സംഗീതസദസ്സിൽ നടത്തിയ പ്രകടനത്തിൽ ആംഗ്ലേയ സംഗീതവിദഗ്ദ്ധന്മാർ സംതൃപ്തരാവുകയും സർ ആർതർ ബ്ളിസ്സ് സൊസൈററിയുടെ പേരിൽ ബഹുമതിമുദ്ര നൽകുകയുമാണുണ്ടായതു്. സ്ട്രാവിൻസ്കിയുടെ സംഗീതങ്ങൾ സംഗീതകലയിലെ ഒരു ഇടത്തൂടായിട്ടാണു് ഇത്രകാലവും ഗായകന്മാർ കണക്കാക്കിയിരുന്നതു്. അദ്ദേഹത്തിന്റെ ഗാനങ്ങൾ പ്രാചീനകലാബോധത്തെ വളരെ ആദരിക്കുന്നവയാണെങ്കിലും അധുനാതനമായ ഒരു ശൈലി അതിലുണ്ടു്.

1913-ൽ അദ്ദേഹം രചിച്ച "ദി റൈററ് ഓഫ് സ്പ്രിംഗ്" എന്ന ഗാനം അന്നു പാരീസിൽ ഒരു വിപ്ലവംതന്നെ സംജാതമാക്കി. ചിലർ അതിനെ വാനോളം പുകഴ്ത്തുകയും മററു ചിലർ അതിനെ നിശ്ശേഷം അപലപിക്കുകയും ചെയ്തു. ഇന്നാകട്ടെ പ്രസ്തുത ഗാനം എല്ലാവരാലും ഒരുപോലെ ബഹുമാനിക്കപ്പെടുന്നു. സ്ട്രാവിൻസ്കി റഷ്യൻ ഓർത്തഡോക്സ് സഭയിൽപെട്ട ഒരാളായിരുന്നു. പിന്നീടദ്ദേഹം കത്തോലിക്കാവിശ്വാസം സ്വീകരിച്ചു. അതിനു ശേഷം 1948-ൽ അദ്ദേഹം അതിവിദഗ്ദ്ധമായവിധത്തിൽ ദിവ്യബലിയിലെ ഗാനങ്ങൾ ക്രോഡീകരിച്ചിട്ടുണ്ടു്.

## 77 മാർപ്പാപ്പാമാർ വിശുദ്ധന്മാരുടെ

## പട്ടികയിൽ

വിശുദ്ധനായി പ്രഖ്യാപനം ചെയ്യപ്പെട്ടിട്ടുള്ള 77-ാമത്തെ മാർപ്പാപ്പായാണു് പത്താംപീയൂസ്. 313-ൽ മിലാൻ ഈഡിക്ട് മൂലം തിരുസഭയ്ക്കു സ്വാതന്ത്ര്യം നൽകപ്പെട്ടതുവരെ തിരുസഭയെ ഭരിച്ചിട്ടുള്ള 32 മാർപ്പാപ്പാമാരും വിശുദ്ധന്മാരാണു്. അവരിൽ 29 പേർ രക്തസാക്ഷികളാണു്. 313 മുതൽ 1000-ാമാണ്ടുവരെ സഭാഭരണം നടത്തിയ 108 പേരിൽ 41 പേർ വിശുദ്ധന്മാരാണു്. അതിൽ രണ്ടു പേർ രക്തസാക്ഷികളത്രെ. ആയിരാമാണ്ടു മുതൽ ഇന്നുവരെ 4 പേർ പേരുവിളിക്കപ്പെട്ടിട്ടുണ്ടു്.

## കർദ്ദിനാൾ ലെപ്പീസിയേയുടെ

## ശരീരാവശിഷ്ടം

"പരിശുദ്ധകന്യകമറിയത്തിന്റെ കർദ്ദിനാൾ" എന്നറിയപ്പെട്ടിരുന്ന അത്യുന്നതകർദ്ദിനാൾ ലെപ്പീസിയെ തിരുമനസ്സിലെ അവശിഷ്ടങ്ങൾ റോമൻസെമിനാരിയിൽനിന്നു വി. മർച്ചെല്ലൂസിന്റെ ദേവാലയത്തിൽ സജ്ജമാക്കിയ പുതിയ കല്ലറയിലേക്കു മാററി സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അന്നാണു് കർദ്ദിനാൾ അംഗമായിരുന്ന സെർവൈററുസഭക്കാർ അവരുടെ സഭയുടെ ഔദ്യോഗികമായ ജൂബിലിതീർത്ഥാടനം സെൻറു മേരി മേജർ ബസ്സിലിക്കായിലേക്കു നടത്തിയതു്. കേരള സുറിയാനി ഹയരാർക്കി സ്ഥാപിച്ചുകൊണ്ടുള്ള ബൂള പരസ്യപ്പെടുത്തുന്നതിനു മാർപ്പാപ്പായുടെ പ്രതിനിധിയായി വന്നിരുന്നതു തിരുമേനിയാണല്ലോ. അമേരിക്കൻ ഐക്യനാടുകളിൽ ആഘോഷിക്കപ്പെട്ട ചരിത്രപ്രസിദ്ധമായ മരിയൻ കോൺഗ്രസ്സിലും കർദ്ദിനാൾ തിരുമേനി പേപ്പൽ പ്രാതിനിദ്ധ്യം വഹിച്ചിട്ടുണ്ടു്.

## സ്വർണ്ണവിഗ്രഹം

ഡയൊക്ലീഷ്യൻ ചക്രവർത്തിയുടെ കാലത്തു് ക്രൊമേഷ്യസ് റോമിലെ പ്രോകോൺസലായിരുന്നു. അദ്ദേഹത്തിനു ഒരു തീരാവ്യാധി പിടിപെട്ടു വലയുകയിൽ വിശുദ്ധ സെബസ്ത്യാനോസിന്റെ അത്ഭുതപ്രവർത്തനങ്ങൾ കേൾക്കാനിടയായി. വിശുദ്ധനെ ആളയച്ചുവരുത്തി, തന്റെ വ്യാധി സുഖപ്പെടുത്തുകയാണെങ്കിൽ താനും ക്രിസ്തുമതം സ്വീകരിച്ചുകൊള്ളാമെന്നു വാക്കുകൊടുത്തു.

"നിന്റെ ഭവനങ്ങളിലുള്ള വിഗ്രഹങ്ങളെല്ലാം നശിപ്പിക്കുക. അപ്പോൾ നീ സുഖം പ്രാപിക്കും" എന്നായിരുന്നു സിദ്ധന്റെ മറുപടി.

ഏതാനും ദിവസങ്ങളുടെശേഷം ക്രൊമേഷ്യസ് പുണ്യവാനെ വീണ്ടും ആളയച്ചുവരുത്തി. "അങ്ങു ആജ്ഞാപിച്ചപ്രകാരം ഞാൻ ചെയ്തിട്ടും എന്റെ വ്യാധി നീങ്ങിയിട്ടില്ലെന്നു മാത്രമല്ല, വർദ്ധിക്കയാണു ചെയ്തിരിക്കുന്നതു്."

"ഇല്ല. വിഗ്രഹങ്ങളെല്ലാം നിങ്ങൾ നശിപ്പിച്ചിട്ടില്ല." വിശുദ്ധൻ പ്രതിവചിച്ചു.

"ഞാൻ ഏററം വിലമതിക്കുന്ന ഒരു ചെറിയ സ്വർണ്ണവിഗ്രഹം മാത്രമേ ഞാൻ സൂക്ഷിച്ചിട്ടുള്ളൂ."

"അതും തകർത്തു കളയാതെ നിങ്ങൾ സുഖം പ്രാപിക്കുന്നതല്ല." വിശുദ്ധൻ തീർത്തുപറഞ്ഞു. "ഒരു പാപം പരിത്യജിക്കാതെ വച്ചുകൊണ്ടു മറെറല്ലാം ഉപേക്ഷിച്ചാലും പാപമോചനം സിദ്ധിക്കുന്നതല്ല."

ഗത്യന്തരമില്ലാതെ ക്രൊമേഷ്യസ് ആ സ്വർണ്ണവിഗ്രഹവും തകർത്തു. പൂർണ്ണസുഖപ്രാപ്തനാകുകയും ചെയ്തു.

## നരകസ്മരണ

പ്രസിദ്ധനായ ഒലിമ്പിയൻ എന്ന ആശ്രമാധിപൻ ദുസ്സഹമായ സൂര്യാതപം തട്ടുന്ന ഇടുങ്ങിയ ഒരു മുറിയിലാണു താമസിച്ചിരുന്നതു്. പലതരം ചെറുപുഴുക്കളും അതിലുണ്ടായിരുന്നു. ഇത്ര നികൃഷ്ടമായ ഈ മുറിയിൽ പാർക്കുന്നതെങ്ങനെയെന്നു കൂട്ടുകാർ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "എനിക്കിതു വളരെ പ്രയോജനകരമാകുന്നുണ്ടു്. കുടുസ്സായ ഈ മുറി നിത്യശിക്ഷ അനുഭവിക്കുന്നവരുടെ കാരാഗൃഹത്തെ എന്നെ ഓർപ്പിക്കുന്നു. ഉഗ്രമായ വെയിൽ നരകത്തിലെ കെടാത്ത അഗ്നിയെ അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഒരിക്കലും ചാകാത്ത അവിടുത്തെ പുഴുക്കളുടെ ഓർമ്മ ഈ ജന്തുക്കൾവഴിയായി എപ്പോഴും എനിക്കുണ്ടാകുന്നു."

## ബന്ധിതനായ കർദ്ദിനാൾ

## ദീനക്കിടക്കയിൽ

പോളണ്ടിലെ പ്രൈമേററായ കർദ്ദിനാൾ വിഷിൻസ്കി കഴിഞ്ഞ സെപ്ററംബറിൽ അറസ്റ്റു ചെയ്യപ്പെട്ടശേഷം അദ്ദേഹത്തെപ്പററി കമ്മ്യൂണിസ്റ്റുകൾ വിവരങ്ങളൊന്നും പുറത്തുവിടാതിരിക്കുകയായ[illegible]ല്ലോ. അദ്ദേഹം ഇപ്പോൾ [illegible]മായവിധം രോഗബാധിതനായിരിക്കുകയാണെന്നും അദ്ദേഹത്തെ സൂക്ഷിച്ചിരുന്ന അജ്ഞാതസങ്കേതത്തിൽനിന്നും ഞിയെൻസ്റ്റോയിലുള്ള ഒരു ചെറിയ സന്യാസമന്ദിരത്തിലേക്കു ഇപ്പോൾ മാററപ്പെട്ടിരിക്കുകയാണെന്നും അറിയുന്നു. രഹസ്യപ്പോലീസിന്റെ അതിനിഷ്കർഷമായ സൂക്ഷത്തിലാണു് തിരുമേനി ഇപ്പോഴും ഇരിക്കുന്നതു്.

## വി. 10-ാംപീയൂസിന്റെ

## തിരുശരീരം

നാമകരണാനന്തരം മേരിമേജർ ബസ്സിലിക്കായിലേക്കു ആഘോഷമായി കൊണ്ടുപോയിരുന്ന പത്താംപീയൂസ് തിരുമനസ്സിലെ തിരുശരീരം അവിടത്തെ ത്രിദിനാചരണത്തിനുശേഷം സെൻറ് പീറേറഴ്സിലേക്കു് ആഡംബരപൂർവ്വം മടക്കിക്കൊണ്ടുവന്നിരിക്കുന്നു. കത്തോലിക്കാ പ്രവർത്തനസംഘടനകളുടെ 2000 പ്രതിനിധികൾ ഘോഷയാത്രയിൽ പന്തങ്ങൾ കത്തിച്ചുപിടിച്ചു അണിനിരന്നിരുന്നു. 24 പോലീസുമേധാവികൾ മോട്ടോർസൈക്കിളുകളിൽ അകമ്പടിനിന്നു. മേരിമേജർ ബസ്സിലിക്കായിൽ 5 ലക്ഷത്തിൽപ്പരം ആളുകൾ തിരുശരീരം ദർശിച്ചു.

തിരുശരീരം വെനീസിൽ സ്ഥിരമായി നിക്ഷേപിക്കപ്പെടുമെന്നുണ്ടായിരുന്ന വാർത്ത അടിസ്ഥാനരഹിതമാണെന്നു ഇപ്പോൾ തെളിവാക്കപ്പെട്ടിരിക്കുന്നു. എന്നാൽ തിരുശരീരം ഒരുപക്ഷെ, അടുത്ത ഹേമന്തകാലത്തു വെനീസിലേക്കു കൊണ്ടുപോയേക്കാം. അതു പഴയ സ്ഥാനത്തുതന്നെയാണ് സ്ഥിരമായി പ്രതിഷ്ഠിക്കപ്പെടുക.

## ലീജ്യൻ ഓഫ് മേരി

## ചൈനയിൽ

ചൈനയിലെ കമ്മ്യൂണിസ്റ്റുമർദ്ദനത്തിനു വിധേയരായി 1000 ത്തിൽപ്പരം "ലീജ്യൻ ഓഫ് മേരി" സംഘാംഗങ്ങൾ വധിക്കപ്പെടുകയും 10,000 ത്തിൽപ്പരംപേർ ബന്ധനസ്ഥരാക്കപ്പെടുകയും ചെയ്തിട്ടുണ്ടെന്നു് ലണ്ടനിൽ ലീജ്യന്റെ രജതജൂബിലി ആഘോഷിച്ച അവസരത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. ലീജ്യന്റെ സെൻട്രൽ കൗൺസിലിന്റെ അസിസ്റ്റൻറ് സിക്രട്ടറിയാണു് പ്രസ്തുത സമ്മേളനത്തിൽ ചൈനയിൽ കമ്മ്യൂണിസ്റ്റുമർദ്ദനത്തെ ചെറുത്തുനില്ക്കുന്ന ലീജ്യന്റെ ചരിത്രത്തെ വിശദീകരിച്ചുപ്രസംഗിച്ചതു്. ചൈനയിലെ പേപ്പൽ നൺഷിയോ പ്രസ്താവിച്ചതു്, അവിടെ കമ്മ്യൂണിസ്റ്റുകൾ വൈദികരെ മുഴുവൻ തുരത്തിയെന്നിരുന്നാലും ലീജ്യൻ അവിടത്തെ മതവിശ്വാസത്തെ നിലനിർത്തിക്കൊള്ളുമെന്നാണു്.

## രോഗികളുടെ പുതിയ

## അപ്പസ്തോലൻ

ജർമ്മനിയിലുള്ള പാഡർബോൺ രൂപതയിൽപ്പെട്ട റവ. ഫാ. കെസ്സിംഗ് രോഗികളുടേയും വൃദ്ധന്മാരുടേയും ഇടയിൽ ഒരു പുതിയ അപ്പസ്തോലവേല ആരംഭിച്ചിരിക്കുന്നു. അദ്ദേഹം രണ്ടു പെട്ടികളും എടുത്തു ഒരു ചെറിയ സാധാരണകാറിൽ കയറി ചുററിസഞ്ചരിക്കുകയാണു്. അതിൽ ഒരു പെട്ടിയിൽ വൈദികകർമ്മങ്ങൾക്കുവേണ്ട സാധനങ്ങളും മറേറതിൽ മാജിക്കുവിദ്യകൾ കാണിക്കുന്നതിനുവേണ്ട ഉപകരണങ്ങളുമാണു്. ഓരോ സ്ഥലത്തുചെന്നു രോഗികളേയും വൃദ്ധജനങ്ങളേയും ഒന്നിച്ചുകൂട്ടി അവർക്കുവേണ്ടി ദിവ്യബലി അർപ്പിക്കുന്നു. തുടർന്നു ഒരു രണ്ടു മണിക്കൂർനേരത്തെ മാജിക്കുപ്രദർശനമാണു്. അദ്ദേഹം വിദഗ്ദ്ധനായ ഒരു മാജിക്കുകളിക്കാരനാണു്. എല്ലാവരും ആനന്ദതുന്ദിലരും കൃതാർത്ഥരുമായി മടങ്ങുകയും ചെയ്യുന്നു.

—o—

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

